## ഐക്യജനാധിപത്യ മുന്നണി സർക്കാർ 5-ാം വർഷത്തിലേയ്ക്ക് കടന്നിരിക്കുന്നു.

കഴിഞ്ഞ നാലു വർഷങ്ങളിൽ സർക്കാർ കൈവരിച്ച നേട്ടങ്ങൾ അനവധിയാണ്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അടിത്തറ പാകിയതാണ് എടുത്തുപറയത്തക്ക കാര്യം. വികസന സങ്കല്പത്തിനുതന്നെ മാറ്റം വന്നു. നിക്ഷേപത്തിനെതിരായ നിലപാടുകൾ പഴങ്കഥയായി. ഐ.ടി. അധിഷ്ഠിത വ്യവസായ നയം പരക്കെ അംഗീകരിക്കപ്പെട്ടു. കൊച്ചിയിലെ നിർദ്ദിഷ്ഠ സ്മാർട്ട് സിറ്റി കേരളത്തിന്റെ മുഖച്ഛായ മാറ്റും. ലോകശ്രദ്ധ ആകർഷിക്കുന്ന ത്വരിത വികസന സംരംഭങ്ങൾക്കാണ് കേരളം വേദിയാകാൻ പോകുന്നത്.

ഇച്ഛാശക്തിയുള്ള ഒരു സർക്കാരിൽ ജനങ്ങൾ പ്രതീക്ഷയർപ്പിച്ചിരിക്കുന്നു. കഴിഞ്ഞ നാലുവർഷത്തെ ഭരണം എതിരാളികളിൽ പോലും മതിപ്പുളവാക്കി. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ നേട്ടങ്ങളിൽ ഏതാനും ചിലതാണ് ഇവിടെ വിവരിക്കുന്നത്.

### വികസനം മുഖ്യ അജണ്ട

- മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ്
- 30000 കോടി രൂപയുടെ നിക്ഷേപം.
- നിക്ഷേപാനുകൂല സാഹചര്യം സൃഷ്ടിച്ചു.
- സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് മോചനം.
- ചരിത്രത്തിലെ ഏറ്റവും വലിയ നിക്ഷേപ സീസൺ
- വികസനത്തിന്റെ അടിസ്ഥാന ശിലയായി ജിം.
- വല്ലാർപാടം പദ്ധതിക്ക് തുടക്കം
- കളമശ്ശേരിയിലും കാക്കാഞ്ചേരിയിലും പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുമതി.
- പി.എസ്.സി. മുഖേന 100906 പേർക്ക് നിയമനം.
- പരാതികൾക്ക് സത്വര പരിഹാരവുമായ് സുതാര്യ കേരളം.
- കാർഷിക പരമ്പരാഗത മേഖലയിൽ പുത്തനുണർവ്
- സുനാമി പുനരധിവാസം ശരവേഗത്തിൽ
- പ്രകൃതി ദുരന്തം നേരിടാൻ പ്രത്യേക വകുപ്പും നിയമവും.
- അഴിമതി വിരുദ്ധ പോരാട്ടം ശക്തം.
- ആദിവാസി ഭൂമി വിതരണം ത്വരിതപ്പെടുത്തി.
- കണ്ണൂർ വിമാനത്താവളത്തിന് തത്വത്തിൽ കേന്ദ്രാനുമതി.
- സേവന പ്രദാന പദ്ധതി വ്യാപകമാക്കി.
- പദ്ധതിനടത്തിപ്പ് അവലോകനത്തിന് പ്രത്യേക വകുപ്പ്
- പൊതുജന സമ്പർക്കപരിപാടിയിൽ 1.23 ലക്ഷം പേരെ മുഖാമുഖം കണ്ടു.
- നൂറുദിന കർമപരിപാടി ലക്ഷ്യം കവിഞ്ഞു.
- 315 പ്രോജക്ടുകൾ നടപ്പിലാക്കുന്ന ഒരു വർഷ കർമ പരിപാടി മുന്നോട്ട്.
  കായംകുളം തെർമൽ പ്ലാന്റിന്റെ രണ്ടാംഘട്ടം തുടങ്ങി.
  വിഴിഞ്ഞം തുറമുഖ നിർമാണത്തിന് നടപടി.
- സാമൂഹികമായി വികാസം നേടിയ സംസ്ഥാനങ്ങളിൽ കേരളം ഏറ്റവും മുന്നിലാണ്.
- ഇന്ത്യയിലെ ഏറ്റവും മികച്ച 10 ജില്ലകളിൽ എട്ടെണ്ണവും കേരളത്തിലാണ്; കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം, തൃശൂർ. പത്തിൽ മറ്റൊരു ജില്ല മാഹിയാണ്.
- ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്ന ജനങ്ങളുടെ എണ്ണം ഏറ്റവും കുറവുള്ള മൂന്നാമത്തെ സംസ്ഥാനം കേരളം.

### പൊലീസ്

- ശക്തമായ ബീറ്റ് സമ്പ്രദായം.
- സാമൂഹ്യവിരുദ്ധരുടെ വിവരം ക്രൈം റിക്കോർഡ്സിൽ ക്രോഡീകരിക്കുന്നു.
- എല്ലാ പൊലീസ് ജില്ലകളിലും ഗുണ്ടാവിരുദ്ധ സ്ക്വാഡ്
- പൊലീസ് സ്റ്റേഷനുകളിൽ പരാതിക്കാർക്ക് ഇരിപ്പിട സൗകര്യം.
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയാൻ കർശന നടപടി.
- എല്ലാ പൊലീസ് സ്റ്റേഷനുകളിലും വനിതാ ഡെസ്കുകൾ.
- പൊതുജനപരാതികൾ ഡി.ജി.പി. ഉൾപ്പെടെ ഉന്നത ഓഫീസർമാരോട് നേരിട്ട് പറയാൻ സംവിധാനം.
- തീരദേശ സംരക്ഷണത്തിന് കേരള മറൈൻസ് എന്ന പ്രത്യേക പൊലീസ് സേനാവിഭാഗം.
- നാലു വർഷക്കാലയളവിൽ 528 സബ്ഇൻസ്പെക്ടർമാർക്കും, 7123 കോൺസ്റ്റബിൾമാർക്കും, 2176 വനിതാ പോലീസ് കോൺസ്റ്റബിൾമാർക്കും നിയമനം.

### ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ്

- ഔദ്യോഗിക വെബ് പോർട്ടൽ നിലവിൽ വന്നു. മന്ത്രിമാർക്കും സെക്രട്ടറിമാർക്കും ഇ-മെയിൽ സൗകര്യം.
- മുഖ്യമന്ത്രിയുടെ സുതാര്യകേരളം പരിപാടി ആരംഭിച്ചു.
- പ്രശസ്തരെക്കുറിച്ചുള്ള ഡോക്യുമെന്ററി പരമ്പരയിൽ 28 എണ്ണം പൂർത്തിയാക്കി.
- എല്ലാ ജില്ലകളെക്കുറിച്ചും ഡോക്യുമെന്ററി തയ്യാറാക്കി.
- വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾക്ക് കൂടുതൽ പ്രചാരം നേടിയെടുത്തു.
  ആധുനിക സൗകര്യങ്ങളുള്ള പി.ആർ. ചേംബറും എഡിറ്റ്സ്യൂട്ടും നിർമിച്ചു.

### പ്രവാസി കേരളീയ കാര്യം

- പ്രവാസികൾക്ക് സ്വാശ്രയ സുരക്ഷാപദ്ധതി
- വിദേശ മലയാളി സഹകരണത്തോടെ എന്റെ ഗ്രാമം എന്റെ സ്വപ്നം പദ്ധതി.
- വ്യാജ റിക്രൂട്ടിങ്ങിന് എതിരെ മോണിട്ടറിങ് കമ്മിറ്റി.
- കൊച്ചിയിൽ വിദേശ തൊഴിൽ പരിശീലനത്തിന് എസ്.സി.എം.എസ് ഫിനിഷിംങ് സ്കൂൾ.
- തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾ.
- ഗൾഫ് മലയാളികളുടെ സ്വപ്നമായിരുന്ന ചെലവ് കുറഞ്ഞ സർവീസ്, എയർ ഇന്ത്യാ ബജറ്റ് എക്സ്പ്രസ്സിന് തുടക്കം.

### വിവരസാങ്കേതികം

- 2001-ൽ ഐ.ടി. നയ പ്രഖ്യാപനം.
- ടെക്നോപാർക്ക് സി.എം.എം. ലെവൽ 4 നേടുന്ന രാജ്യത്തെ പ്രഥമ പാർക്കായി.
- ടെക്നോപാർക്കിൽ 75 കമ്പനികൾ, 7500 ജീവനക്കാർ.
- ഇൻഫോപാർക്ക് കൊച്ചിയിൽ 2003-ൽ തുടങ്ങി.
- കൊച്ചിയിൽ 400 ഏക്കറിൽ ദുബായ് ഇന്റർനെറ്റ് സിറ്റിയുടെ സ്മാർട്ട് സിറ്റി പണിയാൻ അംഗീകാരം.
- സ്മാർട്ട്സിറ്റിയിൽ 2000 കോടി രൂപയുടെ നിക്ഷേപം. 33,000 പേർക്ക് തൊഴിൽ.
- സംശയനിവാരണത്തിന് സിറ്റിസൺ കോൾസെന്റർ.
- അക്ഷയ പദ്ധതി വിവരസാങ്കേതികത സാധാരണക്കാരനിലെത്തിച്ചു.
- ഏഴു ജില്ലകളിൽ കൂടി അക്ഷയ പദ്ധതി വ്യാപിപ്പിക്കുന്നു.
- മലപ്പുറം പ്രഥമ കമ്പ്യൂട്ടർ സാക്ഷര ജില്ല.



### ഭക്ഷ്യം

- ഭക്ഷ്യധാന്യങ്ങൾക്ക് ഉയർന്ന ഗുണനിലവാരം
- പുതുതായി 123 മാവേലി സ്റ്റോറുകൾ
- 155 ലാഭം മാർക്കറ്റുകൾ

# ബഹുദൂരം അതിവേഗം



**ഐക്യജനാധിപത്യമുന്നണി സർക്കാർ**
**അഞ്ചാം വർഷത്തിൽ**

- 17 മാവേലി മെഡിക്കൽ സ്റ്റോറുകൾ
- 1500 റേഷൻ കടകൾ ശബരി സ്റ്റോറുകളാക്കി
- അന്ത്യോദയ പദ്ധതിയിൽ 233600 ഗുണഭോക്താക്കൾ കൂടി
- സേവനപ്രദാന പദ്ധതി 69 സപ്ലൈ/റേഷനിംഗ് ഓഫീസുകളിൽ
- കോന്നിയിൽ ഭക്ഷ്യ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
- സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇ-ടെൻഡറിംഗ്



## പട്ടികജാതി/വർഗ വികസനം

- പട്ടികജാതിക്കാർക്കുള്ള ഭവന നിർമാണ ധനസഹായം 35,000 രൂപയിൽ നിന്ന് 70,000 രൂപയാക്കി.
- 20,375 വീടുകൾക്ക് ധനസഹായം.
- ഭൂരഹിതരായ 20,000 പട്ടിക ജാതിക്കാർക്ക് ഭവന നിർമാണ ത്തിന് ഭൂമി ലഭ്യമാക്കി.
- കോഴിക്കോട്ട് സെന്റർ ഫോർ എക്സലൻസ്.
- ഭൂരഹിതരും നാമമാത്ര ഭൂമിയുള്ളവരുമായ മുഴുവൻ ആദിവാ സികൾക്കും ഒന്നു മുതൽ അഞ്ചേക്കർ വരെ ഭൂമി നൽകാൻ നടപടി.
- കണ്ണൂരിലെ ആറളംഫാം വിലയ്ക്കെടുത്ത് പകുതിഭാഗം ആദി വാസികൾക്ക് വിതരണത്തിന് നടപടി.
- ഭവനരഹിത പട്ടികവർഗക്കാർക്കായി 4000 വീടുകൾ.
- 300 പേരെ ഫോറസ്റ്റ് ഗാർഡുമാരായി നിയമിച്ചു.
- 100 പട്ടികവർഗ സങ്കേതങ്ങൾ വൈദ്യുതീകരിച്ചു.
- 50 കോളനികളിൽ കുടിവെള്ളം.
- 50 ദുർഘട സങ്കേതങ്ങളിൽ റോഡ് സൗകര്യം.

### സാംസ്കാരികം

- ശ്രീനാരായണ പഠന തീർത്ഥാടന കേന്ദ്രം തുടങ്ങി.
- കേരളീയ നൃത്ത നാട്യ പുരസ്കാരം
- അവശകലാകാര പെൻഷനിൽ വർധന
- താളിയോല ദൃശ്യവത്കരണ മൊഴിമാറ്റ പദ്ധതി

### യുവജനക്ഷേമ ബോർഡ്

- യുവജനങ്ങൾക്ക് അപ്ലൈഡ് ടെക്നോളജിയിൽ പരിശീലനം.
- സ്തുത്യർഹമായ സേവനം നടത്തുന്ന യൂത്ത് ക്ലബുകൾക്ക് ധനസഹായം.
- ദേശീയോദ്ഗ്രഥന സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ യുവജന ക്യാമ്പുകൾ.



## വൈദ്യുതി

- വൈദ്യുതി വിതരണം തടസ്സമില്ലാതെ.
- 2002 ന് ശേഷം നിരക്ക് വർദ്ധിപ്പിച്ചില്ല.
- 674.24 ദശലക്ഷം വൈദ്യുതിയുടെ അധിക ഉത്പാദനം.
- 16 ലക്ഷം കണക്ഷൻ നൽകി; 189157 കണക്ഷൻ ദാരിദ്ര്യരേ ഖയ്ക്ക് താഴെയുള്ളവർക്ക്.
- പ്രസരണ നഷ്ടം കുറച്ചു.
- 3264 കിലോമീറ്റർ 11 കെ.വി. ലൈൻ സ്ഥാപിച്ചു.
- ബോർഡിന്റെ റവന്യൂ കമ്മി കുറഞ്ഞു.



## തൊഴിൽ രംഗം

- മോട്ടോർ വർക്ഷോപ്പ്, അലക്ക്, ബാർബർ തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി.
- തൊഴിൽ സ്തംഭനത്തിന് പരിഹാരം.
- സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം നടപ്പായി.
- തൊഴിൽ നിയമങ്ങളിൽ കാലാനുസൃത ഭേദഗതി.
- വയനാട്ടിലെ നാലു തോട്ടങ്ങൾ വീണ്ടും തുറന്നു.
- 5341 തൊഴിൽ തർക്കങ്ങൾ തീർപ്പായി.



## മത്സ്യബന്ധനം

- തീരസുരഭി പദ്ധതി നടപ്പാക്കി.
- സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 27 കോടി രൂപ വിതരണം ചെയ്തു.
- മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കാൻ 28 കോടി രൂപ.
- മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റായി 18 കോടി നൽകി.
- ഒരു മീനും ഒരു നെല്ലും പദ്ധതി 255 ഹെക്ടറിൽ നടപ്പാക്കി.
- അലങ്കാര മത്സ്യക്കൃഷിയിൽ പരിശീലനം.



## കൃഷി

- വികസന സന്ദേശവുമായി കിസാൻ കേരള പദ്ധതി.
- ഔഷധ സസ്യങ്ങൾക്ക് ഹെർബൽ ബയോവാലി.
- നെൽകൃഷി വികസനത്തിന് ബഹുമുഖ പദ്ധതികൾ.
- 158 ലക്ഷത്തോളം തെങ്ങുകൾക്ക് വള പ്രയോഗം.
- 100 ജൈവവള യൂണിറ്റുകൾ തുടങ്ങി.
- കാർഷിക മൊത്ത വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചു.
- ന്യായവില ഉറപ്പാക്കാൻ സംഘമൈത്രി പദ്ധതി.
- കയർ വിപണനത്തിന് 8 കോടിയുടെ പ്രത്യേക ഫണ്ട്.



## വ്യവസായം

- നിക്ഷേപം ആകർഷിക്കുന്നതിന് ജിം നടത്തി.
- ജിം ലെ 96 പദ്ധതികൾക്ക് ധാരണാപത്രം ഒപ്പിട്ടു.
- കൊച്ചിയിൽ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനൽ.
- 19 വ്യവസായ ക്ലസ്റ്ററുകൾക്ക് അംഗീകാരം.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് 1380 കോടി.
- കൊച്ചിയിൽ എൽ.എൻ.ജി. ടെർമിനലിന്റെ നിർമാണം 2008-ൽ പൂർത്തിയാക്കും.
- 5819 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് 74.88 കോടി രൂപ സബ്സിഡി നൽകി.
- 196 വ്യവസായ സംരംഭകത്വ വികസന ക്ലബുകൾ ആരംഭിച്ചു.
- മേനംകുളത്ത് അപ്പാരൽ പാർക്ക്, ട്രെയിനിംഗ് & ഡിസൈൻ സെന്റർ, വിമൻസ് ഹോസ്റ്റൽ.
- കഴക്കൂട്ടത്ത് ഫിലിം & വീഡിയോ പാർക്ക്.
- കാക്കഞ്ചേരി, അടൂർ എന്നിവിടങ്ങളിൽ ഭക്ഷ്യ സംസ്ക്കരണ പാർക്ക്.
- കളമശ്ശേരിയിൽ ബയോടെക്നോളജി പാർക്ക്.
- ഐരാപുരത്ത് റബ്ബർ പാർക്ക്, ആലപ്പുഴയിൽ സീ ഫുഡ് പാർക്ക്.
- കൊരട്ടിയിൽ ആയുർവേദ വ്യവസായ ക്ലസ്റ്റർ.
- കണ്ണൂരിൽ ടെക്സ്റ്റൈൽ സെന്റർ.

## സാമൂഹ്യക്ഷേമം

- ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്കോളർഷിപ്പ് 900 രൂപയാക്കി.
- വികലാംഗദുരിതാശ്വാസ നിധിയിൽ നിന്ന് 74.37 ലക്ഷം രൂപ ചികിത്സാ സഹായം നൽകി.
- 536 പേർക്ക് സ്ഥിര നിയമനം.
- തിരുവനന്തപുരത്ത് വൃദ്ധമന്ദിരം. ആശാഭവനുകൾ സ്ഥാപിച്ചു.



## തദ്ദേശസ്വയംഭരണം

- തദ്ദേശസ്ഥാപനങ്ങൾക്ക് കൂടുതൽ വിഭവം.
- ആശ്രയ അഗതി പുനരധിവാസ പദ്ധതി വ്യാപകമാക്കി.
- അയൽക്കൂട്ടങ്ങൾക്ക് 1004 കോടി വായ്പ.
- നഗരാസൂത്രണം ശാസ്ത്രീയമാക്കി.
- ക്ലീൻ കേരള മിഷൻ ആരംഭിച്ചു.
- പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.
- സേവനപ്രദാന പദ്ധതി നടപ്പാക്കി.



## റവന്യു

- റവന്യു പിരിവിൽ വർധന
- 20561 പട്ടയം വിതരണം ചെയ്തു.
- ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് രൂപീകരിച്ചു.
- വക്കീൽ ഗുമസ്തൻമാർക്ക് ക്ഷേമനിധി.
- അഭിഭാഷക ക്ഷേമനിധി തുക മൂന്നു ലക്ഷമാക്കി.
- ലീഗൽ ബനിഫിറ്റ് ഫണ്ട് രൂപീകരിച്ചു.

## ഭവനനിർമാണം

- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ 55.23 കോടി രൂപ കുടിശിക സമാഹരിച്ചതു വഴി 15000 ആളുകൾക്ക് പ്രയോജനം ലഭിച്ചു.
- തിരുവല്ലാ, അടൂർ, ചങ്ങനാശ്ശേരി, കോതമംഗലം റവന്യൂ ടവറുകൾ പൂർത്തിയാക്കി.
- വായ്പാ റിക്കവറിയിൽ 300 ശതമാനം വരെ വർദ്ധനവ്.
- മൈത്രീ ഭവന പദ്ധതിയിൽ 300.8 കോടി രൂപ സബ്സിഡി നൽകി.
- ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കൺസൽട്ടൻസി സേവനങ്ങൾ നല്കുന്നതിന് 20 കോടി രൂപയുടെ ജോലികൾ ഏറ്റെടുത്തു.
- ലക്ഷംവീട് നവീകരണ പദ്ധതിക്ക് 361 കോടിരൂപയുടെ പദ്ധതി ആവിഷ്കരിച്ചു പ്രവർത്തനം തുടങ്ങി.
- തിരുവനന്തപുരം കവടിയാറിൽ 60 കോടി രൂപ ചെലവു വരുന്ന ഹാബിറ്റാറ്റ് സെന്റർ.



## വിദ്യാഭ്യാസം

- എസ്.എസ്.എൽ.സി. യ്ക്ക് പുതിയ പാഠ്യ പദ്ധതി
- ഗ്രേഡിംഗ് പദ്ധതി വൻവിജയം
- ഇൻഫർമേഷൻ ടെക്നോളജി 13-ാമത് വിഷയമായി.
- എല്ലാ സ്കൂളുകളിലും വൈദ്യുതി എത്തിച്ചു.
- താമരശ്ശേരി വിദ്യാഭ്യാസ ജില്ല രൂപീകരിച്ചു.
- 65 കോളേജുകൾക്ക് അക്രഡിറ്റേഷൻ ലഭിച്ചു.
- കുട്ടികളുടെ ലൈബ്രറി പ്രവർത്തനം തുടങ്ങി



## മരാമത്ത്

- 60 പ്രധാന റോഡുകളും 60 പ്രധാന പട്ടണങ്ങളും നിർമിച്ചു.
- 10772 ഗ്രാമീണ റോഡുകൾ ജില്ലാ റോഡുകളാക്കി.

ഹിൽഹൈവേ നിർമാണത്തിന് തുടക്കമിട്ടു.

- എരുമേലി റിംഗ് റോഡുകളുടെ പണി തുടങ്ങി.
- ശബരിമല റോഡുകൾക്ക് മികച്ച പരിപാലനം.
- 983.3 കി.മീ. ദേശീയപാതയുടെ നിലവാരം മെച്ചപ്പെടുത്തി.
- 50 റയിൽവേ മേൽപ്പാല നിർമാണത്തിന് അനുമതി ലഭിച്ചു.



## സഹകരണം

- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കി.
- 514271 പേർക്ക് ഇതിന്റെ ഗുണം ലഭിച്ചു.
- 1251.86 കോടി രൂപ സംഘങ്ങൾക്ക് പിരിഞ്ഞുകിട്ടി.
- പലിശനിരക്കിൽ കുറവു വരുത്തി.
- വായ്പാ ആശ്വാസമായി ഗഹാൻ പദ്ധതി നടപ്പാക്കി.
- സഹകരണ പെൻഷൻ വ്യാപിപ്പിച്ചു.
- തുറമുഖവികസനത്തിന് ഉയർന്ന പരിഗണന.



## ആരോഗ്യം

- സ്വാശ്രയ മേഖലയിൽ അഞ്ച് മെഡിക്കൽകോളേജ്.
- പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ചു.
- ഔഷധസംഭരണ നയം പ്രഖ്യാപിച്ചു.
- കേരള ഹാർട്ട് ഫൗണ്ടേഷൻ രൂപീകരിച്ചു.
- ആരോഗ്യവകുപ്പിൽ 627 ഡോക്ടർമാർക്ക് നിയമനം.
- 138 ആരോഗ്യസ്ഥാപനങ്ങൾക്ക് 48 കോടി ധനസഹായം.



## ഗതാഗതം

- 820 ഹൈടെക് ഉൾപ്പെടെ 1116 പുതിയ ബസുകൾ നിരത്തിലിറക്കി.
- 320 ഷെഡ്യൂളുകൾ പുതുതായി തുടങ്ങി.
- കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന വരുമാനത്തിൽ വർധന.
- സ്പെഷ്യൽ സർവീസിന്റെ അധിക ചാർജ് പിൻവലിച്ചു.
- കുമളിയിൽ സബ്ഡിപ്പോ തുടങ്ങി.
- കെ.എസ്.ആർ.ടി.സി.യിൽ 4874 പേർക്ക് നിയമനമായി.

### കെ.ടി.ഡി.എഫ്.സി.

- വാഹനവായ്പ നൽകുന്നതിൽ റെക്കോർഡ് നേട്ടം.
- സർക്കാർ ജീവനക്കാർക്കായി 'ഐശ്വര്യ ഗൃഹ' എന്ന ഭവന വായ്പാ പദ്ധതി ആരംഭിച്ചു.

### ജലഗതാഗതം

- സാഗരറാണി ഉല്ലാസ്ബോട്ട് നവീകരിച്ച് സർവീസ് ആരംഭിച്ചു.



## ജലവിഭവം

- ഭൂജലസംരക്ഷണത്തിന് നിയമം നിർമിക്കാൻ നടപടി.
- ഭൂജല സമ്പത്തിന്റെ ഡാറ്റാബേസ്.
- കൃത്രിമ ഭൂജല സംപോഷണ പദ്ധതി ആവിഷ്കരിച്ചു.
- സ്വജൽധാര പദ്ധതിപ്രകാരം 262 പദ്ധതികൾക്ക് അംഗീകാരം.
- മഴവെള്ള സംഭരണത്തിന് വിപുല പരിപാടി.
- 1208 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കി.

### വനം

- മതികെട്ടാനിൽ ദേശീയോദ്യാനം
- എറണാകുളത്ത് മംഗളവനം സങ്കേതം
- പാർപ്പിട വനവത്കരണ പദ്ധതി വിപുലമാക്കി.



## ഗ്രാമവികസനം

- 85192 പേർക്ക് സ്വയംതൊഴിൽ സഹായം നല്കി.
- ഇന്ദിരാ ആവാസ് യോജന പ്രകാരം 88689 വീടുകൾ നിർമിച്ചു.
- 10 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്കരിച്ചു.



## ധനകാര്യം


- കാര്യക്ഷമമായ ധനകാര്യ മാനേജ്മെന്റ് - ഓരോ വകുപ്പിനും അനുവദിച്ച തുക പരമാവധി ചെലവഴിച്ചു.
- ട്രഷറി നിയന്ത്രണത്തിൽ അയവു വരുത്തി; എല്ലാ ദിവസവും ട്രഷറിയിൽ പണമിടപാടുകൾ.
- ദേശീയ സമ്പാദ്യപദ്ധതി ഏജന്റുകൾക്ക് അലവൻസായി 120 കോടി വിതരണം ചെയ്തു.
- ക്ഷേമനിധി മുഖേന ഏജന്റുമാർക്കുള്ള വായ്പാ പരിധി ഉയർത്തി.
- വിദ്യാർത്ഥികൾക്ക് സഞ്ചയികയ്ക്ക് പുറമെ റെക്കറിംഗ് ഡെപ്പോസിറ്റ് സ്കീം ഏർപ്പാടാക്കി.

### ഇൻഷ്വറൻസ്

- 1000 കോടി രൂപയുടെ അധിക വരുമാനം.
- സുനാമി ദുരിതബാധിതർക്ക് 11 ലക്ഷം രൂപ നൽകി.
- സുനാമി ദുരന്തത്തിൽ മരിച്ച സ്കൂൾ ടീച്ചറുടെ അവകാശികൾക്ക് ഒരുലക്ഷം രൂപ നൽകി.
- എം.എ.സി.റ്റി. കോടതികളിലുണ്ടായ 139 കേസുകൾക്ക് അദാലത്ത് വഴി തീർപ്പു കൽപ്പിച്ചു.
- രണ്ട് ലക്ഷത്തിലധികം പേർക്ക് ഇൻഷ്വറൻസ് സ്കീം അംഗത്വം.

### എക്സൈസ്

- തൃശ്ശൂരിൽ എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്റർ.
- എല്ലാ ജില്ലകളിലും എക്സൈസ് ഇന്റലിജൻസ് ആന്റ് ഇൻവസ്റ്റിഗേഷൻ ബ്യൂറോ.
- മദ്യവർജന ബോധവത്കരണത്തിന് പ്രചാരണം.
- ചാരായനിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട 4102 തൊഴിലാളികളെ സംസ്ഥാനത്തെ വിവിധ കള്ളു ഷാപ്പുകളിൽ നിയമിക്കാൻ നടപടി.



## ടൂറിസം

- ടൂറിസത്തിന് നിരവധി ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ കേരളത്തിന്.
- സൂപ്പർ ബ്രാന്റ് ലിമിറ്റഡ് ഇന്ത്യയിലെ ഏറ്റവും ഉയർന്ന നൂറു ബ്രാന്റുകളിൽ ഒന്നായി കേരളത്തെ ഉൾപ്പെടുത്തി.
- ടൂറിസം വിഷൻ പുറത്തിറക്കി.
- ടൂറിസത്തിന് അനുയോജ്യമായ സ്ഥലങ്ങൾ സംരക്ഷിക്കാൻ ടൂറിസം ബില്ല് പാസാക്കി.
- എട്ടു ലക്ഷത്തോളം പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നു.
- ആറു ജില്ലകളിൽ മലബാർ ടൂറിസം പദ്ധതി.
- ആലപ്പുഴയുടെ ഗതകാല സ്മരണ ഉണർത്തുന്ന കനാൽ സൗന്ദര്യവത്കരണത്തിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ചു.
- ഡിസ്കവറി ചാനലിൽ ചിത്രീകരിക്കപ്പെട്ട ഒരേ ഒരു ഇന്ത്യൻ സംസ്ഥാനവും കേരളം.
- കായൽ ടൂറിസത്തിന് പ്രത്യേക പദ്ധതി.
- ആലപ്പുഴ, തണ്ണീർമുക്കം, ചേറ്റുവ, വാടിക്കൽ, നീലേശ്വരം എന്നിവിടങ്ങളിൽ ഹൗസ് ബോട്ട് ടെർമിനൽസ്. കുമരകം ടെർമിനൽസ് പണി പൂർത്തീകരിച്ചു.
- പരമ്പരാഗത മേഖലയുടെ സംരക്ഷണം ലക്ഷ്യമിട്ട് ഫോർട്ട് കൊച്ചിയിലും മട്ടാഞ്ചേരിയിലും നടത്തുന്ന പ്രവൃത്തികൾ പൂർത്തിയായി.
- വിനോദ സഞ്ചാര വികസനത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് എന്റെ ഗ്രാമം-സൗഹാർദഗ്രാമം പദ്ധതി.

### ദേവസ്വം

- ശബരിമല വികസനത്തിന് 19.426 ഹെക്ടർ വനഭൂമി ലഭ്യമാക്കി.
- ഗുരുവായൂരിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്താൻ നടപടി. ■

## ഈറ്റവെട്ട് – പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വേതന വർദ്ധന

ബാംബു കോർപ്പറേഷന്റെ കീഴിൽ ജോലി ചെയ്യുന്ന ഈറ്റവെട്ട്-പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 10 മുതൽ 12 ശതമാനം വരെ വേതന വർദ്ധന നൽകാൻ ധാരണയായി.

വേതന വർദ്ധന അടക്കം വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് മേഖലയിലെ തൊഴിലാളികൾ ഏതാനും ദിവസങ്ങളായി നടത്തി വരുന്ന സമരത്തിന്റെ പശ്ചാത്തലത്തിൽ വ്യവസായമന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ് തൊഴിലാളി പ്രതിനിധികളുമായി നടത്തിയ ചർച്ചകളെ തുടർന്നാണ് തീരുമാനം.

സംസ്ഥാനത്തൊട്ടാകെ 15000ത്തോളം തൊഴിലാളി കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. മെയ് ആറ് മുതൽ വേതനവർദ്ധനവ് പ്രാബല്യത്തിൽ വന്നു.

ബാംബു കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റവെട്ട്-പനമ്പ്നെയ്ത്ത് തൊഴിലാളികളുടെ കുടുംബങ്ങൾക്ക് രണ്ടുമാസത്തേക്ക് ആഴ്ചയിൽ അഞ്ച് കിലോ അരി വീതം സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്.

ഈറ്റവെട്ട്-പനമ്പ്നെയ്ത്ത് തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ഏപ്രിൽ 26ന് വ്യവസായ മന്ത്രി ബന്ധപ്പെട്ടവരുമായി നടത്തിയ ചർച്ചകളെ തുടർന്ന് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നതു വരെ ബാംബു കോർപ്പറേഷൻ നേരത്തെ നൽകിയിരുന്ന രീതിയിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമെന്നും കോർപ്പറേഷന്റെ പുനരുദ്ധാരണത്തിന് വേണ്ടി പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഒരു സമിതിയെ സർക്കാർ നിയോഗിക്കുമെന്നും പുനരുദ്ധാരണ പാക്കേജ് രണ്ടുമാസത്തിനുള്ളിൽ സർക്കാരിലേക്ക് സമർപ്പിക്കാൻ നിർദ്ദേശിക്കുമെന്നും തീരുമാനിച്ചിരുന്നു. വേതന വർദ്ധനവ് സംബന്ധിച്ച് കൂടിയ യോഗത്തിൽ തീരുമാനമായതിനെ തുടർന്ന് ഈ മേഖലയിൽ നടന്നുവരുന്ന സമരത്തിന് പരിഹാരമായി.

## ക്ഷേമനിധി ബോർഡുകൾ കുറ്റമറ്റതാക്കും

തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കി വേഗത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇപ്പോഴുണ്ടാകുന്ന കാലതാമസം ഒഴിവാക്കി അപേക്ഷ ലഭിച്ച് ഒരു മാസത്തിനുള്ളിൽ ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ കമ്പ്യൂട്ടർവത്കരണം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് തൊഴിൽ മന്ത്രി പറഞ്ഞു.

ക്ഷേമനിധി ബോർഡിൽ ഇനിയും അംഗത്വമെടുക്കാത്ത തൊഴിലാളികളെ അംഗങ്ങളാക്കാൻ സംവിധാനമുണ്ടാക്കും. തൊഴിലാളികൾക്കുള്ള ഭവനപദ്ധതി ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കും.

നിർമാണതൊഴിലാളി മേഖലയിൽ അനുദിനമുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് തൊഴിലാളികളെ സജ്ജീകരിക്കുവാനായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കും. നിർമാണ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരണമായി തൊഴിലാളികളും മാറ്റത്തിന് തയ്യാറാകണമെന്ന് മന്ത്രി പറഞ്ഞു.

വിവാഹ ധനസഹായം, പെൻഷൻ, പ്രസവാനുകൂല്യം, ചികിത്സാ സഹായം എന്നിവയ്ക്കായി 2004 ഡിസംബർ 31 വരെ അപേക്ഷിച്ചവർക്ക് തുക വിതരണം ചെയ്തു. 85 ലക്ഷം രൂപയുടെ സാമ്പത്തിക സഹായമാണ് വിതരണം ചെയ്തത്.

## കാൾ സെന്റർ നിലവിൽ വന്നു



സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനുള്ള സംവിധാനം നിലവിൽ വന്നു. തിരുവനന്തപുരത്ത് പാളയം സാഫല്യം കോംപ്ലക്സിൽ കാൾ സെന്ററിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിച്ചു.

റവന്യൂ, സിവിൽ സപ്ലൈസ്, മോട്ടോർ വെഹിക്കിൾസ്, വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി, സർവകലാശാലകൾ എന്നിവയാണ് ആദ്യഘട്ടമായി കോൾ സെന്ററിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ വകുപ്പുകളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചുള്ള സംശയങ്ങൾക്ക് സെന്ററിൽ നിന്ന് മറുപടി ലഭിക്കും. ഇതിനു പുറമേ വിവിധ സർക്കാർ പദ്ധതികൾ, ക്ഷേമ ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും ലഭിക്കും.

155300 നമ്പരിൽ രാവിലെ 9 മണിമുതൽ രാത്രി 7 മണിവരെ മറുപടി ലഭിക്കും. കേരളത്തിൽ എവിടെനിന്നു വിളിച്ചാലും ലോക്കൽ കാൾ നിരക്കു മാത്രമേ ബാധകമാവുകയുള്ളൂ. കോൾ സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള മികച്ച ഡേറ്റാബേസ് സജ്ജമാക്കിയിട്ടുണ്ട്. ഒരേസമയം 10 പേർക്ക് മറുപടി നൽകാനുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ/അയൽക്കൂട്ടം എന്നിവയിൽ നിന്ന് തെരഞ്ഞെടുത്ത് പരിശീലനം നല്കിയ 10 പേരുടെ സേവനം സെന്ററിൽ ലഭ്യമാക്കിയിട്ടുണ്ട്.

## സംഭരിച്ച മുഴുവൻ നെല്ലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങും

സംസ്ഥാനത്തെ സൊസൈറ്റികൾ സംഭരിച്ച മുഴുവൻ നെല്ലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി എഫ്.സി.ഐയ്ക്ക് കൈമാറും. ഇതു സംബന്ധിച്ച വിശദാംശങ്ങൾ കേന്ദ്ര കൃഷിമന്ത്രി ശരദ് പവാറുമായി മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും ഭക്ഷ്യമന്ത്രി അടൂർ പ്രകാശും ഡൽഹിയിൽ ചർച്ച നടത്തി.

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കോൺഫറൻസ് ഹാളിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് ഇത് സംബന്ധിച്ച തീരുമാനം എടുത്തത്.

മെയ് മൂന്നുവരെ 40,000 ടൺ നെല്ലാണ് കിലോയ്ക്ക് 7.50 രൂപ നിരക്കിൽ സൊസൈറ്റികൾ സംഭരിച്ചത്. ഇതിൽ നിന്നും 68 ശതമാനം അരി ലഭിക്കും. സിവിൽസപ്ലൈസ് കോർപ്പറേഷൻ നെല്ല് അരിയാക്കി നൽകുമ്പോൾ ഒരു കിലോ അരിക്ക് 13.15 രൂപ ചെലവാകും. എന്നാൽ കിലോയ്ക്ക് 10.44 രൂപയ്ക്ക് അരി എടുക്കാമെന്നാണ് എഫ്.സി.ഐ. നിർദേശിച്ചത്. ഈ അന്തരം പരിഹരിക്കുന്നത് സംബന്ധിച്ചാണ് ഡൽഹിയിൽ ചർച്ച നടത്തിയത്.



നെല്ല് സംഭരണം സംബന്ധിച്ച് കർഷകർക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താനാണ് സർക്കാർ ശ്രമിക്കുന്നത്. വരും വർഷങ്ങളിലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ച് എഫ്.സി.ഐയ്ക്ക് നൽകും. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റേത് അനുഭാവപൂർവമായ നിലപാടാണെന്നും ഭക്ഷ്യമന്ത്രി പറഞ്ഞു.

ധനകാര്യമന്ത്രി വക്കം പുരുഷോത്തമൻ, കൃഷിമന്ത്രി കെ.ആർ. ഗൗരിയമ്മ, കാർഷിക ഉത്പാദന കമ്മീഷണർ മാത്യു സി. കുന്നുങ്കൽ, ധനകാര്യ സെക്രട്ടറി ജോസ് സിറിയക്, സിവിൽസപ്ലൈസ് സെക്രട്ടറി ഷീലാ തോമസ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എം. ഡി. ഡോ. ജേക്കബ് തോമസ് തുടങ്ങിയവരും യോഗത്തിൽ സംബന്ധിച്ചു.

## ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ഇൻഷ്വറൻസ്

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കെല്ലാം ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്താനും കഴിഞ്ഞ 10 വർഷത്തെ പഞ്ചായത്തീരാജ് പ്രവർത്തനം പുനരവലോകനം ചെയ്യാനും ആസൂത്രണ ബോർഡ് യോഗം തീരുമാനിച്ചു.

പുന:സംഘടിപ്പിച്ച ആസൂത്രണ ബോർഡിന്റെ ആദ്യ യോഗമാണ് ഈ തീരുമാനമെടുത്തത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വർക്കു 300 രൂപ വീതം ഇൻഷ്വറൻസ് പ്രീമിയം നൽകാനുള്ള കേന്ദ്ര പദ്ധതിയുടെ ചുവടുപിടിച്ചാണ് സംസ്ഥാനത്തിന്റെ ഇൻഷ്വറൻസ് പദ്ധതിയെന്ന് ഉപാദ്ധ്യക്ഷൻ സി.വി. പത്മരാജൻ അറിയിച്ചു. ബാക്കി എത്ര തുക വരുമെന്നും മറ്റുമുള്ള വിശദാംശം തീരുമാനിക്കേണ്ടതുണ്ട്. സെപ്തംബർ മുതലാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. ജനസംഖ്യയുടെ 37% ദാരിദ്ര്യരേഖയ്ക്ക് താഴെയാണെന്നു കണക്കാക്കുന്നു.

ജനകീയാസൂത്രണവും കേരളവികസന പദ്ധതിയും ഉൾപ്പെടെ കഴിഞ്ഞ 10 വർഷത്തെ പഞ്ചായത്തീരാജ് പ്രവർത്തനം വിലയിരുത്താൻ തുടങ്ങി. എന്തൊക്കെ നേട്ടങ്ങൾ, കോട്ടങ്ങൾ എങ്ങനെ മെച്ചമാക്കാം എന്നീ കാര്യങ്ങൾ അവലോകനം ചെയ്തു രണ്ടുമാസത്തിനകം റിപ്പോർട്ടു ലഭ്യമാക്കും. അടുത്ത പഞ്ചായത്ത് തെരഞ്ഞെടുപ്പിനു മുമ്പ് ഇതേക്കുറിച്ചുള്ള ചിത്രം വ്യക്തമാവും.

കല്ലട ജലസേചനപദ്ധതി കോടികൾ മുടക്കിയശേഷം ദേശീയനഷ്ടമായി തുടരുന്നതൊഴിവാക്കാൻ പദ്ധതി പൂർത്തിയാക്കാനാവുമോ എന്നു പരിശോധിക്കും. എത്ര തുക കൂടി ചെലവിട്ടാൽ കനാൽ പൂർത്തിയാക്കി ജലസേചനം നടത്താൻ കഴിയുമെന്ന് പരിശോധിക്കും.

തന്റെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സംഘം പദ്ധതിപ്രദേശം സന്ദർശിക്കുമെന്ന് പത്മരാജൻ പറഞ്ഞു. മൂവാറ്റുപുഴ വാലി, ഇടമലയാർ തുടങ്ങിയ ജലസേചന പദ്ധതികളും ഇങ്ങനെ പഠനവിധേയമാക്കും. അട്ടപ്പാടിയിലെ പരിസ്ഥിതി സംരക്ഷണ നീർത്തട വികസന പദ്ധതിയും തുടർന്നു പ്രവർത്തിപ്പിക്കാൻ ആസൂത്രണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

വിദേശധനസഹായമുള്ള പദ്ധതികളുടെ പ്രവർത്തനവും വിലയിരുത്തി. ലോക ബാങ്ക് സഹായമുള്ള കെ.എസ്.ടി.പി. പദ്ധതിക്കു ഭൂമി ഏറ്റെടുക്കലിനുള്ള തടസ്സങ്ങൾ നീക്കും.

ജപ്പാൻ ശുദ്ധജല പദ്ധതിക്കുള്ള സ്ഥലമെടുപ്പും ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തും. പൈപ്പിട്ട ശേഷം റോഡ് പൂർവ സ്ഥിതിയിലാക്കാൻ വകുപ്പുകളെ ചുമതലപ്പെടുത്തും.

സംസ്ഥാനം രൂപീകൃതമായിട്ട് 2006 നവംബർ ഒന്നിന് 50 വർഷം തികയുന്നതിനാൽ 2005 നവംബർ ഒന്നു മുതൽ ഒരു വർഷത്തേക്ക് ആഘോഷ പരിപാടികൾ നടപ്പാക്കും. പദ്ധതികൾക്കായി പണം ചെലവഴിക്കുന്നതും ലക്ഷ്യങ്ങൾ നേടുന്നതും സംബന്ധിച്ച് വിടവുണ്ടെന്ന് യോഗം വിലയിരുത്തി. ഇത് പരിഹരിക്കും. ഫണ്ടിന്റെ അഭാവം കേന്ദ്ര ഫണ്ട് നേടിയും സ്വകാര്യ പൊതു പങ്കാളിത്തത്തിൽ കൂടിയും പരിഹരിക്കും.

സംസ്ഥാന പദ്ധതി 2004 - 2005 ൽ 90% ലക്ഷ്യം കൈവരിച്ചെന്നും ഉപാധ്യക്ഷൻ അറിയിച്ചു. അടങ്കൽ 15% വെട്ടിക്കുറച്ചശേഷമുള്ള കണക്കാണിത്. 94% വരെ ലക്ഷ്യം നേടുമെന്നാണ് കരുതപ്പെടുന്നത്. ഇക്കൊല്ലത്തെ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കും. പദ്ധതി നിർവഹണ പുരോഗതി ജൂൺ മുതൽ പ്രതിമാസം അവലോകനം ചെയ്യും.

വിദ്യാഭ്യാസ രംഗത്തു ഗുണനിലവാരം ഉയർത്തണമെന്നും ദാരിദ്ര്യനിർമാർജനത്തിലും തൊഴിലവസരസൃഷ്ടിയിലും ഊന്നിയുള്ള ആസൂത്രണം നടത്തണമെന്നും യോഗം തീരുമാനിച്ചു. പുതിയ വികസന രേഖ മുഖ്യമന്ത്രിക്കു നൽകി. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പുതിയ അംഗങ്ങളായ ജി.വിജയരാഘവൻ, മോഹൻ ഗോപാൽ, ഫിലിപ്പോസ് തോമസ് എന്നിവരും സി.പി.ജോൺ, മന്ത്രിമാരായ കെ.എം.മാണി, വക്കം പുരുഷോത്തമൻ, ഇ.ടി. മുഹമ്മദ് ബഷീർ, കെ.ആർ. ഗൗരിയമ്മ, എം.കെ. മുനീർ എന്നിവരും പങ്കെടുത്തു.

## സുനാമി: എല്ലാവർക്കും വീട്

സുനാമി ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട എല്ലാവർക്കും വീട് വച്ച് നൽകുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. കൊല്ലം ജില്ലയിൽ 2349 വീടുകളാണ് നിർമിക്കുക. കേരള ധീവരസഭ നൽകിയ നിവേദനം സംബന്ധിച്ച് സെക്രട്ടേറിയറ്റിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വീട് പൂർണമായും ഭാഗികമായും നഷ്ടപ്പെട്ടവർക്ക് വീട് നൽകും. ഭിത്തികൾക്ക് ബലക്ഷയം സംഭവിച്ച വീടുകൾക്ക് പകരവും വീട് നൽകും. ജില്ലയിൽ അവസാനം അംഗീകരിച്ച ലിസ്റ്റിന് പുറമേ ആയിരം പേർ കൂടി അപേക്ഷ നൽകിയിട്ടുണ്ട്. ഇത് പരിശോധിച്ച് അർഹരായ കുടുംബങ്ങളെ തെരഞ്ഞെടുക്കാൻ മുഖ്യമന്ത്രി ജില്ലാ കളക്ടർക്ക് നിർദേശം നൽകി.

ദുരന്തം സംഭവിച്ച സ്ഥലത്തിന്റെ ഒന്നര കിലോമീറ്റർ ചുറ്റളവിൽ ആദിനാട്, ക്ലാപ്പന, കുലശേഖരപുരം, ഓച്ചിറ എന്നിവിടങ്ങളിലാണ് വീടുകൾ നിർമിക്കുക. ഇതിനായി 19 ഏക്കർ സ്ഥലം എടുത്തു കഴിഞ്ഞു. രണ്ടുതരത്തിലുള്ള വീടുകളാണ് വയ്ക്കുക. ഗുണഭോക്താവിന്റെ സമ്മതത്തോടുകൂടി മാത്രമെ ഏതുതരം വീടാണ് നിർമിക്കേണ്ടതെന്ന് തീരുമാനിക്കൂ. 430 ചതുരശ്ര അടിയാണ് ഓരോ വീടിന്റെയും വിസ്തീർണം.

രാജീവ്ഗാന്ധി പുനരധിവാസ പദ്ധതി പ്രകാരം തൊഴിലുപകരണങ്ങൾ വാങ്ങാൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ട തുക ലഭ്യമാക്കും. മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ ലംപ്സംഗ്രാന്റ് കുടിശ്ശിക കൊടുത്തു തീർക്കും.

റവന്യു മന്ത്രി കെ.എം.മാണി, വൈദ്യുതിമന്ത്രി ആര്യാടൻ മുഹമ്മദ്, ഫിഷറീസ് മന്ത്രി ഡൊമനിക് പ്രസന്റേഷൻ, പിന്നൊക്ക പട്ടിക സമുദായക്ഷേമ മന്ത്രി എ.പി.അനിൽകുമാർ, ധീവരസഭ സെക്രട്ടറി വി. ദിനകരൻ, സംഘടനാ ഭാരവാഹികൾ, കൊല്ലം ജില്ലാ കളക്ടർ ബി. ശ്രീനിവാസൻ, ആലപ്പുഴ ജില്ലാ കളക്ടർ കെ.ആർ. മുരളീധരൻ, വിവിധ വകുപ്പ് മേധാവികൾ എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

## പഞ്ചരത്നങ്ങളുടെ അമ്മയ്ക്ക് ജോലി

കടക്കെണിയിൽ അകപ്പെട്ട് ജീവനൊടുക്കിയ പോത്തൻകോട് പഞ്ചരത്നയിൽ പ്രേംകുമാറിന്റെ വിധവ രമാദേവിക്ക് തിരുവനന്തപുരം സഹകരണ ബാങ്കിൽ ജോലി നൽകി. നിയമന ഉത്തരവ് സഹകരണ തുറമുഖ മന്ത്രി എം.വി. രാഘവൻ രമയ്ക്ക് കൈമാറി.



ഉത്ര, ഉത്രജ, ഉത്രജൻ, ഉത്തര, ഉത്തമ എന്നീ കുട്ടികളുടെ പിതാവായ പ്രേംകുമാറിന്റെ മരണം നാടിനെയാകെ ദുഖത്തിലാഴ്ത്തിയതാണ്. ആ കുടുംബത്തെ സഹായിക്കാനായി പ്രേംകുമാറിന് സഹകരണ ബാങ്കിലുണ്ടായിരുന്ന കടബാധ്യത മുഴുവൻ എഴുതിത്തള്ളാൻ സഹകരണ മന്ത്രി ഉത്തരവിട്ടിരുന്നു. പ്രേംകുമാറിന്റെ വിധവയ്ക്ക് ജില്ലാ സഹകരണ ബാങ്കിൽ ജോലി നൽകുമെന്നും മന്ത്രി പ്രഖ്യാപിച്ചിരുന്നു.

ഇതനുസരിച്ച് രമാദേവിയെ നിയമിക്കാനായി സഹകരണ രജിസ്ട്രാർ ജില്ലാ സഹകരണ ബാങ്കിൽ പുതിയൊരു തസ്തികയ്ക്ക് പ്രത്യേക അനുമതി നൽകി. പ്രീഡിഗ്രി വരെ പഠിച്ച രമാദേവിയെ പ്യൂൺ തസ്തികയിലാണ് നിയമിച്ചിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കിന്റെ പോത്തൻകോട് ശാഖയിലാണ് നിയമനം.

മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ ജില്ലാ ബാങ്ക് പ്രസിഡന്റ് പി. വിജയദാസ്, ഡയറക്ടർ ബോർഡ് അംഗങ്ങൾ രമാദേവിയുടെ ബന്ധുക്കൾ തുടങ്ങിയവർ സംബന്ധിച്ചു.



എയർ ഇന്ത്യാ എക്സ്പ്രസിന്റെ ആദ്യ വിമാനത്തിൽ അബുദാബിയിലെത്തിയ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെയും മറ്റും അബുദാബി സിവിൽ ഏവിയേഷൻ ചെയർമാൻ ശൈഖ് അഹമ്മദ് ബിൻ സൈഫിന്റെ നേതൃത്വത്തിൽ സ്വീകരിക്കുന്നു.

# പ്രവാസികൾക്ക് പ്രത്യാശ

പി. റ്റി. ചാക്കോ

പ്രവാസി ഇന്ത്യക്കാരുടെ നീണ്ട മുപ്പതു വർഷത്തെ നിരന്തരമായ ആവശ്യങ്ങൾക്ക് അംഗീകാരമായി നിരക്കു കുറഞ്ഞ എയർ ഇന്ത്യ എക്സ്പ്രസ് ഏപ്രിൽ 29ന് അബുദാബിയിൽ പറന്നിറങ്ങി. 179 യാത്രക്കാരുമായി പ്രവാസി ഹൃദയങ്ങളിലേക്ക് പറന്നിറങ്ങിയ കന്നിവിമാനത്തെ ആഹ്ലാദാരവത്തോടെ അവിടെ കൂടിയിരുന്ന നൂറു കണക്കിനാളുകൾ വരവേറ്റു.

ബജറ്റ് എയർലൈനിൽ നിലവിലുള്ളതിന്റെ പകുതി നിരക്കിൽ 30 ശതമാനം സീറ്റാണ് നീക്കിവച്ചിരിക്കുന്നത്. 181 സീറ്റുകളിൽ 60 സീറ്റുകൾ ഇങ്ങനെ പകുതി നിരക്കിലാകും ലഭിക്കുക. ബാക്കി 30 ശതമാനം സീറ്റുകൾ നിലവിലുള്ള നിരക്കിന്റെ 30 ശതമാനം കുറഞ്ഞ നിരക്കിലും അവശേഷിക്കുന്നത് 15 ശതമാനം കുറഞ്ഞ നിരക്കിലുമാണ് ലഭ്യമാക്കുക.

കന്നിയാത്രയുടെ ആഹ്ലാദനിമിഷങ്ങളിൽ പങ്കുചേർന്നുകൊണ്ട് കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, കേന്ദ്ര വ്യോമയാന മന്ത്രി പ്രഫുൽ പട്ടേൽ, മന്ത്രി ഡൊമിനിക് പ്രസന്റേഷൻ, റൂട്ട്സ് ചെയർമാൻ എം.എം. ഹസൻ തുടങ്ങിയവരും വിമാനത്തിൽ ഉണ്ടായിരുന്നു. ലോഞ്ചിൽ നിന്നും പുറത്തിറങ്ങിയ മുഖ്യമന്ത്രി അക്ഷരാർത്ഥത്തിൽ ജനസമുദ്രത്തിൽ മുങ്ങി. മുഖ്യമന്ത്രിയുടെ തിരക്കുപിടിച്ച ഗൾഫ് പര്യടനത്തിന് അങ്ങനെ തുടക്കംകുറിച്ചു.

## ദുബൈ കമ്പനികൾ കൂടുതൽ മുതൽമുടക്കും

സ്മാർട്ട് സിറ്റി അധികൃതരുമായി കേരളത്തിൽ നടന്ന ചർച്ചയുടെ തുടർച്ചയായി മുഖ്യമന്ത്രി ദുബായ് ഇന്റർനെറ്റ് സിറ്റിയുടെ ആസ്ഥാനം സന്ദർശിച്ചു. തുടർന്ന് ദുബായ് ഹോൾഡിംഗ് ആൻഡ് ഇൻവസ്റ്റ്മെന്റ് സാരഥി മുഹമ്മദ് അൽ ഗർഗാവിയുടെ നേതൃത്വത്തിലുള്ള സംഘവുമായും മുഖ്യമന്ത്രി വിപുലമായ ചർച്ച നടത്തി. സ്മാർട്ട് സിറ്റിക്കു പുറമേ സംസ്ഥാനത്ത് മറ്റു ചില പദ്ധതികൾ കൂടി ആരംഭിക്കുവാൻ ദുബായ് ഹോൾഡിംഗ് നിർദ്ദേശങ്ങൾ സമർപ്പിച്ചു. സംസ്ഥാനത്ത് ചില പദ്ധതികൾ ആരംഭിക്കുവാൻ ഖത്തർ ഭരണകൂടവും താത്പര്യം പ്രകടിപ്പിച്ചു. അവരെ ചർച്ചകൾക്കായി കേരളത്തിലേക്ക് മുഖ്യമന്ത്രി ക്ഷണിച്ചു.

## ലേബർ ക്യാമ്പുകൾ സന്ദർശിച്ചു

ദുബൈയിലെ ലേബർ ക്യാമ്പുകളിലെ രംഗങ്ങൾ മുഖ്യമന്ത്രിയുടെ കരളലിയിച്ചു. സോനാപൂരിലെ ലേബർ ക്യാമ്പുകളിൽ മുഖ്യമന്ത്രി രാത്രി പത്തുമണിയോടെയാണ് എത്തിയത്. ക്യാമ്പിലെ മലയാളിത്തൊഴിലാളികൾ മുഖ്യമന്ത്രിയെ സ്വീകരിച്ച് മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി അവർ കിടക്കുന്ന കട്ടിലിൽ ഇരുത്തി. 20 അടി വിസ്തീർണമുള്ള മുറിയിൽ ആറു പേരാണ് കിടന്നിരുന്നത്. തങ്ങൾക്ക് ഏഴുമാസമായി ശമ്പളം ലഭിക്കുന്നില്ലെന്നും ഭക്ഷണത്തിനും മറ്റും വലിയ പ്രയാസമാണെന്നും നാട്ടിൽ ഒരു ലക്ഷത്തോളം രൂപ ഏജന്റിനു കൊടുത്താണ് തങ്ങൾ ഇവിടെയെത്തിയതെന്നും അവർ വിവരിച്ചു.

ചെറിയ മുറിയിൽ ഇട്ടിരിക്കുന്ന ആറു കട്ടിലുകൾ കണ്ട് മുഖ്യമന്ത്രി അന്തംവിട്ടു. അരമണിക്കൂറിലധികം അദ്ദേഹം മുറിയിൽ ത്തന്നെ ഇരുന്ന് തൊഴിലാളികളുടെ പരാതി




കേട്ടു. എംബസി ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരം കാണാമെന്ന് വാക്കുകൊടുത്തിട്ടാണ് മുഖ്യമന്ത്രി മടങ്ങിയത്. പിറ്റേ ദിവസം മുഖ്യമന്ത്രി എംബസി ഉദ്യോഗസ്ഥരുമായി ഇക്കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും തുടർ നടപടികൾ ആരംഭിക്കുകയും ചെയുതു.

എന്നാൽ യു.എ.ഇ ജയിലുകളിൽ കഴിയുന്ന മലയാളികളെ സന്ദർശിക്കാനുള്ള മുഖ്യമന്ത്രിയുടെ ശ്രമം സാങ്കേതിക കാരണങ്ങളാൽ വിജയിച്ചില്ല. പകരം രാജൻ ബാബു, കെ. പി. രാജേന്ദ്രൻ, കെ. രാധാകൃഷ്ണൻ എന്നീ എംഎൽഎമാരെ മുഖ്യമന്ത്രി ഇതിനായി നിയോഗിച്ചു. വഞ്ചിക്കപ്പെട്ട മലയാളികൾ ഏറെ വിഷമത്തോടെയാണ് തങ്ങളുടെ ദുഖങ്ങൾ ഇവരെ അറിയിച്ചത്. റോഡുനിയമങ്ങൾ ലംഘിക്കുക, വീഡിയോ ഫിലിം കാണുക, മദ്യപിക്കുക തുടങ്ങിയ നിസാരകേസുകളിലാണ് പലരും ശിക്ഷിക്കപ്പെട്ടത്. ആവശ്യമായ നിയമ സഹായം ലഭിച്ചാൽ ഇവരിൽ പലർക്കും രക്ഷപ്പെടാൻ കഴിയുമെന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. അതിന് സൗകര്യമൊരുക്കാൻ മുഖ്യമന്ത്രി നിർദേശം നല്കി. ഇവരെ തട്ടിപ്പിനിരയാക്കിയവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാൻ നടപടിയെടുക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. എംഎൽഎമാരുടെ സംഘത്തെ വീണ്ടും ഗൾഫിലേക്കയച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കുമെന്നും മുഖ്യമന്ത്രി ഉറപ്പ് നല്കി.

### പ്രവാസികളുടെ വോട്ടവകാശം

പ്രവാസി പ്രശ്നങ്ങളിൽ വോട്ടവകാശത്തിന് മുൻഗണന നല്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തിയ സ്വീകരണത്തിലാണ് ഇതു സംബന്ധിച്ച ഉറപ്പ് നല്കിയത്. ഇതിനുള്ള പ്രായോഗിക നിർദേശം കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. വോട്ടേഴ്സ് ലിസ്റ്റിൽ പ്രവാസികളുടെ പാസ്പോർട്ട് നമ്പർ സഹിതം പേര് ചേർക്കുന്ന സംവിധാനമാണിത്. തെരഞ്ഞെടുപ്പു സമയത്ത് നാട്ടിലുള്ളവർക്ക് വോട്ട് ചെയ്യാവുന്ന രീതിയാണ് അവലംബിക്കുന്നത്. ഇതു സംബന്ധിച്ച് കേന്ദ്രമന്ത്രി ജഗദിഷ് ടൈറ്റലറുമായി ചർച്ച നടത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

സജീവമായ രണ്ടു ദിനരാത്രങ്ങൾ യു.എ.ഇയിലെ മലയാളി സമൂഹവുമായി അർത്ഥപൂർണമായി സംവദിച്ചശേഷമാണ് മുഖ്യമന്ത്രി നാട്ടിലേക്കു മടങ്ങിയത്. രാഷ്ട്രീയ വാഗ്വാദങ്ങൾ പൂർണമായി ഒഴിവാക്കി മലയാളികളുടെ പ്രശ്നങ്ങളിൽ പൂർണമായി ശ്രദ്ധകേന്ദ്രീകരിക്കുകയായിരുന്നു. പരദേശി മലയാളി സമൂഹത്തിന്റെ നാഡിമിടിപ്പുകൾ തൊട്ടുമനസിലാക്കിയായിരുന്നു മടക്കയാത്ര. ■

# പകർന്ന പര്യടനം






# ടെക്നോപാർക്ക് വികസനത്തിന് ആയിരം കോടി: മുഖ്യമന്ത്രി



ആയിരംകോടി രൂപയുടെ നിക്ഷേപത്തോടെ തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെ രണ്ടാംഘട്ട വികസനം പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി വെളിപ്പെടുത്തി.

രണ്ടാംഘട്ട വികസനം 2007-ൽ പൂർത്തിയാകുമ്പോൾ 20,000 പേർക്ക് ഇവിടെ നേരിട്ട് തൊഴിൽ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇൻഫോസിസ്, ടി.സി.എസ്., യു.എസ്. സോഫ്റ്റ് വെയർ, ഐ.ബി.എസ്., നിലവിലുള്ള മറ്റ് കമ്പനികൾ എന്നിവയെല്ലാം ചേർന്നാണ് 1000 കോടി രൂപ മുതലിറക്കുന്നത്. രണ്ടാംഘട്ട വികസനത്തിനുവേണ്ടി 9 ലക്ഷം ചതുരശ്രമീറ്റർ വിസ്തീർണമുള്ള 11 നിലകളോടുകൂടിയ കെട്ടിടം നിർമിക്കും. മുകളിലത്തെ നിലയിൽ ഹോട്ടലായിരിക്കും. 86 ഏക്കർ സ്ഥലം ഇതിനായി അക്വയർ ചെയ്യും.

ഇതിൽ 50 ഏക്കർ ഇൻഫോസിസിനും ബാക്കിയുള്ള 36 ഏക്കർ യു.എസ്. സോഫ്ട് വെയറിനും നൽകും. സ്ഥലം അടുത്ത ഒക്ടോബർ 1ന് കൈമാറും.


ഇൻഫോസിസ് - 250 കോടി, ടി.സി.എസ്-250 കോടി, യു.എസ്. സോഫ്ട് വെയർ-150 കോടി, ഐ.ബി.എസ്-50 കോടി, ടെക്നോപാർക്ക്-50 കോടി, മറ്റു കമ്പനികൾ 250 കോടി എന്നിങ്ങനെയാണ് നിക്ഷേപം.


സോഫ്ട് വെയർ വികസനത്തിനായി 25 ഏക്കർ സ്ഥലം ടി.സി.എസിന് നൽകും. പുതിയ ട്രെയിനിംഗ് സെന്ററിന് വേണ്ടി അവർക്ക് നൽകിയ 14 ഏക്കറിന് പുറമേയാണിത്. ഈ ട്രെയിനിംഗ് സെന്റർ ലോകത്തിലെ തന്നെ ഏറ്റവും വലുതായിരിക്കുമെന്ന് ഉമ്മൻചാണ്ടി അവകാശപ്പെട്ടു. ഐ.ബി.ഐ. സോഫ്ട് വെയറിന് വേണ്ടി 5 ഏക്കർ സ്ഥലം അനുവദിച്ചു കഴിഞ്ഞു. അവിടെ അവർ രണ്ടുലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ ഓഫീസ് പണിയും.

മൂന്നാംഘട്ട വികസനത്തിനായി 100 ഏക്കർ ഭൂമിയാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്. എൽ & ടി കമ്പനി ഇവിടെ 30 ഏക്കർ സ്ഥലത്ത് ഒരു ഇൻഫോസിറ്റി സ്ഥാപിക്കാനും താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞകുറേക്കാലം കൊണ്ട് നടന്ന പ്രവർത്തനങ്ങളുടെ ഫലമായാണ് രണ്ടും മൂന്നും ഘട്ടവികസനം സാധിതപ്രായമായതെന്നും മുഖ്യമന്ത്രി പറഞ്ഞു.

മലേഷ്യയിലെ മൾട്ടിമീഡിയ സൂപ്പർ കോറിഡോർ ടെക്നോപാർക്കിൽ ഒരു സംരംഭം തുടങ്ങാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഐ.ടി. പാർക്കും അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതയാണ് പരിശോധിക്കുന്നത്. രണ്ടും മൂന്നും ഘട്ട വികസനത്തിനുള്ള സ്ഥലമെടുക്കുന്നതിന് നടപടി ആരംഭിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

ഐ.ടി. നിക്ഷേപ രംഗത്ത് കേരളത്തിന് വൻ പ്രാധാന്യം കൈവരുകയാണ്. കേരളത്തിൽ നിക്ഷേപ സൗഹൃദാന്തരീക്ഷമുണ്ടെന്ന് ആഗോളാടിസ്ഥാനത്തിൽ തന്നെ വൻ പ്രചാരം ലഭിച്ചു കഴിഞ്ഞു. ഇതിനാൽ ഖത്തർ സർക്കാർ കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ജൂൺ 9, 10 തീയതികളിൽ ഖത്തർ പ്രതിനിധി സംഘം തിരുവനന്തപുരത്ത് എത്തും. ഊർജം, പെട്രോ കെമിക്കൽസ്, ടൂറിസം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ വിവിധ പദ്ധതികൾ ഈ സംഘത്തിന് മുമ്പാകെ സർക്കാർ സമർപ്പിക്കും. ഇറ്റാലിയൻ ഫാഷൻ സിറ്റി കൊച്ചിയിൽ വ്യവസായ നഗരം സ്ഥാപിക്കാനായി മുന്നോട്ടു വന്നിട്ടുണ്ട്. സർക്കാർ പ്രതിനിധികളുമായി കൊച്ചിയിൽ ചർച്ച നടത്തി അവർ അന്തിമ തീരുമാനമെടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.





# കേരളവും വിവരസാങ്കേതികവിദ്യയുടെ വിസ്മയലോകവും

**ഡോ. ബാബു സെബാസ്റ്റ്യൻ**
**ഡയറക്ടർ,എസ്.ഐ.ഇ.റ്റി**

പാഠപുസ്തകങ്ങളില്ലാത്ത പഠനമേശയും അധ്യാപകരില്ലാത്ത ക്ലാസ്മുറിയും ടൈംടേബിൾ ഇല്ലാത്ത അധ്യയനവർഷവും പേനയും പേപ്പറും ഇല്ലാത്ത പരീക്ഷാഹാളും നമുക്ക് സങ്കല്പിക്കാൻ സാധിക്കുമോ!

സൗരമണ്ഡലത്തെ ചുറ്റിനടന്നും നക്ഷത്രസമൂഹത്തെ തൊട്ടുതലോടിയും സമുദ്രാന്തർഗതത്തിലേക്കിറങ്ങിച്ചെന്നും നമ്മൾക്ക് പ്രപഞ്ചരഹസ്യങ്ങൾ പഠിക്കുവാൻ കഴിയുമോ?

ശിലായുഗമനുഷ്യനോട് തമാശകൾ പറഞ്ഞും ദിനോസറുകളുടെ അരുകിലിരുന്നും നമ്മൾക്ക് ചരിത്രാതീതകാലത്തോട് സംവദിക്കുവാൻ സാധിക്കുമോ?

നമ്മുടെ കഴിവും അഭിരുചിയും പഠനനിലവാരവും ഇന്നലെ പഠിച്ച പാഠങ്ങളും നാളെ പഠിക്കേണ്ട പാഠങ്ങളും ഭാവിയിലെ പഠനമേഖലകളും എല്ലാം നമ്മെക്കാൾ കൃത്യമായി മനസ്സിലാക്കി ഇരുപത്തിനാലു മണിക്കൂറും നമുക്കായി മാത്രം ജോലി ചെയ്യുന്ന ഒരധ്യാപകനെ സങ്കല്പിക്കാൻ കഴിയുമോ?

ഒരിക്കലും ഇല്ല എന്നായിരിക്കും ഭൂരിപക്ഷം പേരുടേയും മറുപടി. എന്നാൽ ഇപ്രകാരമുള്ള ഒരു അത്ഭുതലോകത്തിലേയ്ക്കാണ് വിവര-ആശയവിനിമയ സാങ്കേതിക 21-ാം നൂറ്റാണ്ടിൽ നമ്മെ കൊണ്ടെത്തിക്കാൻ പോകുന്നത്.

25,560 കമ്പ്യൂട്ടറുകൾ കൊണ്ട് നമ്മുടെ 2608 ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർലാബുകൾ സജ്ജീകരിച്ചും ഹൈസ്കൂൾ തലം മുതൽ ഐ.ടി പഠനം നടപ്പിലാക്കിയും പത്താംതരത്തിൽ ഐ.ടി. പ്രായോഗിക പരീക്ഷ നിർബന്ധിതമാക്കിയും ഐ.ടി. വിദ്യാഭ്യാസം സാർവത്രികമാക്കിക്കൊണ്ട് ഐ.ടി. ഇനേബിൾഡ് എഡ്യൂക്കേഷൻ എന്ന ആത്യന്തിക ലക്ഷ്യത്തിലേക്ക് കുതിക്കുന്ന കേരളം ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) ഒരുക്കുന്ന ഈ വിസ്മയലോകത്തിലേക്ക് മെല്ലെ മെല്ലെ ചുവടുവയ്ക്കുകയാണ്.

## ദേശീയ വിദ്യാഭ്യാസ നയം - പുതിയ കാഴ്ചപ്പാടുകൾ

രണ്ടു പതിറ്റാണ്ടിനുള്ളിൽ ഇന്ത്യയെ ആഗോളതലത്തിൽ ഒന്നാം നിരയിൽ നില്ക്കുന്ന ഒരു സമ്പൂർണ വികസിതരാഷ്ട്രമാക്കി മാറ്റുക എന്ന ഉറച്ചലക്ഷ്യമാണ് ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജിയിലധിഷ്ഠിതമായ പുതിയ വിദ്യാഭ്യാസനയത്തിനു പിന്നിലുള്ളത്. എഡ്യൂക്കേഷൻ ഫോർ നാഷണൽ ഇക്കണോമിക് ഗ്രോത്ത് എന്നതാണ് ഇന്ന് നമ്മുടെ മുദ്രാവാക്യം. ഈ പുതിയ നയ രൂപീകരണത്തിന് പിന്നിൽ രാഷ്ട്രവികസനത്തെ സംബന്ധിച്ച ചില അടിസ്ഥാന കാഴ്ചപ്പാടുകൾ സ്വാധീനം ചെലുത്തുന്നതായി കാണാം.

രാഷ്ട്രവികസനത്തിന്റെ ആധാരശിലകളായി ലോകമെമ്പാടും അംഗീകരിക്കുന്നത് നാചറൽ റിസോഴ്സ്, ഇൻഫ്രാസ്ട്രക്ചറൽ ഡെവല്പ്മെന്റ്, ഹ്യൂമൻ റിസോഴ്സ് എന്നീ മൂന്ന് ഘടകങ്ങളെയാണ്. ഇതിൽ വികസന പ്രക്രിയയിൽ നാചറൽ റിസോഴ്സിന്റെ പങ്ക് 15 ശതമാനവും ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റിന്റെ പങ്ക് 20 ശതമാനവും ഹ്യൂമൻ റിസോഴ്സിന്റെ പങ്ക് 65 ശതമാനവുമാണ്. ഐക്യരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിയ വിവിധ രാജ്യങ്ങളുടെ വികസന സാധ്യതാപഠനത്തിൽ വികസന പ്രക്രിയയിൽ മനുഷ്യവിഭവശേഷിയുടെ പ്രാധാന്യവും ഈ മേഖലയിൽ ഇന്ത്യയ്ക്കുള്ള അനന്തസാധ്യതകളും എടുത്തു പറയുന്നുണ്ട്.

വിജ്ഞാനാധിഷ്ഠിത സമൂഹത്തിലാണ്

ഇന്ന് നാം ജീവിക്കുന്നത്. വിജ്ഞാനാധിഷ്ഠിത സമൂഹത്തിൽ അറിവാണ് പ്രധാന ശക്തിയും സമ്പത്തും. (Knowledge is power) ഈ വിജ്ഞാനമാകട്ടെ മനുഷ്യവിഭവ ശേഷിയിൽ മാത്രം അധിഷ്ഠിതവുമാണ്.

വിജ്ഞാനാധിഷ്ഠിത സമൂഹത്തിൽ ഒരു രാജ്യത്തിന്റെ വികസന നിലവാരത്തെ അളക്കുന്നത് മൂന്ന് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്. ഒന്ന്: നൂറു ശതമാനം സാക്ഷരത; രണ്ട്: 80 ശതമാനം പൗരന്മാർക്കെങ്കിലും സാമാന്യ വിദ്യാഭ്യാസം; മൂന്ന്: 50 ശതമാനം പേർക്കെങ്കിലും ഉന്നത വിദ്യാഭ്യാസം.

എന്നാൽ ഇന്ത്യ ഇന്ന് ഈ മൂന്ന് മേഖലകളിലും ഏറെ പിന്നിലാണ്. നമ്മുടെ ജനസംഖ്യയിൽ 35 ശതമാനം ഇന്നും അക്ഷരജ്ഞാനം ഇല്ലാത്തവരാണ്. 50 ശതമാനത്തിൽ താഴെ ആളുകൾക്ക് മാത്രമാണ് സാമാന്യ വിദ്യാഭ്യാസം ലഭിക്കുന്നത്. ജനസംഖ്യയിൽ പത്തു ശതമാനം മാത്രമാണ് ഇന്ന് ഉന്നത വിദ്യാഭ്യാസത്തിന് ഭാഗ്യം സിദ്ധിച്ചവരായി ഇന്ത്യയിലുള്ളത്.

ഇന്ത്യയിൽ 35 വയസ്സിൽ താഴെയുള്ള 65 കോടി യുവജനങ്ങളുണ്ട്. ഇവരിൽ 35 കോടിക്ക് ഇന്നും സാമാന്യ വിദ്യാഭ്യാസം അപ്രാപ്യമാണ്. 2010 ആകുമ്പോഴേക്കും ഇന്ത്യയിലെ 14 വയസ്സിൽ താഴെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും സാമാന്യ വിദ്യാഭ്യാസം നല്കുക എന്ന ദൗത്യമാണ് 2001-ൽ SSA യിലൂടെ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നത്. അതിനായി ഇന്ത്യയിലെ രണ്ടരലക്ഷം ഗ്രാമങ്ങളിലും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. വിദ്യാലയങ്ങളുടെ അഭാവവും അധ്യാപകരുടെ കുറവും സാമൂഹികവും ലിംഗപരവുമായ വിവേചനങ്ങളും എല്ലാം അതിനു തടസ്സമായി നില്ക്കുന്നുണ്ട്. 2020-ാമാണ്ടാകുമ്പോൾ 15 കോടിയോളം ഉന്നതവിദ്യാഭ്യാസം നേടിയ മികച്ച മനുഷ്യവിഭവശേഷി കൈവശം ഉണ്ടെങ്കിൽ ഇന്ത്യ ഒരു ആഗോള വൻശക്തിയായി മാറുമെന്ന യാഥാർത്ഥ്യത്തിൽ ഉറച്ചു നിന്നു കൊണ്ടാണ് നമ്മുടെ വിദ്യാഭ്യാസ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള പുതിയൊരു വിദ്യാഭ്യാസ വിപ്ലവത്തിനു തന്നെ ഇന്ത്യ തയ്യാറെടുക്കുന്നത്. എഡ്യൂസാറ്റും, ഇൻഫർമേഷൻ ആന്റ് കമ്യൂണിക്കേഷൻ ടെക്നോളജിയും കമ്പ്യൂട്ടർ ഇനേബിൾഡ് എഡ്യൂക്കേഷനും കൂട്ടി യോജിപ്പിച്ചുകൊണ്ടുള്ള ഒരു കുതിച്ചുചാട്ടത്തിനാണ് ഇന്ത്യ തുടക്കം കുറിച്ചിരിക്കുന്നത്.



## കേരളത്തിന്റെ പങ്ക്

ദേശീയതലത്തിൽ വിദ്യാഭ്യാസമേഖലയിൽ വന്നു ചേർന്നിരിക്കുന്ന ഈ ഉണർവിന് ഒരു പരിധിവരെ പ്രചോദനവും മാതൃകയുമായി മാറിയത് കേരളമാണ്. സ്കൂൾ വിദ്യാഭ്യാസം സാർവത്രികമാക്കുകയും 6712 എൽ.പി. സ്കൂളുകളും 2951 യു.പി. സ്കൂളുകളും 2608 ഹൈസ്കൂളുകളും 1225 ഹയർ സെക്കന്ററി സ്കൂളുകളും 375 വെക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളും കൊണ്ട് നമ്മുടെ അടിസ്ഥാന വിദ്യാഭ്യാസമേഖലയെ ബലവത്താക്കുകയും ഏഴു യൂണിവേഴ്സിറ്റികളിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് കരുത്തു പകരുകയും ചെയ്ത കേരളം നവീന വിദ്യാഭ്യാസ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നമ്മുടെ വിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള തീവ്രശ്രമമാണ് ആരംഭിച്ചിരിക്കുന്നത്.

ഗ്രേഡിംഗ് സമ്പ്രദായം സാർവത്രികമാക്കിക്കൊണ്ട് അധ്യാപക കേന്ദ്രീകൃത വിദ്യാഭ്യാസത്തിൽ നിന്നും വിദ്യാർത്ഥി കേന്ദ്രീകൃത വിദ്യാഭ്യാസത്തിലേക്ക് ചുവടു മാറിയ കേരളം ഇപ്പോൾ ധൃതഗതിയിൽ സാങ്കേതികവിദ്യാധിഷ്ഠിത വിദ്യാഭ്യാസത്തിലേക്ക് നടന്നു കയറുകയാണ്. വിദ്യാർത്ഥികൾ വിജ്ഞാനം തേടി സ്കൂളിലേക്ക് എത്തുന്ന പ്രക്രിയയ്ക്കു പകരം വിജ്ഞാനം വിദ്യാർത്ഥിയെത്തേടി എത്തുന്ന സാഹചര്യത്തിലേക്കാണ് കേരളം എത്തിച്ചേരുന്നത്. അധ്യാപകർ പറയുന്നതു കേട്ടും, പാഠപുസ്തകങ്ങളും പഠനസഹായക വസ്തുക്കളും കണ്ടും ചില പരീക്ഷണങ്ങൾ ചെയ്തും പഠിച്ചു പോന്ന ഇന്നലെകളിൽ നിന്നും പഠനം പഞ്ചേന്ദ്രിയങ്ങളുടെ സഹായത്തോടെ ഒരനുഭവമായിമാറുന്ന പുതിയൊരു പഠനബോധന രീതിയിലേക്ക് നമ്മുടെ കുട്ടികൾ എത്തിച്ചേരുകയാണ്.

എഡ്യൂക്കേഷൻ ടെക്നോളജിയും ഇൻഫർമേഷൻ ടെക്നോളജിയും ഒത്ത് ചേർന്ന് രൂപപ്പെടുത്തുന്ന ഈ പുതിയ പഠനാനുഭവം ഇന്റർനെറ്റിന്റെയും മൾട്ടിമീഡിയയുടെയും, ഇന്റർ ആക്ടീവ് സി.ഡി.കളുടെയും സഹായത്തോടെയുള്ള പുതിയ പഠന-ബോധന പ്രക്രിയയിലേക്കാണ് നമ്മുടെ വിദ്യാർത്ഥികളെ നയിക്കാൻ പോകുന്നത്.

## ഇൻഫർമേഷൻ പവർഹൗസ്

നമ്മുടെ വിദ്യാലയങ്ങളെല്ലാം ലോക വിജ്ഞാനത്തിന്റെ ഈടിരിപ്പുള്ള ഇൻഫർമേഷൻ പവർഹൗസുകളായി രൂപാന്തരം പ്രാപി

ക്കാൻ പോകുന്നു. പാഠപുസ്തകങ്ങളിൽ അധിഷ്ഠിതമായ പഠന പ്രക്രിയ അതോടെ കമ്പ്യൂട്ടറിനധിഷ്ഠിതമായി രൂപാന്തരപ്പെടും. പാഠപുസ്തകങ്ങൾ എല്ലാം ഇന്റർ ആക്ടീവ് സി.ഡി. രൂപത്തിലും ഇന്റർനെറ്റിലൂടെയും സ്കൂൾ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്ത സോഫ്ട് വെയർ വഴിയുമെല്ലാം വിദ്യാർത്ഥികൾക്കു ലഭ്യമാകും. പഠനവും പരീക്ഷയും പഠനനിലവാരം അളക്കലും എല്ലാം കമ്പ്യൂട്ടറിന്റെ സഹായത്തോടെ സാധിതമാകും. പത്തുമുതൽ നാലുവരെ എന്ന ടൈംടേബിളിനും അപ്പുറത്തേക്ക് പഠനപ്രക്രിയ നീളുകയും സ്ഥലം, സമയം എന്നീ പരിധികളിൽ നിന്നും പഠനം സ്വതന്ത്രമാകുകയും ചെയ്യും. ഇന്റർനെറ്റിന്റെ സഹായത്തോടെ പാഠഭാഗങ്ങളും അധ്യാപകന്റെ നോട്ടുകളും മോഡൽ പരീക്ഷാ ചോദ്യങ്ങളും വിദ്യാർത്ഥിയുടെ വീടുകളിലേക്കും ഹോസ്റ്റലുകളിലേക്കും എത്തിച്ചേരും. സ്വന്തം സ്കൂളിലെ ഇൻഫർമേഷൻ പവർഹൗസിൽ നിന്നു മാത്രമല്ല നമ്മുടെ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും ഇൻഫർമേഷൻ പവർഹൗസുകളിൽ നിന്നും ലോകമെമ്പാടുമുള്ള മറ്റ് ഇൻഫർമേഷൻ പവർഹൗസുകളിൽ നിന്നും വിജ്ഞാനമാർജിച്ച് നമ്മുടെ വിദ്യാർത്ഥികളുടെ പഠനനിലവാരവും വിജ്ഞാനനിലവാരവും ലോകനിലവാരത്തിനൊപ്പം ഉയർത്താൻ സാധിക്കുന്ന വലിയൊരു വിജ്ഞാന വിപ്ലവത്തിലേയ്ക്കാണ് ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT)യുടെ സഹായത്തോടെ നമ്മുടെ സംസ്ഥാനം പ്രവേശിക്കുന്നത്.

**വെർച്വൽക്ലാസ് റൂമുകൾവഴിയും ഇന്റർനെറ്റ് വഴിയും സി.ഡി. രൂപത്തിലും വിദ്യാർത്ഥികൾക്ക് ലഭ്യമാകാൻ പോകുന്ന ത്രീഡി ആനിമേറ്റഡ് പാഠഭാഗങ്ങൾ വിജ്ഞാനത്തിന്റെ വിസ്മയലോകം അവരുടെ മുമ്പിൽ തുറന്നു കൊടുക്കും.**

## എഡ്യുസാറ്റും വെർചൽ ക്ലാസ് റൂമും

പരമ്പരാഗത ക്ലാസ്റൂമുകളിൽ നിന്നും പഠന-ബോധന പ്രക്രിയ സാങ്കല്പിക ക്ലാസ് റൂമുകളിലേക്ക് വഴിമാറുന്നതിന്റെ ആദ്യചുവടുവയ്പാണ് 'എഡ്യുസാറ്റി'ലൂടെ യാഥാർത്ഥ്യമാകാൻ പോകുന്നത്. 'സാറ്റലൈറ്റ് ഇന്റർ ആക്ടീവ് ടെർമിനലി'(SIT)ന്റെ സഹായത്തോടുകൂടി ഇന്ത്യയിലെ എല്ലാ ഭാഗങ്ങളിലുമുള്ള പ്രഗത്ഭരായ അധ്യാപകരുടെ ക്ലാസുകൾ നമ്മുടെ വിദ്യാർത്ഥികൾക്ക് ലഭ്യമാകും. മാത്രമല്ല പ്രഗത്ഭരായ അധ്യാപകരുമായി സംവദിച്ച് വിദ്യാർത്ഥികളുടെ സംശയങ്ങൾ ദുരീകരിക്കുന്നതിനും വിജ്ഞാനനിലവാരം ഉയർത്തുന്നതിനും ഇത് സഹായമാകും. കൂടാതെ ശാസ്ത്ര സാങ്കേതിക മേഖലകളിലുള്ള ഏറ്റവും പുതിയ കണ്ടെത്തലുകളും സങ്കല്പങ്ങളും അപ്പപ്പോൾ വിദ്യാർത്ഥികൾക്കു പകർന്നു നൽകി ലോക നിലവാരത്തിലേക്ക് നമ്മുടെ വിദ്യാർത്ഥികൾ എത്തിച്ചേരുന്നു എന്നുറപ്പുവരുത്തുന്നതിനും ഇതുവഴി സാധ്യമാകും.

## അനിമേഷന്റെ അത്ഭുതലോകം

വെർചൽക്ലാസ് റൂമുകൾ വഴിയും ഇന്റർനെറ്റ് വഴിയും സി.ഡി. രൂപത്തിലും വിദ്യാർത്ഥികൾക്ക് ലഭ്യമാകാൻ പോകുന്ന ത്രീഡി ആനിമേറ്റഡ് പാഠഭാഗങ്ങൾ വിജ്ഞാനത്തിന്റെ വിസ്മയലോകം അവരുടെ മുമ്പിൽ തുറന്നു കൊടുക്കും. ഗ്രീക്ക് സംസ്കാരത്തെയും സിന്ധുനദീതട സംസ്കാരത്തെയും എല്ലാം ആ അതീത കാല യാഥാർത്ഥ്യങ്ങളുടെ നടുവിൽ ചെന്നു നിന്ന് നമ്മുടെ വിദ്യാർത്ഥികൾക്ക് അനുഭവിച്ചറിയാൻ സാധിക്കും. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നേരിട്ടെത്തി പഠിക്കുന്ന പ്രതീതിയോടെ ജിയോഗ്രാഫിയുടെ പാഠങ്ങൾ പഠിക്കുന്നതിന് വിദ്യാർത്ഥികൾക്ക് സാധിക്കും. സമുദ്രത്തിന്റെ അടിത്തട്ടിലെത്തി സമുദ്രാന്തർഗത രഹസ്യങ്ങളും, സൂര്യനെ ചുറ്റിനടന്ന് ഗോളാന്തര വിസ്മയങ്ങളും, ഭൂമിയുടെ അടിത്തട്ടിലേയ്ക്കിറങ്ങി ഭൂമിയുടെ അന്തർയാഥാർത്ഥ്യങ്ങളും, നക്ഷത്രമണ്ഡലത്തിലെ വർണപ്പൊലിമകളും എല്ലാം നേരിട്ടനുഭവിക്കുന്ന പുതിയ തലമുറ വിജ്ഞാനത്തിന്റെ ഉദാത്ത മേഖലകൾ കീഴടക്കും എന്നതിന് സംശയമില്ല.

ഇന്ന് മനുഷ്യന്റെ കാഴ്ചപ്പാടിൽ ഇതര ജീവികളെയും സസ്യങ്ങളെയും പഠിക്കുന്ന വിദ്യാർത്ഥി നാളെ ഉറുമ്പിന്റെ കാഴ്ചപ്പാടിൽ നിന്നു കൊണ്ട് ഉറുമ്പിനെക്കുറിച്ചും പാമ്പിന്റെ അനുഭവങ്ങളിലൂടെ പാമ്പിനെക്കുറിച്ചും ചെടികളുടെയും പൂക്കളുടെയും പുഴകളുടെയും നിലപാടുകളിലൂടെ അവയുടെ അന്തർരഹസ്യങ്ങളെക്കുറിച്ചും വിജ്ഞാനം നേടിയെടുക്കും. മെഡിസിൻ, എഞ്ചിനീയറിംഗ്, കെമസ്ട്രി, ഫിസിക്സ്, അഗ്രികൾച്ചർ എന്നിങ്ങനെ എല്ലാ വിജ്ഞാന മേഖലകളിലും ത്രീഡി അനിമേഷനും വെർചൽ ക്ലാസ് റൂമും ചേർന്നൊരുക്കുന്ന വിസ്മയ ലോകം നമ്മുടെ വിദ്യാർത്ഥികൾക്ക് പ്രാപ്യമാകുന്ന കാലം ഏറെ വിദൂരമല്ല തന്നെ.

## ടീച്ചർ ബോട്ടുകൾ

മനുഷ്യന്റെ എല്ലാ ആജ്ഞകളും ശിരസാവഹിക്കുന്ന റോബോട്ടുകളുടെ ലോകം ഇന്ന് ഏറെ പരിചിതമാണ്. എന്നാൽ 'പേർസണൽ ടീച്ചർ' എന്ന സങ്കല്പം വികസിച്ച് ടീച്ചർ ബോട്ടുകളായി രൂപാന്തരപ്പെടുന്ന കാലം ഏറെ വിദൂരമല്ല. ഇപ്പോൾ തന്നെ 'എഡ്യൂക്കേഷൻ ഔട്ട് സോഴ്സിങ്ങ്' (EPO) സംവിധാനം ലോകമെമ്പാടും വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ലോകത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തിരിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ലോകത്തിന്റെ വിദൂരമായ മറ്റൊരു ദേശത്തിരിക്കുന്ന അധ്യാപകൻ പേഴ്സണൽ ട്യൂഷൻ നല്കുന്ന പ്രക്രിയയാണ് ഇ.പി.ഒ. ഇപ്രകാരം അമേരിക്കയിലുള്ള വിദ്യാർത്ഥികൾക്ക് ഡൽഹിയിലുള്ള അധ്യാപർ ഇന്ന് ട്യൂഷൻ നല്കുന്നുണ്ട്. ഒരു കമ്പ്യൂട്ടറും ഒരു വെബ് ക്യാമറയും ഒരു ഹെഡ്ഫോണും ഉണ്ടെങ്കിൽ വിദ്യാർത്ഥിക്കും അധ്യാപകനും മുഖാമുഖം കണ്ട് ആശയ വിനിമയം നടത്തുന്നതിന് സാധിക്കും. ഒപ്പം ഒരു ഡിജിറ്റൽ ബോർഡും ഡിജിറ്റൽ പെൻസിലും കൂടി ഉണ്ടെങ്കിൽ വിദ്യാർത്ഥി അമേരിക്കയിലിരുന്ന് എഴുതുന്ന നോട്ടുകൾ അധ്യാപകന് ഡൽഹിയിലിരുന്ന് അപ്പപ്പോൾ തിരുത്തി നല്കുന്നതിനും സാധിക്കും.

ഇതിന്റെ വികസിത രൂപമായ ടീച്ചർബോട്ടുകൾ തന്നെ ഇപ്പോൾ രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികളുടെ കഴിവും അഭിരുചിയും ഐ.ക്യു. ലെവലും എല്ലാം നേരിട്ട് മനസ്സിലാക്കി വിദ്യാർത്ഥിക്ക് വ്യക്തിപരമായ ട്യൂഷൻ നൽകാൻ ശക്തിയുള്ളവയാണ് ഇവ. മാത്രമല്ല വിദ്യാർത്ഥിയുടെ യഥാർത്ഥത്തിലുള്ള ടാലന്റ് സേർച്ചു നടത്തി ഉപരിപഠനത്തിനുള്ള മാർഗ നിർദേശവും പ്രോത്സാഹനവും സഹായവും എല്ലാം നല്കുന്നതിനും ഈ ടീച്ചർ ബോട്ടുകൾക്ക് സാധിക്കും. വിദ്യാർത്ഥിക്ക് ആകെ ആവശ്യമായി വരുന്നത് ഒരു ഇന്റർനെറ്റ് കണക്ഷനും യൂസർനെയിമും പാസ്‌വേർഡും മാത്രമായിരിക്കും.

ഇങ്ങനെ വിജ്ഞാനത്തിന്റെ വിസ്മയജാലകങ്ങൾ തുറന്നു കൊണ്ട് ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി നമ്മുടെ ഈ കൊച്ചു കേരളത്തിലേക്കും കടന്നു വരികയാണ്. പഠനം ഒരു റിയൽ എക്സ്പീരിയൻസായി മാറുകയും വിദ്യാർത്ഥികൾ അവരവരുടെ പഠന മേഖലകളിൽ വിദഗ്ധരായി മാറുകയും ചെയ്യുന്ന ഒരു പഠന-ബോധന പ്രക്രിയ ഇവിടെ രൂപം കൊള്ളുവാൻ പോകുന്നു. 2020-ാം ആണ്ടോടെ ഇന്ത്യയെ ഒരു ഗ്ലോബൽ സൂപ്പർ പവറാക്കി മാറ്റുക എന്ന വലിയ ദൗത്യത്തിൽ നമ്മുടെ കൊച്ചുകേരളത്തിനും സുപ്രധാന പങ്കു വഹിക്കാനുണ്ട്. നാളെ ഇന്ത്യ ലോകത്തെ കീഴടക്കുമ്പോൾ അതിന്റെ മുൻപന്തിയിൽ നില്ക്കാൻ നവീന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നമ്മുടെ യുവതലമുറയ്ക്കു സാധിക്കും എന്നതിന് സംശയമില്ല. ■



# ഐ.ടി. വിദ്യാഭ്യാസം

## ഒരു കേരള എഡ്യൂക്കേഷൻ ഗ്രിഡ് സമീപനം

ഉന്നത–വിദൂര വിദ്യാഭ്യാസ മേഖലകളിൽ പ്രതീക്ഷാഭരമായ ഒരു നാളെയാണ് എഡ്യൂക്കേഷൻ ഗ്രിഡ് വിഭാവന ചെയ്യുന്നത്.

**ഡോ. കെ.ആർ. ശ്രീവത്സൻ**

വിവരവിനിമയ സങ്കേതങ്ങളുടെ ഉചിതമായ ഉപയോഗത്തിലൂടെ വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആശാവഹമായ പുരോഗതിയുണ്ടാക്കാനാവും. ഇതിന്റെ സാധ്യതകളറിയാൻ വിദ്യാഭ്യാസ-ശാസ്ത്ര-സാങ്കേതിക മേഖലകളിൽ നിലനില്ക്കുന്ന ചില പ്രശ്നങ്ങളിലേക്ക് നാം കണ്ണോടിക്കണം.

ആദ്യം ഉന്നതവിദ്യാഭ്യാസ മേഖലയുടെ കാര്യമെടുക്കാം. താൻ തെരഞ്ഞെടുത്തിരിക്കുന്ന വിഷയത്തിന്റെ ബാലപാഠങ്ങൾ പോലും കരഗതമാക്കാത്ത ബിരുദധാരികളെയാണ് ഉദ്യോഗത്തിനും ഉപരിപഠനത്തിനുമുള്ള അഭിമുഖങ്ങളിൽ മിക്കപ്പോഴും കണ്ടുമുട്ടേണ്ടി വരുന്നത്. അതതുവിഷയങ്ങളിൽ മൂന്നോ അഞ്ചോ വർഷത്തെ പഠനം പൂർത്തിയാക്കുന്നവരാണ് ഇവരെന്നോർക്കണം. എന്നാൽ ഇങ്ങനെ ഉപരിപഠനത്തിന് കടന്നു വരുന്നവർ കുറച്ചു മാസങ്ങളിലെ മെച്ചപ്പെട്ട പഠന-പരിശീലന പദ്ധതികളിലൂടെ നില ഏറെ മെച്ചപ്പെടുത്തുന്നതും ശ്രദ്ധേയമാണ്. ഇതിലൂടെ വെളിപ്പെടുന്നത് ഒരു വസ്തുതയാണ് – നമ്മുടെ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രയോജനപ്പെടുത്തി ഗുണവും ആഴവുമേറിയ വിഷയജ്ഞാനം അവർക്ക് പകർന്നു നൽകാൻ നമ്മുടെ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലക്ക് കഴിയുന്നില്ല.

കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കണക്കു നോക്കിയാൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം കുത്തനെ ഉയർന്ന് 87-ൽ എത്തിനിൽക്കുന്നത് കാണാം. എന്നാൽ മിക്ക വിഷയങ്ങളിലും പരിചയസ





മ്പന്നരായ അധ്യാപകരുടെ അഭാവമുണ്ട്. അതുകൊണ്ടു തന്നെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം അടിയന്തരപ്രാധാന്യമർഹിക്കുന്നു. വരുംവർഷങ്ങളിലെ നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് ഇത് നിർണായകമാണ്. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്ത് എഡ്യൂക്കേഷൻ ഗ്രിഡ് സ്ഥാപിക്കാനുള്ള IIITM-K നിർദേശം സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചത്.

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് എല്ലാ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം - ഇതാണ് കേരള എഡ്യൂക്കേഷൻ ഗ്രിഡ് പ്രോജക്ടിന്റെ ലക്ഷ്യം. വിദ്യാഭ്യാസ വിചക്ഷണരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും, വ്യവസായ-ഗവേഷണ-വികസന രംഗങ്ങളിലെ വിദഗ്ധരും ഉൾപ്പെട്ട ഉന്നതാധികാര ഏകോപന സമിതിയാണ് പ്രോജക്ട് നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നത്. വിവര-വിനിമയ സങ്കേതങ്ങളുടെ സാധ്യതകൾ പരമാവധി സമന്വയിപ്പിച്ച് വിദ്യാ കേന്ദ്രീകൃതമാക്കുന്നതിലൂടെ അധ്യാപകരെ മെച്ചപ്പെട്ട അധ്യാപനത്തിനും വിദ്യാർത്ഥികളെ മെച്ചപ്പെട്ട പഠനത്തിനും അക്കാദമീയ ഭരണകർത്താക്കളെ മെച്ചപ്പെട്ട സേവനത്തിനും സജ്ജരാക്കുന്നു. പ്രോജക്ടിന്റെ ആത്യന്തിക കാഴ്ചപ്പാട് തന്നെ പ്രദേശങ്ങളുടെ അതിരുകൾക്കപ്പുറം ഏവർക്കും നിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ്.

ഇന്റർനെറ്റിലൂടെ കേരളത്തിലെ കോളേജുകളെയും സർവകലാശാലകളെയും ബന്ധിപ്പിക്കുക എന്നത് ഈ പ്രോജക്ടിന്റെ ഏറ്റവും പ്രാഥമികമായ പ്രവർത്തനം മാത്രമാണ്. ഇതിലൂടെ വ്യത്യസ്ത സ്ഥാപനങ്ങൾ തമ്മിൽ വിഷയാടിസ്ഥാനത്തിലുള്ള പങ്കുചേരലുകളും അറിവിന്റെ പുതിയ പുതിയ കൂട്ടുകെട്ടുകളും ലക്ഷ്യമിടുന്നു. ഇന്റർനെറ്റിലുടെ പ്രാദേശിക വിവര ശൃംഖല (WAN)കളിലൂടെയും കൈമാറപ്പെടുന്ന വിവരങ്ങളിലൂടെയും വിഷയസംബന്ധിയായ വിജ്ഞാനങ്ങളിലൂടെയും വിദഗ്ദ്ധരുടെ സേവനങ്ങളും വിലപ്പെട്ട സാങ്കേതിക വിഭവങ്ങളും അധ്യാപക-വിദ്യാർത്ഥി-സ്ഥാപന ഭേദമന്യേ എല്ലാവർക്കും ലഭ്യമാകുന്നു. കൂടുതൽ അർത്ഥവത്തായ രീതിയിൽ അധ്യാപനം നടത്തുന്നതിനു വേണ്ട ബോധന പരിപാടികളും സൗകര്യങ്ങളും അധ്യാപകർക്ക് ഒരു മുതൽക്കൂട്ടാവും. അതോടൊപ്പം പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനു വിദ്യാർത്ഥികളെ സഹായിക്കാൻ വേണ്ട നിരവധി സംവിധാനങ്ങളും പ്രോജക്ട് ലഭ്യമാക്കും.



# ഐ.ടി. രംഗത്ത്

**സന്ധ്യ കെ. മാവേലിൽ**

സോഫ്റ്റ് വെയർ കയറ്റുമതി രംഗത്ത് 2004-05-ൽ മുൻ വർഷത്തെ അപേക്ഷിച്ച് കേരളം 50 ശതമാനം വളർച്ച നേടി. മൊത്തം 310 കോടി രൂപയുടെ കയറ്റുമതിയാണ് കഴിഞ്ഞ വർഷം സംസ്ഥാനം നേടിയെടുത്തത്. തീർച്ചയായും ഇത് മതിപ്പുളവാക്കുന്ന നേട്ടമാണ്. പക്ഷെ നമ്മുടെ അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമുക്ക് അഭിമാനിക്കാൻ വകയുണ്ടെന്നു തോന്നുന്നില്ല. കഴിഞ്ഞവർഷം കർണ്ണാടകവും തമിഴ്നാടും ആന്ധ്രയും സോഫ്റ്റ്വെയർ കയറ്റുമതിയിൽ നിന്നും നേടിയ തുക അറിയേണ്ടെ? കർണ്ണാടകം - 27600 കോടി രൂപ! തമിഴ്നാട് -10743 കോടിരൂപ ! ആന്ധ്രാപ്രദേശ് - 8270 കോടി രൂപ ! നമ്മൾ വെറും 310 കോടിയും. മൊത്തം വരുമാനത്തിൽ മാത്രമല്ല, നമ്മുടെ അയൽ സംസ്ഥാനങ്ങൾ മികച്ചനേട്ടം കൈവരിച്ചത്. അവരുടെ വളർച്ചാനിരക്കും അത്ഭുതകരമായിരുന്നു.

ഗവൺമെന്റിന്റെ തീവ്രശ്രമങ്ങളുണ്ടെങ്കിലും കേരളം വിവരസാങ്കേതിക രംഗത്ത്

പ്രോജക്ട് പുരോഗമിക്കുന്നതോടെ എല്ലാ വിഷയങ്ങളുടെയും സൈദ്ധാന്തിക-പ്രായോഗിക-പരിശീലന പഠനങ്ങൾക്ക് പുറമേ സാങ്കല്പിക പഠന പ്രവർത്തനങ്ങൾക്കും വേണ്ട സൗകര്യം വിഭാവന ചെയ്തിട്ടുണ്ട്. 2003 ഏപ്രിൽ മുതൽ സാമ്പത്തിക സഹായം ലഭിച്ചു തുടങ്ങിയ പ്രോജക്ടിന് രണ്ടു വയസാകുന്നു. ഇതിനകം നിരവധി നേട്ടങ്ങൾ പ്രോജക്ടിന് സ്വന്തമായിക്കഴിഞ്ഞു IIITM-K തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്, CUSAT, കോഴിക്കോട് NIT എന്നിവിടങ്ങളിൽ വിഭവകേന്ദ്രങ്ങൾ തുറന്നു കഴിഞ്ഞു. IIITM-K യുടെ കീഴിൽ തിരുവനന്തപുരത്ത് ടെക്നോപാർക്കിലുള്ള എഡ്യുക്കേഷൻ ഗ്രിഡ് ഓപ്പറേഷൻസ് സെന്ററിൽ പ്രധാന പോർട്ടൽ നിയന്ത്രണ സംവിധാനം ഒരുങ്ങിക്കഴിഞ്ഞു. വിവിധ തലങ്ങളിലുള്ളവർക്കായി മുപ്പതോളം ഹ്രസ്വകാല പഠന പരിപാടികൾ ഇതിനകം സംഘടിപ്പിച്ചു. മേൽ സൂചിപ്പിച്ച നാല് വിവഭകേന്ദ്രങ്ങളും ഇതാദ്യമായാണ് സ്വന്തം സ്ഥാപനങ്ങളിൽ നേരിട്ട് ഇലക്ട്രോണിക് പഠനസംവിധാനം പ്രയോജനപ്പെടുത്തുന്നത്. തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ നിലവാരമുള്ള ഇലക്ട്രോണിക് പഠന സാമഗ്രികൾ തയ്യാറാക്കാൻ IIITM-K ക്ക് കഴിഞ്ഞു.

എർനെറ്റ് (ERNET) സഹായത്തോടെ കേരളത്തിലെ പ്രധാനപ്പെട്ട നാല് സർവകലാശാലകളിൽ ഇലക്ട്രോണിക് ജേണലുകളുടെ സേവനം ലഭ്യമായിത്തുടങ്ങി. ഇലക്ട്രോണിക് പഠന സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് ഗൗരവകരമായ ചർച്ചകൾ സർവകലാശാലകളിലും കോളേജുകളിലും ആരംഭിച്ചുകഴിഞ്ഞു. ഈ മുന്നൊരുക്കങ്ങളോടെ ഇനിപ്പറയുന്ന ലക്ഷ്യങ്ങളുമായി പ്രോജക്ട് 2005-2006 ലേക്ക് കടക്കുകയാണ്.

ഇലക്ട്രോണിക് പഠന സംവിധാനങ്ങളും ഡിജിറ്റൽ ലൈബ്രറി സൗകര്യങ്ങളും ലഭ്യമാകുന്ന രീതിയിൽ 200 കോളേജുകളെയെങ്കിലും സംസ്ഥാനതല വിവര ശൃംഖലയുമായി ബന്ധിപ്പിക്കുക.

രാജ്യത്തെ പ്രമുഖ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടപ്പാക്കുന്ന, മാനവ വിഭവ ശേഷി വകുപ്പിന്റെ, സാങ്കേതിക സഹായ പഠനത്തിന് ദേശീയ പദ്ധതി (NPTEL) യുമായി സഹകരിച്ച് പ്രവർത്തിക്കുക. ഇതിലൂടെ AICTE നിലവാരത്തിലുള്ള പാഠ്യവിഷയങ്ങൾ 200-ഓളം കോഴ്സുകളിൽ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ലഭ്യമാക്കാനാവും.

EDUSATന്റേയോ കേബിൾ ടി.വി.യുടേയോ സാധ്യതകളുപയോഗിച്ച് വിവിധ



# കുതിച്ചുചാട്ടമുണ്ടാക്കും

നമ്മുടെ അയൽസംസ്ഥാനങ്ങൾ ഐ.ടി. രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചപ്പോഴെല്ലാം കേരളം അക്കാര്യത്തിൽ വളരെ പിന്നിലായിരുന്നു. എന്നാൽ വീഴ്ചകളൊക്കെ ഭൂതകാലത്തിലേക്ക് തള്ളിവിട്ടുകൊണ്ട് ഒരു ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ് കേരളം. ഇപ്പോൾ ഐ.ടി. ഭൂപടത്തിൽ കേരളവും സ്ഥാനം പിടിച്ചു കഴിഞ്ഞു.

ഒരു ശിശുമാത്രമാണെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. പക്ഷെ ഇൻഫോസിസ്, വിപ്രോ തുടങ്ങി ഈ രംഗത്തെ ദേശീയവമ്പന്മാർ പോലും ഇവിടേയ്ക്ക് ശ്രദ്ധപതിപ്പിച്ചത് അടുത്തകാലത്തു മാത്രമാണ്. കുറച്ചേറെക്കാലമായി ഇവിടെ പ്രവർത്തിക്കുന്ന ഒരേ ഒരു വമ്പൻ ടാറ്റാ കൺസൽട്ടൻസി സർവ്വീസ് (ടി.സി.എസ്) മാത്രമാണ്. അവർ ടെക്നോപാർക്കിൽ ഒരു ട്രെയിനിംഗ് സെന്ററും നടത്തുന്നുണ്ട്. കേരളത്തെപ്പോലെ സമ്പൂർണ്ണ സാക്ഷരതയും സാങ്കേതിക വിദഗ്ദ്ധരുടെ വൻവ്യൂഹവുമുള്ള കേരളം ഒട്ടേറെ ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കേണ്ടതായിരുന്നു. പക്ഷെ അതും സംഭവിച്ചില്ല.

കഴിഞ്ഞ വർഷങ്ങളിൽ ഈ രംഗത്തു വൻ നേട്ടമുണ്ടാക്കിയ സംസ്ഥാനങ്ങളുടെ പ്രവർത്തനം നമുക്കൊന്നു വിശകലനം ചെയ്യാം. ഇന്ത്യയെ ഒരു സോഫ്റ്റ്‌വെയർ പവ്വർഹൗസായും, ലോകത്തിലെ ഔട്ട്സോഴ്സിംഗ് ഹബ്ബായും മാറ്റാൻ പര്യാപ്തമായ രീതിയിൽ ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് വൻമുന്നേറ്റം നടത്തിയതിന്റെ ചാലകശക്തിയായി പ്രവർത്തിച്ചത് പ്രധാനമായും ബാംഗ്ലൂരാണ്. ഈ നഗരത്തിന്റെ ആസ്വാദ്യകരമായ കാലാവസ്ഥ ഇക്കാര്യത്തിൽ ഒരു വലിയ പങ്കുവഹിച്ചു.

ടെക്സ്സ് ഇൻസ്ട്രുമെന്റ്സ് 1984 -ൽ കടന്നുവന്നതാണ് ഈ മുന്നേറ്റത്തിന്റെ തുടക്കം. കേന്ദ്ര ഇലക്ട്രോണിക്സ് വകുപ്പ് സോഫ്റ്റ് വെയർ നയം പ്രഖ്യാപിക്കുന്നതിന് രണ്ടുവർഷം മുമ്പാണിത് സംഭവിച്ചത്; സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് സ്ഥാപിതമാകുന്നതിന് 7 വർഷം മുൻപും.

ഇന്ന് ഇന്ത്യയുടെ സിലിക്കൺ വാലി

വിഷയങ്ങളിൽ പതിവായി ടെലിവിഷൻ പരിപാടികൾ അവതരിപ്പിക്കുക. ഇതിനായി NPTELന്റെ കൈവശമുള്ള ദൃശ്യ ശേഖരങ്ങളും പുതുതായി പകർത്തുന്ന അധ്യാപന ദൃശ്യങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്.

എഞ്ചിനീയറിംഗ് കോളേജുകളിൽ രൂപവത്കരിക്കുന്ന വിദഗ്ദ്ധ വിഷയം ഗ്രൂപ്പുകളുടെ സഹായത്തോടെ കൂടുതൽ മെച്ചപ്പെട്ട അധ്യാപന സംവിധാനമൊരുക്കുന്നതിന് അതത് കോളേജുകളിലെ അധ്യാപകരെ പ്രാപ്തരാക്കുക.

ദേശീയ പാഠ്യപദ്ധതി (NTPEL)യിൽ



ഉൾപ്പെടുന്ന വിഷയങ്ങൾക്ക് പുറമേ പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങളിൽക്കൂടി ഇലക്ട്രോണിക് പാഠ്യ സംവിധാനമൊരുക്കുക. ഇതിൽ കലാ-ശാസ്ത്ര-വാണിജ്യ-നിയമ-മാനേജ്മെന്റ് വിഷയങ്ങൾകൂടി ഉൾപ്പെടുത്തുന്നതാണ്.

എല്ലാ കോളേജുകൾക്കും ഗുണനിലവാരമുള്ള ഇന്റർനെറ്റ് സേവനം ഉറപ്പുവരുത്തുക. ഇതോടൊപ്പം കോളേജുകളുടെ ദൈനംദിന അക്കാഡമിക-ഭരണ-നിർവഹണ-മാനേജ്മെന്റ് കാര്യങ്ങൾ ആധുനികവത്കരിക്കുന്നതുമാണ്.

സ്വതന്ത്ര ബിരുദ പഠനാർത്ഥം ശാസ്ത്ര-സാങ്കേതിക-കലാ വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു കല്പിത കേന്ദ്രം (VISTA) സ്ഥാപിക്കുക. ഇതിലൂടെ വിവിധ വിഷയങ്ങളിൽ സ്വതന്ത്ര പഠനത്തിന് രാജ്യത്തെ മെച്ചപ്പെട്ട സ്ഥാപനങ്ങളെ ബന്ധപ്പെടുത്താവുന്നതാണ്.

ഉന്നത വിദ്യാഭ്യാസമേഖലയെ ആധുനികവത്കരിക്കുകയും സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി സ്ഥാപനങ്ങളുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുകയുമാണ് പ്രോജക്ടിന്റെ അന്തിമലക്ഷ്യം. നിലവാരമുള്ള അധ്യാപകരെയും സ്ഥാപനങ്ങളെയും വളർത്തിയെടുക്കാനും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്താനും ഇത് വഴിതെളിക്കും. ഇത് സാധ്യമാക്കാൻ ബിരുദാനന്തര-ഗവേഷണ മേഖലകളിലെ നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പഠനം നടന്നു വരികയാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് സ്വന്തമായി ഇലക്ട്രോണിക് പ്രസിദ്ധീകരണങ്ങളും ഡിജിറ്റൽ സൂക്ഷിപ്പ് രീതികളും വിവിധ വിഷയങ്ങളിലെ വിവരസങ്കേതങ്ങളും തയ്യാറാക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വേണ്ട ശേഷി പകർന്നു നൽകേണ്ടതുണ്ട്. രാജ്യത്തെ IIT കളുമായി ചേർന്ന് അന്തർ സർവകലാശാലാ തലത്തിൽ എഡ്യൂക്കേഷൻ ഗ്രിഡിനോടനുബന്ധിച്ച് സ്കൂൾ ഓഫ് അഡ്വാൻസ്ഡ് ഇൻഫർമാറ്റിക്സ് തുടങ്ങാനുള്ള ഒരുക്കങ്ങൾ നടന്നു വരികയാണ്.

കാർഷിക-ആരോഗ്യ മേഖലകൾ ഉൾപ്പെടെ വിവിധ സാമൂഹ്യ-സേവന മേഖലകളിൽ IIITM-K നടപ്പാക്കുന്ന വ്യത്യസ്ത പ്രോജക്ടുകളുടെ അനുഭവത്തിൽ, ഉന്നത-വിദൂര വിദ്യാഭ്യാസ മേഖലകളിൽ പ്രതീക്ഷാഭരമായ ഒരു നാളെയാണ് എഡ്യൂക്കേഷൻ ഗ്രിഡ് വിഭാവന ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാവുന്ന ഈ മുന്നേറ്റം സംസ്ഥാനത്ത് മറ്റ് രംഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും, രാജ്യത്താകെത്തന്നെ വിദ്യാഭ്യാസ-ഗവേഷണ രംഗങ്ങളിൽ പുത്തനുണർവിനുള്ള ഒരു മാതൃകയാക്കുന്നതിനും നമുക്ക് കഴിയണം. ■



# ഐ.ടി. രംഗത്ത്

സന്ധ്യ കെ. മാവേലിൽ

സോഫ്റ്റ് വെയർ കയറ്റുമതി രംഗത്ത് 2004-05-ൽ മുൻവർഷത്തെ അപേക്ഷിച്ച് കേരളം 50 ശതമാനം വളർച്ച നേടി. മൊത്തം 310 കോടി രൂപയുടെ കയറ്റുമതിയാണ് കഴിഞ്ഞ വർഷം സംസ്ഥാനം നേടിയെടുത്തത്. തീർച്ചയായും ഇത് മതിപ്പുളവാക്കുന്ന നേട്ടമാണ്. പക്ഷെ നമ്മുടെ അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമുക്ക് അഭിമാനിക്കാൻ വകയുണ്ടെന്നു തോന്നുന്നില്ല. കഴിഞ്ഞവർഷം കർണ്ണാടകവും തമിഴ്നാടും ആന്ധ്രയും സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ നിന്നും നേടിയ തുക അറിയേണ്ടെ? കർണ്ണാടകം - 27600 കോടി രൂപ! തമിഴ്നാട് -10743 കോടിരൂപ ! ആന്ധ്രാപ്രദേശ് - 8270 കോടി രൂപ ! നമ്മൾ വെറും 310 കോടിയും. മൊത്തം വരുമാനത്തിൽ മാത്രമല്ല, നമ്മുടെ അയൽ സംസ്ഥാനങ്ങൾ മികച്ചനേട്ടം കൈവരിച്ചത്. അവരുടെ വളർച്ചാനിരക്കും അത്ഭുതകരമായിരുന്നു.

ഗവൺമെന്റിന്റെ തീവ്രശ്രമങ്ങളുണ്ടെങ്കിലും കേരളം വിവരസാങ്കേതിക രംഗത്ത്

പ്രോജക്ട് പുരോഗമിക്കുന്നതോടെ എല്ലാ വിഷയങ്ങളുടെയും സൈദ്ധാന്തിക-പ്രായോഗിക-പരിശീലന പഠനങ്ങൾക്ക് പുറമേ സാങ്കല്പിക പഠന പ്രവർത്തനങ്ങൾക്കും വേണ്ട സൗകര്യം വിഭാവന ചെയ്തിട്ടുണ്ട്. 2003 ഏപ്രിൽ മുതൽ സാമ്പത്തിക സഹായം ലഭിച്ചു തുടങ്ങിയ പ്രോജക്ടിന് രണ്ടു വയസാകുന്നു. ഇതിനകം നിരവധി നേട്ടങ്ങൾ പ്രോജക്ടിന് സ്വന്തമായിക്കഴിഞ്ഞു IIITM-K തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ്, CUSAT, കോഴിക്കോട് NIT എന്നിവിടങ്ങളിൽ വിഭവകേന്ദ്രങ്ങൾ തുറന്നു കഴിഞ്ഞു. IIITM-K യുടെ കീഴിൽ തിരുവനന്തപുരത്ത് ടെക്നോപാർക്കിലുള്ള എഡ്യുക്കേഷൻ ഗ്രിഡ് ഓപ്പറേഷൻസ് സെന്ററിൽ പ്രധാന പോർട്ടൽ നിയന്ത്രണ സംവിധാനം ഒരുങ്ങിക്കഴിഞ്ഞു. വിവിധ തലങ്ങളിലുള്ളവർക്കായി മുപ്പതോളം ഹ്രസ്വകാല പഠന പരിപാടികൾ ഇതിനകം സംഘടിപ്പിച്ചു. മേൽ സൂചിപ്പിച്ച നാല് വിവഭകേന്ദ്രങ്ങളും ഇതാദ്യമായാണ് സ്വന്തം സ്ഥാപനങ്ങളിൽ നേരിട്ട് ഇലക്ട്രോണിക് പഠനസംവിധാനം പ്രയോജനപ്പെടുത്തുന്നത്. തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ നിലവാരമുള്ള ഇലക്ട്രോണിക് പഠന സാമഗ്രികൾ തയ്യാറാക്കാൻ IIITM-K ക്ക് കഴിഞ്ഞു.

എർനെറ്റ്(ERNET)സഹായത്തോടെ കേരളത്തിലെ പ്രധാനപ്പെട്ട നാല് സർവകലാശാലകളിൽ ഇലക്ട്രോണിക് ജേണലുകളുടെ സേവനം ലഭ്യമായിത്തുടങ്ങി. ഇലക്ട്രോണിക് പഠന സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് ഗൗരവകരമായ ചർച്ചകൾ സർവകലാശാലകളിലും കോളേജുകളിലും ആരംഭിച്ചുകഴിഞ്ഞു. ഈ മുന്നൊരുക്കങ്ങളോടെ ഇനിപ്പറയുന്ന ലക്ഷ്യങ്ങളുമായി പ്രോജക്ട് 2005-2006 ലേക്ക് കടക്കുകയാണ്.

ഇലക്ട്രോണിക് പഠന സംവിധാനങ്ങളും ഡിജിറ്റൽ ലൈബ്രറി സൗകര്യങ്ങളും ലഭ്യമാകുന്ന രീതിയിൽ 200 കോളേജുകളെയെങ്കിലും സംസ്ഥാനതല വിവര ശൃംഖലയുമായി ബന്ധിപ്പിക്കുക.

രാജ്യത്തെ പ്രമുഖ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടപ്പാക്കുന്ന, മാനവ വിഭവ ശേഷി വകുപ്പിന്റെ, സാങ്കേതിക സഹായ പഠനത്തിന് ദേശീയ പദ്ധതി (NPTEL) യുമായി സഹകരിച്ച് പ്രവർത്തിക്കുക. ഇതിലൂടെ AICTE നിലവാരത്തിലുള്ള പാഠ്യവിഷയങ്ങൾ 200-ഓളം കോഴ്സുകളിൽ എഞ്ചിനീയറിംഗ് കോളേജുകൾക്ക് ലഭ്യമാക്കാനാവും.

EDUSATന്റേയോ കേബിൾ ടി.വി.യുടേയോ സാധ്യതകളുപയോഗിച്ച് വിവിധ



# കുതിച്ചുചാട്ടമുണ്ടാക്കും

**നമ്മുടെ അയൽസംസ്ഥാനങ്ങൾ ഐ.ടി. രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചപ്പോഴെല്ലാം കേരളം അക്കാര്യത്തിൽ വളരെ പിന്നിലായിരുന്നു. എന്നാൽ വീഴ്ചകളൊക്കെ ഭൂതകാലത്തിലേക്ക് തള്ളിവിട്ടുകൊണ്ട് ഒരു ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ് കേരളം. ഇപ്പോൾ ഐ.ടി. ഭൂപടത്തിൽ കേരളവും സ്ഥാനം പിടിച്ചു കഴിഞ്ഞു.**

ഒരു ശിശുമാത്രമാണെന്നാണ് കണക്കുകൾ തെളിയിക്കുന്നത്. പക്ഷെ ഇൻഫോസിസ്, വിപ്രോ തുടങ്ങി ഈ രംഗത്തെ ദേശീയവമ്പന്മാർ പോലും ഇവിടേയ്ക്ക് ശ്രദ്ധപതിപ്പിച്ചത് അടുത്തകാലത്തു മാത്രമാണ്. കുറച്ചേറെക്കാലമായി ഇവിടെ പ്രവർത്തിക്കുന്ന ഒരേ ഒരു വമ്പൻ ടാറ്റാ കൺസൽട്ടൻസി സർവ്വീസ് (ടി.സി.എസ്) മാത്രമാണ്. അവർ ടെക്നോപാർക്കിൽ ഒരു ട്രെയിനിംഗ് സെന്ററും നടത്തുന്നുണ്ട്. കേരളത്തെപ്പോലെ സമ്പൂർണ സാക്ഷരതയും സാങ്കേതിക വിദഗ്ദ്ധരുടെ വൻവ്യൂഹവുമുള്ള കേരളം ഒട്ടേറെ ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കേണ്ടതായിരുന്നു. പക്ഷെ അതും സംഭവിച്ചില്ല.

കഴിഞ്ഞ വർഷങ്ങളിൽ ഈ രംഗത്തു വൻ നേട്ടമുണ്ടാക്കിയ സംസ്ഥാനങ്ങളുടെ പ്രവർത്തനം നമുക്കൊന്നു വിശകലനം ചെയ്യാം. ഇന്ത്യയെ ഒരു സോഫ്റ്റ്‌വെയർ പവ്വർഹൗസായും, ലോകത്തിലെ ഔട്ട് സോഴ്സിംഗ് ഹബ്ബായും മാറ്റാൻ പര്യാപ്തമായ രീതിയിൽ ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് വൻമുന്നേറ്റം നടത്തിയതിന്റെ ചാലകശക്തിയായി പ്രവർത്തിച്ചത് പ്രധാനമായും ബാംഗ്ലൂരാണ്. ഈ നഗരത്തിന്റെ ആസ്വാദ്യകരമായ കാലാവസ്ഥ ഇക്കാര്യത്തിൽ ഒരു വലിയ പങ്കുവഹിച്ചു.

ടെക്സ്സ് ഇൻസ്ട്രുമെന്റ്സ് 1984 -ൽ കടന്നുവന്നതാണ് ഈ മുന്നേറ്റത്തിന്റെ തുടക്കം. കേന്ദ്ര ഇലക്ട്രോണിക്സ് വകുപ്പ് സോഫ്റ്റ് വെയർ നയം പ്രഖ്യാപിക്കുന്നതിന് രണ്ടുവർഷം മുമ്പാണിത് സംഭവിച്ചത്; സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് സ്ഥാപിതമാകുന്നതിന് 7 വർഷം മുൻപും.

ഇന്ന് ഇന്ത്യയുടെ സിലിക്കൺ വാലി

---

വിഷയങ്ങളിൽ പതിവായി ടെലിവിഷൻ പരിപാടികൾ അവതരിപ്പിക്കുക. ഇതിനായി NPTELന്റെ കൈവശമുള്ള ദൃശ്യ ശേഖരങ്ങളും പുതുതായി പകർത്തുന്ന അധ്യാപന ദൃശ്യങ്ങളും ഉപയോഗപ്പെടുത്താവുന്നതാണ്.

എഞ്ചിനീയറിംഗ് കോളേജുകളിൽ രൂപവത്കരിക്കുന്ന വിദഗ്ദ്ധ വിഷയം ഗ്രൂപ്പുകളുടെ സഹായത്തോടെ കൂടുതൽ മെച്ചപ്പെട്ട അധ്യാപന സംവിധാനമൊരുക്കുന്നതിന് അതത് കോളേജുകളിലെ അധ്യാപകരെ പ്രാപ്തരാക്കുക.

ദേശീയ പാഠ്യപദ്ധതി (NTPEL)യിൽ ഉൾപ്പെടുന്ന വിഷയങ്ങൾക്ക് പുറമേ പ്രാദേശിക പ്രാധാന്യമുള്ള വിഷയങ്ങളിൽക്കൂടി ഇലക്ട്രോണിക് പാഠ്യ സംവിധാനമൊരുക്കുക. ഇതിൽ കലാ-ശാസ്ത്ര-വാണിജ്യ-നിയമ-മാനേജ്മെന്റ് വിഷയങ്ങൾകൂടി ഉൾപ്പെടുത്തുന്നതാണ്.



എല്ലാ കോളേജുകൾക്കും ഗുണനിലവാരമുള്ള ഇന്റർനെറ്റ് സേവനം ഉറപ്പുവരുത്തുക. ഇതോടൊപ്പം കോളേജുകളുടെ ദൈനംദിന അക്കാഡമിക-ഭരണ-നിർവഹണ-മാനേജ്മെന്റ് കാര്യങ്ങൾ ആധുനികവത്കരിക്കുന്നതുമാണ്.

സ്വതന്ത്ര ബിരുദ പഠനാർത്ഥം ശാസ്ത്ര-സാങ്കേതിക-കലാ വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു കല്പിത കേന്ദ്രം (VISTA) സ്ഥാപിക്കുക. ഇതിലൂടെ വിവിധ വിഷയങ്ങളിൽ സ്വതന്ത്ര പഠനത്തിന് രാജ്യത്തെ മെച്ചപ്പെട്ട സ്ഥാപനങ്ങളെ ബന്ധപ്പെടുത്താവുന്നതാണ്.

ഉന്നത വിദ്യാഭ്യാസമേഖലയെ ആധുനികവത്കരിക്കുകയും സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി സ്ഥാപനങ്ങളുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുകയുമാണ് പ്രോജക്ടിന്റെ അന്തിമലക്ഷ്യം. നിലവാരമുള്ള അധ്യാപകരെയും സ്ഥാപനങ്ങളെയും വളർത്തിയെടുക്കാനും വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്താനും ഇത് വഴിതെളിക്കും. ഇത് സാധ്യമാക്കാൻ ബിരുദാനന്തര-ഗവേഷണ മേഖലകളിലെ നിലവാരം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച പഠനം നടന്നു വരികയാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് സ്വന്തമായി ഇലക്ട്രോണിക് പ്രസിദ്ധീകരണങ്ങളും ഡിജിറ്റൽ സൂക്ഷിപ്പ് രീതികളും വിവിധ വിഷയങ്ങളിലെ വിവര സങ്കേതങ്ങളും തയ്യാറാക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വേണ്ട ശേഷി പകർന്നു നൽകേണ്ടതുണ്ട്. രാജ്യത്തെ IIT കളുമായി ചേർന്ന് അന്തർ സർവകലാശാലാ തലത്തിൽ എഡ്യൂക്കേഷൻ ഗ്രിഡിനോടനുബന്ധിച്ച് സ്കൂൾ ഓഫ് അഡ്വാൻസ്ഡ് ഇൻഫർമാറ്റിക്സ് തുടങ്ങാനുള്ള ഒരുക്കങ്ങൾ നടന്നു വരികയാണ്.

കാർഷിക-ആരോഗ്യ മേഖലകൾ ഉൾപ്പെടെ വിവിധ സാമൂഹ്യ-സേവന മേഖലകളിൽ IIITM-K നടപ്പാക്കുന്ന വ്യത്യസ്ത പ്രോജക്ടുകളുടെ അനുഭവത്തിൽ, ഉന്നത-വിദൂര വിദ്യാഭ്യാസ മേഖലകളിൽ പ്രതീക്ഷാഭരമായ ഒരു നാളെയാണ് എഡ്യൂക്കേഷൻ ഗ്രിഡ് വിഭാവന ചെയ്യുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പാവുന്ന ഈ മുന്നേറ്റം സംസ്ഥാനത്ത് മറ്റ് രംഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും, രാജ്യത്താകെത്തന്നെ വിദ്യാഭ്യാസ-ഗവേഷണ രംഗങ്ങളിൽ പുത്തനുണർവിനുള്ള ഒരു മാതൃകയാക്കുന്നതിനും നമുക്ക് കഴിയണം.

ബാംഗ്ലൂരാണ്. ബാംഗ്ലൂരിന്റെ സിലിക്കൺ വാലി ഔട്ട് സോഴ്സിംഗിലൂടെ തങ്ങളുടെ ജോലിസാധ്യതകൾ തട്ടിയെടുക്കുന്നുവെന്നാണ് കാലിഫോർണിയയിലെ സിലിക്കൺവാലിയുടെ പരാതി. ഇൻഫോസിസ്സും വിപ്രോയും ലോകത്തിലെ ഏറ്റവും മികച്ച സോഫ്റ്റ് വെയർ കമ്പനികളിൽപ്പെട്ടവയാണെന്ന് കാലിഫോർണിയയിലെ സിലിക്കൺ വാലിയും അംഗീകരിച്ചിട്ടുണ്ട്. ബാംഗ്ലൂരിന് ലഭിച്ച അന്താരാഷ്ട്ര അംഗീകാരത്തിന്റെ തണലിൽ കർണാടകം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച സോഫ്റ്റ്വെയർ കയറ്റുമതിക്കാരായി മാറി.

ആന്ധ്രാപ്രദേശും ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് വൻ ചുവടുവയ്പുകൾ നടത്തിക്കഴിഞ്ഞു. 1992-93-ൽ ആന്ധ്രയുടെ സോഫ്റ്റ് വെയർ കയറ്റുമതി വെറും 4 കോടിയുടേതായിരുന്നു. എന്നാൽ ഇന്നത് 8270 കോടി രൂപയായി വളർന്ന് വികസിച്ചിരിക്കുന്നു. വിപണനത്തിന്റെ എല്ലാ സാധ്യതകളും ഉപയോഗിച്ച് മൈക്രോസോഫ്റ്റിന്റെയും ഒറാക്കിളിന്റെയും സ്ഥാപനങ്ങൾ ആന്ധ്രയിൽ കൊണ്ടുവരാൻ അവർക്ക് കഴിഞ്ഞു. ഈ രണ്ട് കമ്പനികളാണ് തങ്ങളുടെ ജോലി ഔട്ട് സോഴ്സിംഗ് ജോലികളുടെ ഒരു നല്ലഭാഗം ഇന്ത്യയിലെത്തിക്കുന്നത്. തദ്ദേശീയമായി വളർന്നുവന്ന 'സത്യം' കംപ്യൂട്ടേഴ്സും ആഗോളതലത്തിൽ തങ്ങളുടെ സാന്നിദ്ധ്യം അറിയിച്ചു കഴിഞ്ഞു.

പിൻതള്ളപ്പെടാൻ ആഗ്രഹമില്ലാത്ത തമിഴ്നാടും ഇൻഫർമേഷൻ രംഗത്ത് ചാടി വീണുകഴിഞ്ഞു. 12.8 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള റൈഡൽ പാർക്കിൽ അവർ വിശ്വോത്തര സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വ്യാവസായിക പുരോഗതി ഉറപ്പുവരുത്തുന്ന നയങ്ങളും. ഉയർന്ന ബാൻഡ് വിഡ്ത്തുമുള്ള ഒപ്റ്റിക്ക് ഫൈബർ കേബിൾ സ്ഥാപിച്ച് സംരംഭകർക്ക് അവ ഉപയോഗപ്പെടുത്താൻ അവർ അനുമതി നൽകിക്കഴിഞ്ഞു. സോഫ്റ്റ് വെയർ കയറ്റുമതി രംഗത്ത് അവരിന്ന് ഇന്ത്യയിൽ രണ്ടാം സ്ഥാനത്താണ്. തികച്ചും അസൂയാർഹമായ നേട്ടം; അർഹതപ്പെട്ട നേട്ടം.

നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ അത്ഭുതമായ വളർച്ചയ്ക്കു പിന്നിൽ ഒട്ടേറെ ഘടകങ്ങൾ ഉണ്ട്. എഞ്ചിനീയർമാരുടെ ഉറവ വറ്റാത്ത ലഭ്യതയാണ് കർണാടകത്തിലേക്ക് സാങ്കേതിക സംരംഭകരെ ആകർഷിച്ച ഒരു ഘടകം. സ്വകാര്യമേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകളും സാങ്കേതിക കോളേജുകളും ദശാബ്ധങ്ങൾക്കുമുമ്പ് ആരംഭിച്ച് നൂറുകണക്കിന് സാങ്കേതിക വിദ്യാവിദ്ഗ്ദ്ധരെ കർണാടകം ഉത്പാദിപ്പിച്ചു. ഇക്കാര്യത്തിൽ ആന്ധ്രയും തമിഴ്നാടും കർണാടകത്തിനു തൊട്ടുപിന്നിൽ തന്നെയുണ്ടായിരുന്നു. കേരളത്തിൽ അതിവിദഗ്ദ്ധ സാങ്കേതികവിദഗ്ദ്ധർ ഉണ്ട്. പക്ഷെ അവരുടെ അംഗസംഖ്യ പരാമർശിക്കപ്പെട്ട ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് തുലോം കുറവായിരുന്നു. അതുകൊണ്ട് തന്നെ ഇൻഫർമേഷൻ ടെക്നോളജി രംഗത്തെ വമ്പൻ കമ്പനികളെ ആകർഷിക്കാൻ കേരളത്തിനു കഴിഞ്ഞില്ല എന്നുവേണം കരുതാൻ.

കർണാടകയും തമിഴ്നാടും ആന്ധ്രപ്രദേശും ഈ രംഗത്ത് മുന്നിലെത്തിയതിനു പിന്നിൽ മൂന്ന് നഗരങ്ങളുടെ പേരും നാം സ്മരിക്കണം. അന്താരാഷ്ട്രനിലവാരമുള്ള നഗരങ്ങളുമായി ഒത്തുപോകാൻ ലോകം ചുറ്റി നടക്കുന്ന സാങ്കേതിക വിദ്യാവിദഗ്ദ്ധന് ബുദ്ധിമുട്ടില്ല. ഈ സംസ്ഥാന തലസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളനഗരങ്ങൾ വളരെ ചെറുതാണ്; വേണ്ടത്ര ആഭ്യന്തര സൗകര്യങ്ങളില്ല. യുവാക്കളുടെ ഹരമായ ബാംഗ്ലൂർ കർണാടകത്തെ ഒട്ടൊന്നുമല്ല സഹായിച്ചത്. ദക്ഷിണേന്ത്യയിൽ ഒരു സോഫ്റ്റ് വെയർ വിദഗ്ദ്ധൻ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന ആദ്യത്തെ നഗരം അന്നും ഇന്നും ബാംഗ്ലൂർ തന്നെയാണ്. കേരളത്തിൽ കമ്പനികൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കുപോലും ബാംഗ്ലൂർ ആസ്ഥാനമാക്കാൻ താത്പര്യം കാണിക്കുന്ന സോഫ്റ്റ് വെയർ വിദഗ്ദ്ധരെ പിടിച്ചു നിർത്താനായില്ല. വൻ നഗരങ്ങളും അവിടത്തെ സൗകര്യങ്ങളും സൃഷ്ടിച്ച ആഭിമുഖ്യത്തെ ചെറുക്കാൻ കഴിഞ്ഞ കാലങ്ങളിൽ കേരളത്തിന് ഒന്നുമുണ്ടായിരുന്നില്ല.

ട്രേഡ് യൂണിയനുകൾ പ്രശ്നം സൃഷ്ടിക്കുന്ന സംസ്ഥാനമെന്ന ദുഷ്പേര് കേരളത്തിന്റെ വികസന സാധ്യതകളെ ദോഷകരമായി ബാധിച്ചു. കേരളസംസ്ഥാന ഗവൺമെന്റ് എത്ര ശ്രമിച്ചിട്ടും ഈ ദുഷ്പേര് ഇന്നും തുടരുന്നു. ഒരു പരിധിവരെ ആവർത്തിച്ചുവരുന്ന ഹർത്താലും ബന്ദുകളും ഈ ദുഷ്പേര് വർദ്ധിപ്പിക്കാനേ സഹായിച്ചിട്ടുള്ളൂ. തങ്ങളുടെ കക്ഷികളിൽ നിന്ന് മണിക്കൂർ കണക്കിന് പ്രതിഫലം പറ്റുന്ന കമ്പനികൾക്ക് ബന്ദോ ഹർത്താലോ മൂലം ഒരു ദിവസം പോലും നഷ്ടപ്പെടുന്നത് അചിന്തനീയമാണ്. മറ്റ് സംസ്ഥാനങ്ങളിൽ പ്രശ്നങ്ങൾ ഇല്ലെന്നല്ല. പക്ഷെ കേരളത്തിൽ എന്നും പ്രശ്നമാണ് എന്ന ദുഷ്പേര് ഏട്ടിൽ പതിഞ്ഞുപോയി. അതുകൊണ്ടുതന്നെ വൻ സംരംഭങ്ങൾ കേരളത്തെ തഴഞ്ഞു. മലയാളിക്ക് സംരംഭകത്വമില്ല എന്ന തോന്നലും ഇൻഫർമേഷൻ ടെക്നോളജി രംഗത്തെ വളർച്ചയ്ക്ക് വിഘാതമായി. സാധാരണ മലയാളി കഠിനാധ്വാനിയാണ്, സംരംഭകത്വമുണ്ട്; പക്ഷെ മലയാളമണ്ണിന്റെ അതിരുകൾക്ക് അപ്പുറമാണ് ഇത്. ഇൻഫോസിസും സത്യം കംപ്യൂട്ടേഴ്സും പോലെ വളർന്ന് വികസിച്ച ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കേരളത്തിൽ ഒന്നു പോലുമില്ല. ഇതര സംസ്ഥാനത്തിൻ ഇൻഫർമേഷൻ ടെക്നോളജി വ്യാവസായിക സംരംഭങ്ങൾ തഴച്ച് വളർന്നപ്പോൾ വിരലിലെണ്ണാവുന്ന സ്ഥാപനങ്ങൾ മാത്രമാണ് കേരളത്തിൽ വേര് പിടിച്ചത്. ഐ.ബി.എസ് സോഫ്റ്റ് വെയറും യു.എസ്. സോഫ്റ്റ് വെയറുമൊക്കെ ഇൻഫർമേഷൻ ടെക്നോളജി രംഗത്തെ കേരള വിജയഗാഥകളിൽപ്പെട്ടവയാണ്. പക്ഷെ അവയുടെ സംഖ്യ വളരെ കുറവാണ്. അനുവദിച്ച കമ്പനികൾ തന്നെ വലുതും ചെറുകിടസ്ഥാപനങ്ങളായി നിലനിൽക്കാനാണ് താത്പര്യം കാണിച്ചത്. ആഗോളമത്സരരംഗത്ത് പൊരുതിനേടാൻ കേരളകമ്പനികൾ പൊതുവെ വിമുഖത കാണിച്ചിട്ടേയുള്ളൂ.

പക്ഷെ വീഴ്ച്ചകളൊക്കെ ഭൂതകാലത്തി



ലേക്കു തള്ളിവിട്ടുകൊണ്ട് ഒരുയിർത്തെഴുന്നേൽപിന്റെ പാതകളിലാണ് കേരളമിന്ന്. ഐ.ടി.ഭൂപടത്തിൽ കേരളവും സാന്നിദ്ധ്യമറിയിച്ചു കഴിഞ്ഞു. അമേരിക്കയിലെ വ്യാപാരമാന്ദ്യത്തിന്റെ നാളുകളായിരുന്നു പുതിയ നൂറ്റാണ്ടിന്റെ ആദ്യ രണ്ട് വർഷങ്ങൾ. തുടർന്നുള്ള വർഷങ്ങളിൽ ബാംഗ്ലൂരിനപ്പുറം ചിന്തിക്കാൻ അമേരിക്ക ആരംഭിച്ചു കഴിഞ്ഞു. സോഫ്റ്റ് വെയറിനു പുറമേ, ബിസിനസ്സ് പ്രോസ്സ് ഔട്ട് സോഴ്സിംഗ് കമ്പനികളും ഗുണനിലാവരമുള്ള ബിസിനസ്സ് സ്പേസിനുവേണ്ടി അന്വേഷണമാരംഭിച്ചു. ഇക്കുറി അവസരം മുതലാക്കാൻ കേരളവും മുന്നിട്ടിറങ്ങി.

വിപ്രോയും ഇൻഫോസിസും കേരളത്തിൽ യൂണിറ്റുകൾ സ്ഥാപിക്കാനെടുത്ത തീരുമാനം സംസ്ഥാനത്തിന് ഊർജം പകർന്നു. ഇൻഫോസിസ്സ് തിരുവനന്തപുരം തെരഞ്ഞെടുത്തപ്പോൾ വിപ്രോ കൊച്ചി ഇൻഫോപാർക്കാണ് തെരഞ്ഞെടുത്തത്. ടാറ്റാ കൺസൽറ്റൻസി കൊച്ചിയിൽ വികസന കേന്ദ്രം തുടങ്ങാനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ബിസിനസ് പ്രോസസ് ഔട്ട് സോഴ്സിംഗിൽ അലയൻസ് ഓൺഹില്ലും, എ.സി.എസും കേരളത്തിന്റെ പ്രതിഛായ വർദ്ധിപ്പിച്ചു. ഇപ്പോൾ ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി ചേർന്ന് കൊച്ചിയിൽ ഒരു സ്മാർട്ട് സിറ്റി രൂപീകരിക്കാനുള്ള ശ്രമത്തിലാണ് കേരളം. അതിനുള്ള നടപടികൾ വളരെയേറെ മുന്നോട്ടുപോയിക്കഴിഞ്ഞു. ഇത് രൂപീകൃതമാകുന്നതോടെ അന്താരാഷ്ട്രനിലവാരമുള്ള സൗകര്യങ്ങൾ കേരളത്തിലുമെത്തും 33000 പേർക്കെങ്കിലും തൊഴിൽ നൽകാൻ സ്മാർട്ട് സിറ്റിക്ക് ആകുമെന്നുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം വിശ്വസനീയമാണ്. അന്താരാഷ്ട്ര സൗകര്യങ്ങളൊരുക്കിയാൽ അതിന്റെ ഇരട്ടി തൊഴിലവസരമുണ്ടായാലും അത്ഭുതപ്പെടേണ്ടതില്ല.

ബിസിനസ് പ്രോസസ് ഔട്ട് സോഴ്സിംഗ് ഏറ്റെടുക്കാനുള്ള പര്യാപ്തതയിൽ കൊച്ചിയ്ക്ക് രണ്ടാംസ്ഥാനമാണ് നാസ്ക്രോ (നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ് വെയർ സർവ്വീസ് കമ്പനീസ്) കൽപ്പിച്ചിട്ടുള്ളത്. മാനവവിഭവശേഷി ലഭ്യത, ഭൂലഭ്യത, ടെലികോമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ, സർക്കാർ നയങ്ങൾ, ഊർജലഭ്യത, നഗരത്തെക്കുറിച്ചുള്ള വീക്ഷണം, ഇങ്ങനെ ഒട്ടേറെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നാസ്ക്രോം ഈ റേറ്റിംഗ് നൽകിയത്. എങ്കിലും പബ്ലിക് ട്രാൻസ്പോർട്ട് സംവിധാനം മെച്ചപ്പെടുത്തുക, മറ്റു വൻ നഗരങ്ങളെ അപേക്ഷിച്ച് കോളേജുകളുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുക, ഊർജരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുക തുടങ്ങിയവയിൽ സംസ്ഥാനം കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നും നാസ്ക്രോം റിപ്പോർട്ട് ആവശ്യപ്പെടുന്നു. ഈ പ്രശ്നങ്ങൾ കൂടി പരിഹരിക്കപ്പെട്ടാൽ കേരളം ഐ.ടി.രംഗത്തെ വൻമത്സ്യമായി മാറും - സംശയമില്ല. ■



# തെങ്ങുകൃഷി വികസനത്തിന് 1924 കോടിയുടെ പദ്ധതി

**കാ**റ്റു വീഴ്ചയും മറ്റു രോഗങ്ങളും കാരണം കായ്ഫലമില്ലാതായ തെങ്ങുകൾക്ക് പകരം അത്യുത്പാദന ശേഷിയുള്ള തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കാനുള്ള 1924 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയതായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. കേരവികസന ബോർഡ് രജതജൂബിലി ആഘോഷങ്ങളും കേരോത്സവവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

പദ്ധതിത്തുകയിൽ 169 കോടി രൂപ കേന്ദ്രവിഹിതമാണ്. 1348 കോടി രൂപ നബാർഡ് അടക്കമുള്ള വിവിധ ബാങ്കുകൾ നൽകും. ബാക്കി 407 കോടി രൂപ സംസ്ഥാന സർക്കാരിന്റെയും കേരകർഷകരുടെയും വിഹിതമാണ്.

ഗ്രാമപഞ്ചായത്തുകളിലൂടെ വികേന്ദ്രീകൃതമായി പദ്ധതി നടപ്പാക്കണം. കേരകർഷകരുടെ സംയോജിത കാർഷികസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനും കേന്ദ്രനിർദേശമുണ്ട്. പദ്ധതിയനുസരിച്ച് തോട്ടങ്ങളിൽ തെങ്ങിനു പുറമെ ഇടവിള കൂടി കൃഷി ചെയ്ത് വരുമാനമുണ്ടാക്കണം. ഓരോ പ്രദേശത്തിനും ചേരുന്ന തെങ്ങിനങ്ങളും ഇടവിളയിനങ്ങളും കണ്ടെത്താനുള്ള സാങ്കേതിക സഹായം സംസ്ഥാന സർക്കാർ പഞ്ചായത്തുകൾക്ക് നേരിട്ട് നൽകണം.

തെങ്ങിനൊപ്പം മണ്ണിന്റെ ഉത്പാദന ശേഷി വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്കും പദ്ധതിവിഹിതം ഉപയോഗപ്പെടുത്തണം. ഇതിന് സഹായകരമാവുന്ന പച്ചക്കറി ഇനങ്ങൾ കണ്ടെത്തണം. 560 കോടി നാളികേരമാണ് കേരളത്തിന്റെ ഉത്പാദനം. ഒരു നാളികേരത്തിന് ഒരു രൂപ കുറഞ്ഞാലും ഒരു രൂപ കൂടിയാലും കേരളത്തിന്റെ സമ്പദ്ഘടനയിൽ 560 കോടി രൂപയുടെ വ്യതിയാനുമുണ്ടാകും.

അതുപോലെ ഒരു തെങ്ങിൽ ഒരു നാളീകേരം കൂടുതലായി ഉത്പാദിപ്പിക്കാൻ കഴിഞ്ഞാലും വരുമാനത്തിൽ വലിയ വർധനയുണ്ടാകും. കാറ്റുവീഴ്ചയും മണ്ഡരിബാധയും മൂലം ഉത്പാദനമില്ലാതായ തെങ്ങുകൾക്കു പകരം പുതിയ തൈകൾ നടാനുള്ള കേന്ദ്രസഹായം നമ്മുടെ നാളികേര കാർഷിക മേഖലയെ സ്വാധീനിക്കും.

നാളികേരത്തിന്റെ ഉത്പാദനത്തെ ആശ്രയിക്കുന്ന കയർമേഖലയ്ക്കും കേന്ദ്രസർക്കാരിന്റെ അനുകൂല നിലപാട് പുത്തൻ ഉണർവേകും. കേരകർഷകരുടെ ആത്മവിശ്വാസം വളർത്താനുള്ള പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്. കാർഷികമേഖലയ്ക്ക് കേന്ദ്രത്തിന്റെ അർഹമായ പരിഗണന നേടിയെടുക്കാൻ മന്ത്രി ഗൗരിയമ്മയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിനു കഴിഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു. ■



# @ സ്കൂൾ ഒപ്പം @ ഹോം

എസ്.രാധാകൃഷ്ണൻ

സർക്കാരുദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ വാങ്ങാനുള്ള വായ്പാപദ്ധതി നടപ്പാക്കിയപ്പോൾ വരുമാനം പരിമിതമാണെങ്കിൽകൂടി ശശിധരൻപിള്ളയും കൊടുത്തു ഒരപേക്ഷ. പത്തു ദിനം കഴിഞ്ഞപ്പോൾ പിള്ളയുടെ ചെറിയ വീട്ടിലെ അരണ്ട വെളിച്ചത്തെ തോല്പിക്കുംവിധം കമ്പ്യൂട്ടർ മോണിറ്ററിൽനിന്നുള്ള പ്രകാശം പരന്നു. പന്ത്രണ്ടുകാരനായ പുത്രൻ മനോജ് പെട്ടെന്നു വീട്ടിൽ ഹീറോ ആയി. പല വർണങ്ങളിൽ തിളങ്ങുന്ന കോംപാക്ട് ഡിസ്കുകളും അങ്ങിങ്ങായി മിന്നുന്ന പല നിറത്തിലുള്ള കമ്പ്യൂട്ടർ ഭാഗങ്ങളും അവന്റെ കൈയിൽ കളിപ്പാവകളാണെന്ന് ശശിധരൻപിള്ളയും ഭാര്യ ജയകുമാരിയും മനസിലാക്കി. ദിനമോരോന്നു കഴിയുന്തോറും ടിവി കാണാൻ ചെലവഴിച്ചിരുന്ന സമയം അവർ മനോജിനൊപ്പം കമ്പ്യൂട്ടർ പഠിക്കാൻ ഉപയോഗിച്ചു. അങ്ങനെ മനോജിനൊപ്പം പിള്ളയും ഭാര്യയും ആധുനിക നൂറ്റാണ്ടിലെ കമ്പ്യൂട്ടർ കിഡ്സ് ആയി.

ശ്രീലങ്കയിൽ അഞ്ചു വയസുള്ള കുട്ടി കമ്പ്യൂട്ടറിൽ ഗെയിം കളിച്ചാൽ അവന് കമ്പ്യൂട്ടർ സാക്ഷരതയുണ്ടെന്നാണ് രേഖപ്പെടുത്തുന്നത്. കമ്പ്യൂട്ടർ എന്നാൽ കളിക്കാൻ കൂടിയുള്ളതാണെന്നും അത് സ്കൂളിൽ വച്ചു പഠിക്കാൻ മാത്രമുള്ളതല്ലെന്നും കുട്ടിയെ ബോധ്യപ്പെടുത്താൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. കുട്ടികൾ കമ്പ്യൂട്ടറിനെ കൂട്ടുകാരനായി കരുതുന്ന സ്ഥിതി കൂടിയാണ് കമ്പ്യൂട്ടർ സാക്ഷരത കൊണ്ട് അവിടെ ഉദ്ദേശിക്കുന്നത്.

കമ്പ്യൂട്ടർ സാക്ഷരതയെന്നാൽ സ്കൂളിൽ കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള അധ്യയനം മാത്രമാണെന്ന തെറ്റിധാരണ നമ്മുടെ നാട്ടിലുണ്ട്. കമ്പ്യൂട്ടർ എന്തോ വലിയ യന്ത്രമാണെന്നും അതുപയോഗിക്കുകയാണെങ്കിൽ മനുഷ്യന്റെ ജോലി ചെയ്യാനുള്ള കഴിവു നഷ്ടപ്പെടുമെന്നുമുള്ള മിഥ്യാധാരണകളിൽനിന്ന് ഉടലെടുത്തതാണ് ആ ചിന്താഗതി. സ്കൂളിൽ കമ്പ്യൂട്ടറിന്റെ മുന്നിലിരുന്നു പഠിക്കുന്ന എത്ര കുട്ടികൾക്കാണ് വീട്ടിൽ വന്നാൽ ആ ചങ്ങാത്തം നിലനിർത്താൻ കഴിയുന്നതെന്ന് നാം ആലോചിക്കേണ്ടിയിരിക്കുന്നു.

വിദ്യാർഥികൾക്ക് കമ്പ്യൂട്ടറുമായി അടുത്ത ബന്ധമുണ്ടാക്കാൻവേണ്ടി കംബോഡിയയിലെ സ്കൂളുകളിൽനിന്ന് വിദ്യാർഥികൾക്ക് വീട്ടിലേയ്ക്ക് ലാപ്ടോപ് കൊണ്ടുപോകാൻ അനുമതി നൽകി. കുട്ടികൾക്ക് വലിയ ഉത്സാഹമായിരുന്നു ഇക്കാര്യത്തിൽ. വീട്ടിൽ വൈദ്യുതിയില്ലാത്തപ്പോൾ ലാപ്ടോപ് പ്രവർത്തിപ്പിച്ച് അതിന്റെ സ്ക്രീനിൽനിന്ന് പ്രകാശമുണ്ടാക്കി കളിക്കുകയായിരുന്നു പലർക്കും പണി. സ്കൂളിലെ ഐ.ടി.ക്ക് പിന്തുണ നൽകാൻ വീട്ടിലും എന്തെങ്കിലും വേണ്ടേ എന്ന ചോദ്യത്തിനുള്ള ഉത്തരമാണിത്.

എന്നുവച്ചാൽ സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം ഏർപ്പെടുത്തുമ്പോൾ വീട്ടിലും കമ്പ്യൂട്ടർ വേണമെന്നല്ല. അമേരിക്കയിലെ നോർത്ത് കരോലിനയിൽ കർഷകർക്കിടയിൽ കമ്പ്യൂട്ടർ സാക്ഷരതയെക്കുറിച്ച് പഠനം നടത്തിയപ്പോൾ തെളിഞ്ഞത് കമ്പ്യൂട്ടർ സ്വന്തമായുള്ളവരിൽ മൂന്നിലൊന്നു മാത്രമേ അത് ഉപയോഗിക്കുന്നുള്ളു എന്നാണ്. അതേസമയം കമ്പ്യൂട്ടർ സ്വന്തമായില്ലാത്തവരിൽ 20% പേർ സ്ഥാപനങ്ങളിലും മറ്റുമായി കമ്പ്യൂട്ടർ ഉപയോഗിക്കുന്നുണ്ടായിരുന്നു.

നമ്മുടെ നാട്ടിൽ സ്വന്തമായി വീടുകളിൽ കമ്പ്യൂട്ടർ വാങ്ങാൻ തുടങ്ങിയത് പ്രധാനമായും കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടാണ്. ഓഫിസുകളിൽ കമ്പ്യൂട്ടർ ഉപയോഗിക്കുന്നവർ ജോലിയുടെ തുടർച്ചയായി വീട്ടിൽ ഉപയോഗിക്കാൻ വേണ്ടി കമ്പ്യൂട്ടർ വാങ്ങുന്നതിനെക്കാൾ മുന്തിയ പരിഗണന കുട്ടികളുടെ പഠനത്തിനാണ് നൽകിയത്. ഓരോ തലമുറ കഴിയുന്തോറും ഈ പ്രവണത വർധിക്കുമെന്നതുകൊണ്ട് കമ്പ്യൂട്ടറിന്റെ വ്യാപനം കാര്യമായി വർധിക്കുമെന്നത് ഉറപ്പാണ്. പക്ഷേ ഇത് കമ്പ്യൂട്ടർ വാങ്ങാൻ ശേഷിയുള്ള ഒരു വിഭാഗത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. കാലം ചെല്ലുന്തോറും കമ്പ്യൂട്ടറിന്റെ വില കുറയുന്നുവെന്നത് സത്യമാണ്. പക്ഷേ ഇപ്പോഴും സാധാരണക്കാരന്റെ കീശയിൽ ഒതുങ്ങുന്നതായി അതു വളർന്നിട്ടില്ല. പക്ഷേ കുടുംബത്തിൽ കൂടുതൽ ആളുകൾ ഉപയോഗിക്കുന്ന ഉപകരണമായി കമ്പ്യൂട്ടർ മാറിക്കഴിയുമ്പോൾ ഈ സ്ഥിതിയിൽ വ്യത്യാസം വന്നേയ്ക്കാം. ടിവി, ഫ്രിഡ്ജ് തുടങ്ങിയവയുടെ കാര്യത്തിൽ സംഭവിച്ചത് ഇതാണ്. അങ്ങനെയൊരു സ്ഥിതിയുണ്ടാകണമെങ്കിൽ വീടുകളിലെ കമ്പ്യൂട്ടർ സാക്ഷരത വർധിക്കണം. ഐ.ടി. അറ്റ് സ്കൂൾ എന്നതിന്റെ പങ്കാളിയായി ഐ.ടി. അറ്റ് ഹോം എന്ന സ്ഥിതി പ്രാവർത്തികമാകാൻ അക്ഷയ പോലെയുള്ള പദ്ധതികൾ വ്യാപകമായി പ്രാവർത്തികമാകണം.



അക്ഷരം പഠിക്കുന്നതിനു നാം പല മാർഗങ്ങൾ ആവിഷ്കരിച്ചതുപോലെ കുട്ടികളെ കമ്പ്യൂട്ടറിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള മാർഗങ്ങളും നിരവധിയാണ്. ഗെയിമുകൾ പോലും ഇതിൽ പെടും. വെബ്, ഇ-മെയിൽ, സംഗീതം, പെയിന്റ് തുടങ്ങിയവ വേറേ. വീട്ടിൽ കമ്പ്യൂട്ടർ സ്വന്തമായുള്ള കുട്ടികൾ പ്രധാനമായും പഠനവുമായി ബന്ധപ്പെട്ടാണ് അതുപയോഗിക്കുന്നത്. കൂടുതൽ സമയമുള്ളവർ നേരത്തെ സൂചിപ്പിച്ച മാർഗങ്ങൾക്കായി കമ്പ്യൂട്ടർ ഉപയോഗിക്കുന്നുണ്ട്. വീട്ടിൽ കമ്പ്യൂട്ടർ ഇല്ലാത്ത കുട്ടിയും ഉള്ള കുട്ടിയും തമ്മിൽ സ്കൂളിലെ കമ്പ്യൂട്ടർ പഠനത്തിൽ പ്രകടമായ വ്യത്യാസമുണ്ടെന്നാണ് വിവിധ രാജ്യങ്ങളിൽ നടത്തിയ വിശകലനങ്ങൾ വ്യക്തമാക്കുന്നത്. ഇതിൽ ഒട്ടും അതിശയോക്തിയില്ല. കാരണം ഏതു പഠനമാർഗത്തെയും എളുപ്പമുള്ളതാക്കി മാറ്റുന്നത് അതുമായി വിദ്യാർഥിക്കുണ്ടാകുന്ന പരിചയമാണ്.

വീട്ടിൽ സ്വന്തമായി പഠനമുറിയും അതിൽ കമ്പ്യൂട്ടറുമുള്ള വിദ്യാർഥിക്ക് സ്വകാര്യതയുടെ നിമിഷങ്ങളുണ്ടായിരിക്കാം. പക്ഷേ സാമ്പത്തികമായി അത്ര മെച്ചപ്പെടാത്തതോ അല്ലെങ്കിൽ സ്വകാര്യതയുടെ മറവോ ഇല്ലാത്ത ഒരു വീട്ടിൽ കുട്ടിയുടെ കമ്പ്യൂട്ടർപഠനം കുടുംബത്തിന്റെ മൊത്തം പഠനമായി മാറുന്നു. അവിടെ കമ്പ്യൂട്ടറുപയോഗിക്കുന്നതുകൊണ്ട് കുട്ടി കുടുംബത്തിന്റെ അഭിമാനഭാജനമായി മാറുകയാണു ചെയ്യുന്നത്. സ്വന്തം മാതാപിതാക്കളെപ്പോലും കമ്പ്യൂട്ടർ സാക്ഷരരാക്കാൻ അവനു കഴിയും. സമൂഹത്തിന്റെ കമ്പ്യൂട്ടർ സാക്ഷരത ഇത്തരം കുട്ടികളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. പക്ഷേ അവിടെയും പ്രധാന പ്രതിബന്ധം അവന് സ്വന്തമായി വില കുറഞ്ഞതാണെങ്കിൽപോലും ഒരു കമ്പ്യൂട്ടർ ലഭിക്കുന്നുണ്ടോ എന്നതാണ്. അതിന് ഇന്റർനെറ്റ് ബന്ധം ലഭ്യമാകുന്നില്ലെന്നതും കുട്ടിക്ക് കമ്പ്യൂട്ടറിനു മുന്നിൽ ചെലവഴിക്കാൻ സമയം കിട്ടുന്നില്ലെന്നതും മറ്റു പ്രതികൂല ഘടകങ്ങളാണ്.

വീട്ടിലെ കമ്പ്യൂട്ടർ പഠനം താഴെപറയുന്ന ഘടകങ്ങളെക്കൂടി ആശ്രയിച്ചാണ് നിലനിൽക്കുന്നത്.

## മാതാപിതാക്കളുടെ മനോഭാവം

ഇന്നത്തെ സ്ഥിതിയിൽ കേരളത്തിൽ ഒരു മാതാവും ഒരു പിതാവും കുട്ടി കമ്പ്യൂട്ടർ പഠിക്കുന്നതിനെ എതിർക്കുകയില്ല. അവർക്ക് തടസം നിൽക്കുന്നത് സാമ്പത്തികമുൾപ്പെടെയുള്ള അസൗകര്യങ്ങളാണ്.

## മാതാപിതാക്കളുടെ കമ്പ്യൂട്ടർ സാക്ഷരത

മാതാപിതാക്കൾക്ക് കമ്പ്യൂട്ടർ സാക്ഷരതയുണ്ടെങ്കിൽ വീട്ടിൽ കമ്പ്യൂട്ടർ വാങ്ങുന്നതും പഠിക്കുന്നതും എളുപ്പമാണ്. അതേസമയം കമ്പ്യൂട്ടർ സാക്ഷരതയില്ലാത്ത വീടുകളിൽ കമ്പ്യൂട്ടറിന്റെ ആവശ്യകത ബോധ്യപ്പെടുത്താൻ കൂടുതൽ സമയമെടുത്തേയ്ക്കും. രണ്ടായാലും കുട്ടികൾക്ക് വീട്ടുകാരുടെ പങ്കാളിത്തം ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

## അടിസ്ഥാന സൗകര്യങ്ങൾ

വൈദ്യുതി, ഇന്റർനെറ്റ്, കമ്പ്യൂട്ടർ സർവീസിംഗ് തുടങ്ങിയവയും കമ്പ്യൂട്ടർ പഠനത്തിൽ നിർണായക സ്വാധീനം ചെലുത്തുന്നുണ്ട്. ഇത്തരം സൗകര്യങ്ങളുടെ അപര്യാപ്ത ഫലത്തിൽ പഠനച്ചെലവു വർധിപ്പിക്കുകയാണു ചെയ്യുന്നത്. സ്ഥിരമായി വൈദ്യുതി തകരാറുണ്ടാകുന്ന സ്ഥലത്ത് യു.പി.എസ്. ഇല്ലാതെ കമ്പ്യൂട്ടർ ഉപയോഗിക്കാനാവില്ല. ഫോൺ ബന്ധം അല്ലെങ്കിൽ ബ്രോഡ്ബാൻഡ് സൗകര്യം എന്നിവ ഇന്റർനെറ്റ് ഉപയോഗത്തെ സ്വാധീനിക്കുകയും ചെയ്യും. കേബിൾ മോഡം ഉപയോഗിക്കുന്നവർ മെസൻജർ പോലുള്ള സംവിധാനത്തിലേയ്ക്കു പോകുമ്പോൾ ഡയൽ-അപ് മോഡമാണെങ്കിൽ ചെലവു ഭയന്ന് സാധാരണ ഇ-മെയിൽ സംവിധാനത്തെ ആശ്രയിക്കേണ്ടിവരും.

ഇവയ്ക്കുള്ള പരിഹാരങ്ങളായി പല മാർഗങ്ങളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവ സ്വീകരിക്കാൻ തക്ക പാകത നമ്മുടെ സമൂഹത്തിനുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. കുട്ടികൾക്ക് കമ്പ്യൂട്ടർ സ്വന്തമാക്കാൻ പറ്റിയ വായ്പാ പദ്ധതികൾ ഇന്നും വേണ്ടത്രയില്ല. കമ്പ്യൂട്ടർ വാങ്ങിയാൽത്തന്നെ കുറഞ്ഞ ചെലവിൽ സർവീസിംഗ് ഉറപ്പാക്കുന്നതിനോ ആദായകരമായ ഇന്റർനെറ്റ് കണക്ഷൻ ബന്ധങ്ങൾ നൽകുന്നതിനോ ഉള്ള സംവിധാനങ്ങൾ പരിമിതമാണ്. രക്ഷാകർത്താക്കൾക്കു കൂടി പങ്കാളിത്തം നൽകുന്നതിനുള്ള രീതികൾ പാഠ്യപദ്ധതിയിൽ വേണ്ടത്രയുണ്ടോ എന്ന കാര്യത്തിലും സംശയമുണ്ട്.

കമ്പ്യൂട്ടറിന് ഇത്രയേറെ പ്രചാരം ലഭിച്ചിട്ടുണ്ടെങ്കിലും സ്വന്തം കുട്ടികളുടെ കാര്യം വരുമ്പോൾ ചില രക്ഷാകർത്താക്കൾക്കെങ്കിലും ആശങ്കകളുണ്ട്. കുട്ടിയുടെ ബുദ്ധിശക്തി ക്ഷയിപ്പിക്കാൻ കമ്പ്യൂട്ടറിനു കഴിയുമെന്ന് ചിലർ വിശ്വസിക്കുന്നു. തലച്ചോറിന്റെ ജോലിയാണ് കമ്പ്യൂട്ടർ ഏറ്റെടുത്തിരിക്കുന്നത് എന്നതുകൊണ്ട് ബുദ്ധി വികാസത്തിന് അത് തടസം നിൽക്കുമെന്നതാണ് ഇവരുടെ ധാരണ. യുക്തിക്കും വിജ്ഞാനത്തിനും പ്രാമുഖ്യം നൽകുന്ന പാഠ്യപദ്ധതിയിൽ ഈ തെറ്റിദ്ധാരണകൾക്ക് അടിസ്ഥാനമില്ലെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ. പഠനത്തിനും പഠനസഹായികൾക്കും അവയുടെ നിശ്ചിതസ്ഥാനം നൽകിയാൽ മതിയാകുമത്രെ. ജീവിതം യാന്ത്രികമായിട്ടുണ്ടെങ്കിലും മനുഷ്യന്റെ ഭാവനയ്ക്കും സർഗശക്തിക്കും വിലങ്ങിടാൻ കമ്പ്യൂട്ടറുകൾ ഇടയാക്കുമെന്നു തെളിഞ്ഞിട്ടില്ല.

സ്കൂളുകളിൽ കമ്പ്യൂട്ടറുകളെത്തുമ്പോൾ അതിനു പിന്തുണയായി വിദ്യാർഥികൾക്ക് വീട്ടിലും സൗകര്യങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞാൽ സമൂഹത്തിനു മൊത്തത്തിലുള്ള പ്രയോജനമാണ് ലഭിക്കുന്നത്. ■

# സർവംസഹയെ രക്ഷിക്കാൻ

**"മുണ്ഡിതശിരസ്കയായ്, നഗ്നയായ്, സൗര മണ്ഡലപ്പെരുവഴിയിലൂടെ" ഭൂമി എന്ന അമ്മ അലയുന്ന കാലം വിദൂരമല്ലെന്നോർക്കുക**

**കൈനകരി ഷാജി**

അതിവിശാലമാണ് ഭൂമി. അതിമനോഹരവും. ഭൂമി എന്ന വലിയ തറവാട്ടിലെ താമസക്കാരാണ് നമ്മൾ. മനുഷ്യർ മാത്രമല്ല അനേകതരം പക്ഷിമൃഗാദികളും വൃക്ഷലതാദികളും ഈ തറവാട്ടിലെ താമസക്കാരാണ്. ഈ തറവാട് നശിച്ചു നാറാണക്കല്ലിടാൻ നാം കാരണക്കാരാകരുത്.

സർവംസഹ എന്നു വിശേഷിപ്പിക്കാറുള്ള ഭൂമി അമ്മയെപ്പോലെയാണ്. എല്ലാം സഹിക്കും; ക്ഷമിക്കും. അമ്മയുടെ മുലപ്പാൽ മക്കൾക്കുള്ളതാണ്. അത് കുടിച്ചു വളരാം. മുല കുടിക്കുന്നതിന് പകരം അമ്മയുടെ മുലകൾ തന്നെ ഛേദിച്ചാലോ? അമ്മ മരിക്കും. നമ്മൾ അനാഥരാകും. നമ്മൾ നശിക്കും. മാതൃഹത്യ ഏറ്റവും കൊടിയ പാപമാണ്. ഭൂമി എന്ന അമ്മയെ ഇഞ്ചിഞ്ചായി കൊല്ലരുത്. അത് സർവ്വനാശത്തിലേ കലാശിക്കൂ. പരിസ്ഥിതി ബോധം ഉൾക്കൊള്ളാൻ ശ്രമിക്കുന്നവർ പഠിക്കേണ്ട ഒന്നാം പാഠം ഇതാണ്.

പരിസ്ഥിതി, പരിസ്ഥിതി ബോധം, പരിസ്ഥിതി സംരക്ഷണം എന്നൊക്കെ കേൾക്കുമ്പോൾ പരിഹസിച്ചു പുലമ്പുന്ന അഭ്യസ്തവിദ്യർ പോലുമുണ്ട്. ചില കവികൾക്ക് കവിത കുറിക്കാനും കുറെ ബുദ്ധിജീവികൾക്ക് നാടാകെ പ്രസംഗിച്ചു നടക്കാനും പാണ്ഡിത്യമുള്ളവർക്ക് പ്രബന്ധങ്ങൾ എഴുതിക്കൂട്ടാനുമുള്ള വിഷയം മാത്രമാണ് ഇതൊക്കെയെന്നു പലരും കരുതുന്നു. പരിസ്ഥിതി സന്തുലനം നിലനിർത്തിയില്ലെങ്കിൽ, ഭൂമിയുടെ ആരോഗ്യം ഉറപ്പുവരുത്തിയില്ലെങ്കിൽ, ഭൂമുഖത്ത് ജീവന്റെ കണികപോലുമുണ്ടാവില്ലെന്ന ഭീകരസത്യം അവർക്കറിയില്ല! അവരെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കുക എന്നതാണ് പരിസ്ഥിതിബോധമുള്ളവരുടെ പ്രധാന കടമ.

കാര്യങ്ങൾ കഴിയുന്നത്ര ലളിതമാക്കി പറഞ്ഞു കൊടുത്തെങ്കിലേ ജനങ്ങൾക്ക് മനസ്സിലാകൂ. അക്കാദമിക് തലത്തിലുള്ള സംവാദങ്ങളും കോഴിപ്പോരുകളും അവരെ സംബന്ധിച്ചിടത്തോളം നിഷ്പ്രയോജനമാണ്. ഈ വസ്തുത മനസ്സിലാക്കി പരിസ്ഥിതി വാദികൾ ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെല്ലണം. ജനമനസ്സിൽ ഇടം തേടണം. ജനങ്ങൾ മുഴുവനും ബുദ്ധിജീവികളല്ലെന്ന് മനസ്സിലാക്കിക്കൊണ്ട് ലളിതമായി പ്രസംഗിക്കാനും എഴുതാനും കഴിയാതെ പോകുന്നു എന്നതല്ലേ കേരളത്തിൽ പരിസ്ഥിതി പ്രവർത്തനം ജനകീയമാകാതെ ബുദ്ധിജീവി വൃത്ത പരിധിയിൽ കിടന്നു വട്ടം കറങ്ങാൻ കാരണം?

പരിസ്ഥിതി ബോധം ശക്തമാകാത്തതിന്റെ ഒരു കാരണം ആശയവിനിമയത്തിലെ തകരാറ് തന്നെ. വായിൽക്കൊള്ളാത്ത സാങ്കേതിക സംജ്ഞകളും വിഭ്രമിപ്പിക്കുന്ന ശാസ്ത്ര പദാവലിയും പിടികിട്ടാത്ത ജാർഗണും ഉപേക്ഷിച്ച് നേരെ ചൊവ്വേ കാര്യങ്ങൾ പഠിപ്പിക്കാൻ പരിസ്ഥിതി വാദികൾക്ക് കഴിയുന്നില്ല. സാധാരണക്കാരുടെ തലത്തിൽ നിന്നുകൊണ്ട് കാര്യങ്ങളെ വിലയിരുത്തുന്നവർക്ക് വ്യക്തമാകുന്ന വസ്തുത ഇതാണ്.



നാം ജീവിക്കുന്ന ഭൂമിയിൽ നമുക്ക് ജീവിക്കാനാവശ്യമായതെല്ലാം ഉണ്ടായിരുന്നു. കോടാനുകോടി മനുഷ്യർക്ക് കോടാനുകോടി വർഷം സന്തോഷത്തോടെ, സംതൃപ്തിയോടെ, ജീവിക്കാനാവശ്യമായതൊക്കെ ഭൂമി സംഭരിച്ചുവച്ചിരുന്നുവെങ്കിലും ഭൂമിയുടെ കലവറയിൽ പല വിഭവങ്ങളും ഇപ്പോൾ വേണ്ടത്ര ഇല്ല. ഭൂമിയിലെ ചില വിഭവങ്ങൾ ഒരിക്കൽ ഇല്ലാതായാൽ പിന്നീടൊരിക്കലും അവ ഉണ്ടാവില്ലെന്ന് ശാസ്ത്രജ്ഞർ പണ്ടേ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ബട്രൻഡ് റസ്സലിനെപ്പോലുള്ള ക്രാന്തദർശികളായ ചിന്തകർ ഹൃദയത്തിൽ തറയ്ക്കുന്ന ശൈലികൾ ഇതേപ്പറ്റി എഴുതിയിരുന്നു. മുൻ പറഞ്ഞ തരത്തിലുള്ള വിഭവങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഉപഭോക്താക്കളായ മനുഷ്യർക്ക് കരുതൽ വേണം; ഭാവിയെക്കുറിച്ച് ചിന്ത വേണം. ഉപഭോഗകാംക്ഷ അതിന്റെ പാരമ്യത്തിലെത്തിയപ്പോൾ മനുഷ്യരാശിക്ക് വകതിരിവും വീണ്ടുവിചാരവും നഷ്ടപ്പെട്ടു. സ്വാർത്ഥ

രായ മനുഷ്യർ ഭൂമിയെ അമിതമായി ചൂഷണം ചെയ്തു. അങ്ങനെയാണ് ജീവിതത്തിന് അത്യാവശ്യമായ പല വിഭവങ്ങളും വേണ്ടത്രയില്ലാത്ത അവസ്ഥയുണ്ടായത്. ഇതിന് ഭൂമിയെ പഴിച്ചിട്ട് കാര്യമില്ല. നമ്മുടെ ആർത്തിയും ആക്രാന്തവുമാണ് കുഴപ്പങ്ങൾ വരുത്തിത്തീർത്തത്.

ഭൂമിയുടെ ബാഹ്യവും ആന്തരികവുമായ മാറ്റങ്ങൾ ഉടനുടൻ മനസ്സിലാക്കുക എന്ന ലക്ഷ്യത്തോടെ ഭൂമിയെ സദാസമയം ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുന്ന ഗവേഷണ സ്ഥാപനമാണ് ലെസ്റ്റർ ആർ ബ്രൗൺ സ്ഥാപിച്ച 'വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ട്'. വാഷിങ്ടൺ ഡിസി ആസ്ഥാനമായ ഈ സ്ഥാപനം അക്ഷരാർത്ഥത്തിൽ ഭൂമിയെ



ശാരീരിക പരിശോധനക്ക് വിധേയമാക്കുകയാണ്.

ഭൂമിയുടെ ചില പ്രവണതകൾ ഇപ്പോഴത്തെ രീതിയിൽ തുടരാൻ അനുവദിക്കുന്ന പക്ഷം ഉണ്ടാകാവുന്ന ദുരന്തങ്ങളെപ്പറ്റി വർഷങ്ങൾക്കുമുമ്പ് ലെസ്റ്റർ ബ്രൗൺ മുന്നറിയിപ്പു നല്കിയിരുന്നു. ബ്രൗൺ പറഞ്ഞത് ശരിയാണെന്ന് കാലം തെളിയിച്ചു. ഭൂമിയുടെ സുസ്ഥിതിയിലും പരിസ്ഥിതി സന്തുലനത്തിലും തെല്ലും ശ്രദ്ധിക്കാതെ മനുഷ്യർ വിവേകരഹിതമായി പ്രവർത്തിച്ചാൽ വളരെ പെട്ടെന്ന് ആവാസവ്യവസ്ഥിതി തകിടം മറിയും. ഭൂമി വാസയോഗ്യമല്ലാതാകും. ബ്രൗണിന്റെ മുന്നറിയിപ്പിന്റെ രത്നച്ചുരുക്കം ഇതായിരുന്നു.

ഭൂമിയിലെ ജൈവസൂചനകളെ അടിസ്ഥാനമാക്കി കാലാകാലങ്ങളിൽ വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ട് നല്കിയ മുന്നറിയിപ്പുകളെ ലോകത്തെമ്പാടുമുള്ള ശാസ്ത്ര ഗവേഷകരും പരിസ്ഥിതി പ്രവർത്തകരും ഗൗരവപൂർവം കണക്കിലെടുക്കുകയുണ്ടായി.

വർഷങ്ങൾ കഴിയുന്തോറും ഭൂമിയിൽ വന വിസ്തൃതി കുറയുന്നു. മരുപ്രദേശങ്ങൾ വർദ്ധിക്കുന്നു. ഭൂമിയുടെ ഉപരിതലത്തിലെ മൺപാളികളുടെ കട്ടി കുറയുന്നു. അന്തരീക്ഷത്തിലെ ഓസോൺ വലയം നേർത്തു നേർത്തു വരുന്നു. ഭൂമിയിലെ ജൈവ വൈവിധ്യം കുറയുന്നു. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ അളവ് കൂടുന്നു. ഇതെല്ലാം അസ്വാസ്ഥ്യമുണ്ടാക്കുന്ന ദുസ്സൂചനകളാണെന്നാണ് വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണ്ടെത്തൽ.

സമീപകാലത്ത് പ്രകൃതിദുരന്തങ്ങൾ വർദ്ധിച്ചു. ഭൂമിയിലുണ്ടായ പലതരം മാറ്റങ്ങളാണ് ഇതിന് കാരണമെന്ന് ശാസ്ത്ര സമൂഹം അനുമാനിക്കുന്നു. അവരുടെ അനുമാനം തെറ്റാകാൻ സാധ്യതയില്ല.

ചുരുക്കിപ്പറഞ്ഞാൽ, ഭൂമിയുടെ ആരോഗ്യം കുറയുകയാണ്. ഇതിന്റെ ഭവിഷ്യത്ത് അനുഭവിക്കേണ്ടി വരുന്നത് ജീവിസമൂഹവും മനുഷ്യരുമാണ്. അപായകരമായ ഈ അവസ്ഥാന്തരത്തിൽ നിന്ന് ഭൂമിയെ രക്ഷിക്കുവാൻ വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 'State of the World' എന്ന റിപ്പോർട്ടിൽ ചില മാർഗങ്ങൾ നിർദേശിക്കുന്നുണ്ട്. വനവത്കരണം ഊർജിതമാക്കുക, ജനപ്പെരുപ്പം തടയുക, മണ്ണു സംരക്ഷണത്തിൽ ജാഗ്രത പാലിക്കുക, ഊർജ സ്രോതസ്സുകൾ ഇല്ലാതാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക തുടങ്ങിയവ ഭൂമിയെ രക്ഷിക്കാനുള്ള നിർദേശങ്ങളിൽ ചിലത് മാത്രം.

ഭൂമിയിൽ നാനാതരം സസ്യങ്ങളുണ്ട്. ഇന്ന് ലഭ്യമായ മരുന്നുകളിൽ 25 ശതമാനവും അവയിൽ നിന്ന് ഉണ്ടാക്കുന്നവയാണ്. മരങ്ങൾ ഭൂമിക്ക് സൗന്ദര്യം നല്കുന്നു. 'പുഴകൾ മലകൾ പൂവനങ്ങൾ, ഭൂമിക്ക് കിട്ടിയ സ്ത്രീധനങ്ങൾ' എന്ന് കല്പനാസമ്പന്നനായിരുന്ന കവി വയലാർ രാമവർമ്മ എഴുതി. മരം ഒരു വരമാണെന്നും കാട് ഒരു കവിതയാണെന്നും സങ്കല്പിക്കപ്പെട്ടു



പോന്നു. മരങ്ങൾ വളരുന്നിടത്ത് ചൂട് കുറവായിരിക്കുമെന്ന് അനുഭവങ്ങളിലൂടെ നമുക്കറിയാം. മരങ്ങൾ സമൃദ്ധമായി വളരുന്നിടത്ത് 10 ഡിഗ്രി സെന്റിഗ്രേഡ് വരെ അന്തരീക്ഷ ഊഷ്മാവ് കുറയുമെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. മരങ്ങളിലെ ഇലകൾ ജലാംശം പുറത്തേക്ക് വിടുന്നതാണ് കാരണം. പന്ത്രണ്ട് മീറ്റർ ഉയരമുള്ള ഒരു മരം ശരാശരി അഞ്ചു കിലോഗ്രാം ആഹാരം ഉത്പാദിപ്പിക്കുന്നതായി കണക്കാക്കപ്പെടുന്നു. പൂർണവളർച്ചയെത്തിയ ഒരു മരത്തിന് ഒരു മനുഷ്യൻ പുറന്തള്ളുന്ന കാർബൺ ഡൈ ഓക്സൈഡ് മുഴുവൻ ഉൾക്കൊള്ളുവാനും പകരം പ്രാണവായു നല്കുവാനും കഴിയും. ശബ്ദമലിനീകരണം തടയാൻ മരങ്ങൾക്ക് കഴിവുണ്ട്. പൊടിപടലം കുറയ്ക്കാനുള്ള കഴിവും മരങ്ങൾക്കുണ്ട്. വനങ്ങളുണ്ടെങ്കിലേ സമൃദ്ധമായ മഴ ലഭിക്കൂ. ഇതൊക്കെ ശാസ്ത്രം അംഗീകരിച്ച സത്യങ്ങളാണ്. ഭൂമിയെ സംരക്ഷിക്കാൻ ശ്രമിക്കുന്നവർ മരങ്ങളെ സംരക്ഷിക്കണമെന്ന് പറയുന്നതിന്റെ പൊരുൾ ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ.

പരിസ്ഥിതി സംരക്ഷണത്തിന് പരമ പ്രാധാന്യം നല്കിയില്ലെങ്കിൽ ഭൂമിയുടെ ആരോഗ്യം തകരും. മനുഷ്യരാശിയുടെ നിലനില്പു തന്നെ അപകടത്തിലാകും. കുറെ ശാസ്ത്രജ്ഞരും ബുദ്ധിജീവികളും സർക്കാരുകളും മാത്രം വിചാരിച്ചാൽ ഭൂമിയെ രക്ഷിക്കാനും പരിസ്ഥിതി സന്തുലനം നിലനിർത്താനും കഴിയില്ല. ജനങ്ങൾ മുഴുവൻ സഹകരിച്ചെങ്കിലേ പരിസ്ഥിതി സംരക്ഷണം ഫലപ്രദമാകൂ. പബ്ലിസിറ്റി സ്റ്റണ്ടുകളിൽ മാത്രം ശ്രദ്ധിക്കുന്ന ചില പരിസ്ഥിതി വാദികളുണ്ട്. ഭൂമിയും മനുഷ്യരാശിയും നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങളെപ്പറ്റിയും അവയുടെ ഗുരുതരാവസ്ഥയെപ്പറ്റിയും അവർക്ക് വേണ്ടത്ര ബോധമുണ്ടോ എന്ന് സംശയിക്കേണ്ടി വരുന്നു.

ഈ ഭൂമി ധനധാന്യ സമൃദ്ധവും നിത്യഹരിതവുമായി എക്കാലവും നിലനിന്നു കാണാൻ ആഗ്രഹിക്കുന്നവർ ഭൂമിയുടെ ആരോഗ്യപരിപാലനത്തിൽ ശ്രദ്ധിക്കണം. - സ്വന്തം അമ്മയെ പരിചരിക്കുന്നതു പോലെ ആത്മാർത്ഥതയോടെ പരിചരിക്കണം. ഇല്ലെങ്കിൽ ഒ.എൻ.വി. എഴുതിയതു പോലെ "മുണ്ഡിതശിരസ്കയായ്, നഗ്നയായ്, സൗരമണ്ഡലപ്പെരുവഴിയിലൂടെ" ഭൂമി എന്ന അമ്മ അലയുന്ന കാലം അകലെയാവില്ല....

# "മാരിവില്ലിൻ തേന്മലര് മാഞ്ഞു പോകുന്നോ........?"

എം.വി. ശശികുമാർ

ഏപ്രിലാണോ ഏറ്റവും ക്രൂരമായ മാസം? ഈ കവി വാക്യം സത്യമാക്കുകയായിരുന്നു രണ്ടായിരത്തിയഞ്ച് ഏപ്രിൽ. ഒ.വി. വിജയൻ, വൈക്കം ചന്ദ്രശേഖരൻ നായർ, കണിയാപുരം രാമചന്ദ്രൻ, കെ.പി.എ.സി. സുലോചന, സ്വാമി രംഗനാഥാനന്ദ..... ഇങ്ങനെ നമ്മുടെ സാംസ്കാരിക മണ്ഡലത്തിൽ നക്ഷത്രശോഭ വിടർത്തിയിരുന്ന എത്രയെത്ര പ്രകാശഗോപുരങ്ങളെയാണ് ഈ ഏപ്രിൽ നഷ്ടമാക്കിയത്. ഈ വിയോഗങ്ങളിൽ പണ്ഡിതനും പാമരനും, ധനികനും ദരിദ്രനും ഒരു പോലെ അറിഞ്ഞത് ഒരു വിയോഗമായിരുന്നു.... അത് മറ്റാരുടേയും അല്ല... മലയാളത്തിന്റെ പ്രിയ ഗായികയും, അഭിനേത്രിയുമായ കെ.പി.എ.സി. സുലോചന യുടേതായിരുന്നു.

ആധുനിക മലയാളി തന്റെ നിത്യജീവിതത്തിന്റെയോ, ഉത്തമ കലാസപര്യയുടെയോ ഭാഗമായി കണക്കാക്കാത്ത ഒരു രംഗത്ത് പ്രവർത്തിക്കുകയും, അടുത്ത കാലത്തൊ ന്നും പറയത്തക്ക സംഭാവനകൾ കലാരംഗത്ത് നൽകുകയും ചെയ്യാതെ എങ്ങനെ ഒരു കലാകാരിക്ക് തന്റെ വേർപാട് ജനസാമാന്യത്തിന് മുഴുവൻ അനുഭവവേദ്യമാക്കാൻ കഴിഞ്ഞു എന്നതൊരു അത്ഭുതമായി ചിലർക്ക് തോന്നാം. പക്ഷേ കെ.പി.എ.സി. സുലോചനയുടെ ജീവിതമറിയുന്നവർക്ക് ഇങ്ങനെയൊരു തോന്നലുണ്ടാകാനിടയില്ല; കാരണം അത് ഭാവനകൾക്കപ്പുറത്ത് മലയാള മണ്ണിന്റെ ഗന്ധമുള്ളതും, കലാജീവിതത്തിൽ നിന്ന് വേർപിരിക്കാനാകാത്തവിധം ഇഴുകിച്ചേർന്നതുമായിരുന്നു. ഇന്നലെ കണ്ട ചലച്ചിത്രത്തിലെയോ, നാടകത്തിലെയോ ഗാനത്തിന്റെ രണ്ടുവരി പോലും ഓർമിച്ചെടുക്കാനാകാത്ത മലയാളിയും, അമ്പതു വർഷം മുമ്പ് സുലോചനയുടെ ശബ്ദത്തിൽ പിറന്നു വീണ ഗാനങ്ങൾ ഇന്നും നെഞ്ചിലേറ്റി ലാളിക്കുന്നതും ഇതുകൊണ്ടു തന്നെയാകണം. ആധുനിക മാധ്യമങ്ങളായ ടെലിവിഷനോ, എന്തിന് ആകാശവാണി പോലും പ്രചാരം ഏറെയൊന്നും നേടാത്ത കാലത്താണ് സുലോചന പാടിയ ഗാനങ്ങൾ മലയാളനാടിന്റെ മുക്കിലും മൂലയിലും അലയടിച്ചത്. പാർട്ടിയോഗങ്ങളിലെ അവതരണ ഗാനങ്ങളായും സ്കൂൾ മത്സരവേദികളിലെ മത്സര ഗാനങ്ങളായും അത് അക്കാലത്തു തന്നെ മലയാളികൾക്കെല്ലാം ഹൃദിസ്ഥമായിരുന്നു. ആധുനിക മാധ്യമങ്ങൾ അത് മൂന്നാം തലമുറയിലേയ്ക്ക് കൈ മാറുക എന്ന കൃത്യം ഇപ്പോൾ നിർവഹിക്കുന്നുണ്ട്. നാടക അഭിനയവും, കലാ പ്രവർത്തനവുമെല്ലാം നടത്തുന്ന സ്ത്രീകൾ പതിതകളായി കണക്കാക്കിയിരുന്ന ഒരു കാലത്താണ് സുലോചന കലാരംഗത്തെത്തുന്നത്.

മാവേലിക്കര കോട്ടയ്ക്കകത്ത് കുഞ്ഞുകുഞ്ഞിന്റെയും കല്യാണിയുടെയും എട്ട് മക്കളിൽ നാലാമത്തേതായി 1938-ലാണ് സുലോചന പിറന്നത്. വിദ്യാഭ്യാസം കോട്ടയ്ക്കകം എൽ.പി. സ്കൂൾ, തിരുവനന്തപുരം പാളയം സ്കൂൾ, ഫോർട്ട് ഗേൾസ് സ്കൂൾ എന്നിവിടങ്ങളിലായിരുന്നു. എന്നാൽ സാമ്പത്തിക പ്രയാസം കാരണം സ്കൂൾ പഠനം മുഴുവനാക്കാൻ സുലോചനയ്ക്കായില്ല. പക്ഷേ സംഗീതത്തിൽ താത്പര്യമുണ്ടായിരുന്ന സുലോചന, അച്ചു അയ്യർ, തടിയൂർ ഗോപാലകൃഷ്ണൻ എന്നിവരുടെ അടുത്തു നിന്ന് തന്റെ സംഗീതപഠനം തുടർന്നു. ഇങ്ങനെ സംഗീതപഠനം തുടരുന്നതിനിടയിൽ തിരുവനന്തപുരം ആകാശവാണിയുടെ ബാലലോകം പരിപാടിയിൽ പാടാൻ ലഭിച്ച ഒരവസരമാണ് സുലോചനയുടെ കലാജീവിതത്തിൽ ഒരു വഴിത്തിരിവുണ്ടാക്കിയത്. സുലോചനയുടെ ഗാനത്താൽ ആകൃഷ്ടരായ കെ.പി.എ.സി. യുടെ പ്രവർത്തകരായ ജി. ജനാർദ്ദനക്കുറുപ്പും രാജഗോപാലൻനായരും തങ്ങളുടെ പുതിയ നാടകമായ 'എന്റെ മകനാണ് ശരി' എന്ന നാടകത്തിലേക്ക് സുലോചനയെ ക്ഷണിച്ചു. കെ.പി.എ.സി., ഇടതുപക്ഷ ആഭിമുഖ്യമുള്ള നാടകങ്ങൾ അവതരിപ്പിക്കുന്ന കാലമായിരുന്നു അത്. കോൺഗ്രസ്സ് അനുഭാവിയായിരുന്നു സുലോചനയുടെ പിതാവ് എങ്കിലും, നാടകത്തിൽ അഭിനയിക്കുന്നതിന് സുലോചനയ്ക്ക് അത് തടസ്സമായില്ല. ആദ്യ പ്രതിഫലം ഇരുപത്തിയഞ്ചു രൂപയായിരുന്നു. 1951-ലാണ് അതെന്നോർക്കണം. അഭിനയിക്കുന്ന ആൾ തന്നെ പാട്ട് പാടി രംഗത്ത് അവതരിപ്പിക്കുക എന്നതായിരുന്നു അന്ന ത്തെ രീതി. നാടകത്തിൽ കഥയ്ക്കും, പാട്ടിനും, അഭിനയത്തിനും ഒരു പോലെ പ്രാധാന്യം ഉണ്ടായിരുന്ന കാലം. ഇങ്ങനെ ഭാരിച്ച ഉത്തരവാദിത്തമുള്ള ഒരു രംഗത്തേയ്ക്കാണ് പതിനാലു വയസ്സ് തികയുന്നതിന് മുമ്പ് സുലോചന എത്തിപ്പെട്ടത്. എന്നാൽ അരയന്നം, ജലാശയത്തിലേക്ക് പ്രവേശിക്കുന്നതുപോലെ, തികച്ചും സ്വാഭാവികമായിരുന്നു ആ രംഗപ്രവേശം. കെ.പി.എ.സി. യിലെ ആദ്യ നാടകമായ 'എന്റെ മകനാണ് ശരി' യോടെ തന്നെ സുലോചനയുടെ കലാജീവിതം, മലയാള നാടക ചരിത്രത്തിന്റെ ഭാഗമാവുകയായിരുന്നു.

അടുത്ത വർഷം അതായത് 1952-ലാണ് കെ.പി.എ.സി.യുടെ എക്കാലത്തെയും വൻ വിജയമായ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' അവതരിപ്പിക്കുന്നത്. ഈ നാടകത്തിൽ ഒരു ജന്മിയുടെ മകളായ സുമാവലി എന്ന പ്രധാന കഥാപാത്രത്തെയായിരുന്നു സുലോചനയ്ക്ക് അവതരിപ്പിക്കേണ്ടത്. സുലോചനയുടെ അഭിനയമികവും ഗാനചാതുര്യവും ആ കഥാപാത്രത്തെ തിളക്കമുള്ളതാക്കി. "പൊന്നരിവാളമ്പിളിയില്........", "വെള്ളാരം കുന്നിലേ........", "പോകാമൊരേയണിയായ്........" ഇങ്ങനെ ഒ.എൻ.വി., ദേവരാജൻ കൂട്ടുകെട്ടിന്റെ പ്രശസ്തങ്ങളായ ഒട്ടേറെ ഗാനങ്ങൾ ഈ നാടകത്തിലുള്ളതാണ്. കെ.എസ്. ജോർജ്ജും സുലോചനയും ആയിരുന്നു ഈ നാടകത്തിലെ ഒട്ടു മിക്ക നാടകങ്ങളും ആലപിച്ചത്. 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' ഒരു വൻ വിജയമായിരുന്നുവെങ്കിലും നാടക അവതരണത്തിനിടെ പല വിഷമതകളും കെ.പി.എ.സിയ്ക്ക് നേരിടേണ്ടതായി വന്നു. നാടകത്തിനെതിരായി കമ്മ്യൂണിസ്റ്റ് വിരുദ്ധരുടെ ആക്രമണങ്ങൾ പലപ്പോഴുമുണ്ടായി. സർക്കാർ തന്നെ നാടകം നിരോധിക്കുകയും ചെയ്തു. എന്നാൽ ചെറിയൊരു പേരുമാറ്റത്തിലൂടെ നാടകാവതരണം തുടർന്ന് കൊണ്ടുപോകാൻ കെ.പി.എ.സി.യ്ക്കായി.

പിന്നീട് കെ.പി.എ.സി. അക്കാലത്ത് അവതരിപ്പിച്ച നാടകങ്ങളിലെല്ലാം സുലോചന ഒഴിവാക്കാനാകാത്ത ഒരു സാന്നിദ്ധ്യമായി മാറുകയായിരുന്നു. 1954-ൽ അരങ്ങേറിയ 'സർവ്വേക്കല്ല്', 56-ലെ 'മുടിയനായ പുത്രൻ', 59-ലെ 'പുതിയ ആകാശം പുതിയ ഭൂമി', 62-ലെ 'അശ്വമേധം', 64-ലെ 'ശരശയ്യ' ഇങ്ങനെ എല്ലാ നാടകങ്ങ

**വാക്കുകൾക്ക്
വിവരിക്കാനാകാത്ത
എന്തെല്ലാമോ
സവിശേഷതകൾ
സുലോചനയുടെ
ഗാനങ്ങൾക്കുണ്ടായിരുന്നു.
കാലത്തെ തോല്പിച്ച
ആ സംഗീതധാര
മലയാള മനസ്സ് അടക്കി വാഴുന്നു.**




ളിലും സുലോചന പ്രധാന വേഷങ്ങൾ അവതരിപ്പിച്ചു. ഇതിൽ അശ്വമേധത്തിലെ കുഷ്ഠരോഗിയായ സരോജം എന്ന കഥാപാത്രത്തെ സുലോചന ഏറെ ഇഷ്ടപ്പെട്ടിരുന്നു. 'തലയ്ക്കുമീതെ ശൂന്യാകാശം താഴെ മരുഭൂമി......' എന്ന ദുഃഖഗാനവുമായി രംഗത്തെത്തിയ സുലോചന ജനഹൃദയങ്ങളെ കീഴടക്കുകയായിരുന്നു. എന്നാൽ സ്വകാര്യ ജീവിതത്തിൽ സുലോചനയ്ക്ക് ഈ നാടകം ഒരു ശാപമായി മാറുകയായിരുന്നു. അപവാദങ്ങളെ തുടർന്ന് ഒരു വിവാഹാലോചന പോലും മുടങ്ങിയത് ഈ നാടക അവതരണത്തിനിടെയാണ്.

ഇതിനിടെ ഒന്നു രണ്ട് ചലച്ചിത്രങ്ങളിൽ അഭിനയിക്കാനും ഗാനങ്ങൾ ആലപിക്കാനും സുലോചനയ്ക്ക് അവസരം ലഭിക്കുകയുണ്ടായി. 'രണ്ടിടങ്ങഴി' എന്ന ചലച്ചിത്രത്തിൽ കമുകറ പുരുഷോത്തമനോടൊപ്പം

പാടിയ "തുമ്പപ്പൂ പെയ്യണ പൂനിലാവിൽ", 'കാലം മാറുന്നു' എന്ന ചിത്രത്തിലെ "ആ മലർ പൊയ്കയിൽ" എന്നീ ഗാനങ്ങൾ ഇവയിൽ അതിപ്രശസ്തങ്ങളാണ്. "ചെപ്പുകിലുക്കണ ചങ്ങാതീ....", "അമ്പിളിയമ്മാവാ.....", "മാൻകിടാവേ.....", "ചാഞ്ചാടുണ്ണീ.....", "ഓടക്കുഴലുമായ്....." ഇങ്ങനെ സുലോചനയുടെ ശബ്ദത്താൽ അനശ്വരമായ മലയാള നാടക, ചലച്ചിത്രഗാനങ്ങൾ നിരവധിയാണ്. ഇങ്ങനെ നീണ്ട നാളത്തെ നാടക അഭിനയ ജീവിതത്തിനിടയ്ക്ക് സുലോചനയ്ക്ക് പലപ്പോഴും വെള്ളിത്തിരയുടെ മായികലോകത്തു നിന്നും അഭിനയിക്കുവാനുള്ള ക്ഷണം ലഭിക്കുകയുണ്ടായി. എന്നാൽ 'അരപ്പവൻ', 'കൃഷ്ണ കുചേല', 'കാലം മാറുന്നു' എന്ന ചിത്രങ്ങളിൽ മാത്രമാണ് സുലോചന അഭിനയിച്ചത്. നാടകത്തെയും, നാടക സമിതിയെയും ഏറെ സ്നേഹിച്ച സുലോചന സിനിമാവസരങ്ങൾ പലപ്പോഴും സ്വയം ഉപേക്ഷിക്കുകയായിരുന്നു. കാരണം പ്രധാന നടിയുടെ അഭാവം നാടകത്തെയും അതിന് പുറകിൽ പ്രവർത്തിക്കുന്നവരെയും ബാധിക്കുമെന്ന് സുലോചനയ്ക്കറിയാമായിരുന്നു. മറ്റൊരു കാരണം സുലോചനയ്ക്ക് പ്രസ്ഥാനത്തോടും, കമ്മ്യൂണിസ്റ്റ് ആദർശത്തോടുമുള്ള പ്രതിബദ്ധതയായിരുന്നു. എന്നാൽ സുലോചനയ്ക്ക് പല തിക്താനുഭവങ്ങളും കെ.പി.എ.സി.യിൽ നിന്നും, പ്രസ്ഥാനങ്ങളിൽ നിന്നും അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്.

1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ സുലോചന, കെ.പി.എ.സി. സമിതി വിടാൻ വേദനയോടെയാണ് തീരുമാനിച്ചത്.

1965-ൽ സുലോചന ഒരു ഗാനമേള ട്രൂപ്പ് ആരംഭിക്കുകയുണ്ടായി. പഴയ കെ.പി.എ.സി. നാടക ഗാനങ്ങളായിരുന്നു അവർ ഗാനമേളയിൽ അവതരിപ്പിച്ചത്. എന്നാൽ സുലോചനയിലെ, അഭിനേത്രിയെ തൃപ്തിപ്പെടുത്താൻ ഈ ഗാനമേള ട്രൂപ്പിനായില്ല. അവർ പി.ജെ. ആന്റണിയുടെ നാടകമായ രാഗത്തിലൂടെ കോട്ടയം നാഷണൽ തിയേറ്റേഴ്സിലെത്തി. തുടർന്ന് കായംകുളം കേരള ആർട്ട്സ് ക്ലബ്ബിന്റെ 'രാമരാജ്യം', 'ശില', 'ചിത്രശാല', 'മേള' തുടങ്ങിയ നാടകങ്ങളിലും, കൊല്ലം കാദംബരി തിയറ്റേഴ്സിന്റെ 'മനഃശാസ്ത്രം', 'ചെമ്പടതാളം', 'കടിഞ്ഞാൺ' എന്നീ നാടകങ്ങളിലും അഭിനയിക്കുകയുണ്ടായി. കെ.പി.എ.സി.യിൽ നിന്ന് പിരിഞ്ഞതിന് പത്ത് വർഷത്തിന് ശേഷം 1975-ൽ സുലോചന വീണ്ടും കെ.പി.എ.സി.യിലെത്തി- 'മന്വന്തരം' എന്ന നാടകത്തിലൂടെ. എന്നാൽ മാറിയ സാഹചര്യത്തിൽ ഇവിടെ തുടരാൻ സുലോചനയ്ക്കായില്ല. ഇതിനിടെ സുലോചന തന്റെ പഴയ സുഹൃത്തും, കെ.എസ്.ആർ.ടി.സി. ജീവനക്കാരനുമായ പി. കലേശനെ ജീവിതപങ്കാളിയാക്കിയിരുന്നു. 1981-ലായിരുന്നു വിവാഹം. വിവാഹശേഷമാണ് സ്വന്തമായി ഒരു നാടകസമിതി എന്ന സുലോചനയുടെ ആഗ്രഹം പൂവണിഞ്ഞത്. 1983-ൽ 'കായംകുളം സംസ്കാര' എന്ന പേരിലാണ് സുലോചന തന്റെ നാടകസമിതി തുടങ്ങിയത്. അഡ്വ. വെൺകുളം ജയകുമാറിന്റെ 'ഭ്രാന്തരുടെ ലോകം' എന്ന നാടകമായിരുന്നു സംസ്കാരയുടെ ആദ്യ നാടകം. പിന്നീട് 1994-വരെ തുടർച്ചയായി 19 നാടകങ്ങൾ അവതരിപ്പിക്കാൻ 'സംസ്കാര'യ്ക്കായി.



**കൂടുതൽ മാധുര്യമുള്ള ശബ്ദങ്ങൾ സുലോചനയുടെ ഗാനങ്ങൾ ആലപിക്കുമ്പോഴും നാം അതിന്റെ ആദ്യ ഗായികയെ കേൾക്കാനാഗ്രഹിക്കുന്നത് എന്തു കൊണ്ട്? വാക്കുകൾക്ക് വിവരിക്കാനാകാത്ത, മലയാളത്തിന്റെ മനസ്സറിഞ്ഞ എന്തെല്ലാമോ സവിശേഷതകൾ അവരുടെ ഗാനങ്ങൾക്കുണ്ടായിരുന്നു.**

എന്നാൽ വലിയ ഒരു സാമ്പത്തിക ബാധ്യതയാണ് 'സംസ്കാര' സുലോചനയ്ക്ക് നൽകിയത്. നാടകസമിതി നിർത്തി ആ പേരിൽ തന്നെ ഒരു ഗാനമേള ട്രൂപ്പ് ആരംഭിക്കാൻ ഇടയാക്കിയതിനു കാരണം ഈ സാമ്പത്തികബാധ്യതയായിരുന്നു. പിന്നീട് കെ.പി. ഉദയഭാനു, പി. ലീല എന്നിവരെല്ലാം ഉൾപ്പെട്ടിരുന്ന 'ഓൾഡ് ഈസ് ഗോൾഡ്' എന്ന ഗാനമേള പരിപാടിയിൽ സുലോചന സജീവമായി പങ്കെടുത്തിരുന്നു.

അടുത്തകാലത്തായി പലതരം രോഗങ്ങളാൽ പരിക്ഷീണയായി സുലോചന പൊതുവേദികളിൽ നിന്ന് തെല്ലൊന്ന് അകന്നിരിക്കുകയായിരുന്നു. എന്നാൽ താൻ പ്രവർത്തിച്ചിരുന്ന പ്രസ്ഥാനത്തിന് വേണ്ടി അതെല്ലാം മറന്ന് രംഗത്തെത്താൻ സുലോചന എന്നും തയ്യാറായിരുന്നു. കഴിഞ്ഞ വർഷം നടന്ന ലോകസഭാ തിരഞ്ഞെടുപ്പിൽ കൂടി മാവേലിക്കര മണ്ഡലത്തിലെ ഇടതുപക്ഷ സ്ഥാനാർത്ഥിക്കു വേണ്ടി സുലോചന തന്റെ അവശതകൾ മറന്ന് പഴയ വിപ്ലവഗാനങ്ങൾ പാടി യോഗങ്ങളിൽ പങ്കെടുക്കുകയുണ്ടായി. 'ബലികുടീരങ്ങളെ......' എന്ന ഗാനം ആ തൊണ്ടയിൽ നിന്നുയരുമ്പോൾ കേൾവിക്കാരായി കക്ഷിഭേദമന്യേ ജനങ്ങളെത്തുമെന്ന് ആർക്കാണറിയാത്തത്.

എന്തായിരുന്നു സുലോചനയുടെ ഗാനങ്ങളുടെ പ്രത്യേകത? ആ ഗാനങ്ങളുടെ സാഹിത്യ സംഗീത ഗുണം മാത്രമായിരുന്നോ നമ്മെ ആ ഗാനങ്ങളുടെ ആരാധകരാക്കിയത്...? കൂടുതൽ മാധുര്യമുള്ള ശബ്ദങ്ങൾ ആ ഗാനങ്ങൾ ആലപിക്കുമ്പോഴും നാം അതിന്റെ ആദ്യ ഗായികയെ കേൾക്കാനാഗ്രഹിക്കുന്നത് എന്തു കൊണ്ട്? വാക്കുകൾക്ക് വിവരിക്കാനാകാത്ത, മലയാളത്തിന്റെ മനസ്സറിഞ്ഞ എന്തെല്ലാമോ സവിശേഷതകൾ സുലോചനയുടെ ഗാനങ്ങൾക്കുണ്ടായിരുന്നു.

ഒരിയ്ക്കൽ ഒരു യുവ സുഹൃത്ത് സുലോചനയോട് സംസാരിക്കാനവസരം ലഭിച്ചപ്പോൾ പറയുകയുണ്ടായി – "ചെപ്പുകിലുക്കണ ചങ്ങാതീ...." ഈ ഗാനം എന്റെ അമ്മയുടെ ഡാൻസ് പാട്ടായിരുന്നു സ്കൂളിൽ. ഇന്ന് എന്റെ മോൾ നേഴ്സറിയിൽ പാടുന്നതും ഈ പാട്ടാണ്.

ഒരു പൊട്ടിച്ചിരി മാത്രമായിരുന്നത്രേ അതിനുത്തരം. കാലത്തെ തോൽപ്പിച്ച ആ ചിരി കണ്ട്, ആ ഗാനമറിഞ്ഞ് കാലം അസൂയപ്പെട്ടിരിയ്ക്കണം... ഇന്ന്, മറ്റൊരു ലോകത്തിരുന്ന് കെ.പി.എ.സി. സുലോചന സംതൃപ്തമായ സഫലമായ കലാജീവിതത്തിന്റെ ഓർമയിൽ അതുപോലെ ചിരിയ്ക്കുന്നുണ്ടാകണം... മലയാള മനസ്സിൽ നിന്ന് മാഞ്ഞുപോകാത്ത ഓർമകളാണ് ആ ഗാനങ്ങളും.... ചിരിയും.... കരച്ചിലും...... എല്ലാം! ■



# അഷ്ടമുടിക്കായലും കഥപറയും തീരങ്ങളും

പി.കെ. രാജഗോപാൽ

**കൊല്ലം നഗരത്തിന്റെ ജീവസ്രോതസ്സാണ് അഷ്ടമുടിക്കായൽ. എട്ടു ശാഖകളായി വ്യാപിച്ചു കിടക്കുന്ന അഷ്ടമുടിക്കായൽ നാടിന്റെ സാംസ്കാരികവും ചരിത്രപരവുമായ പ്രാധാന്യം വിളിച്ചോതുകയാണ്.**

വിനോദ സഞ്ചാരികൾക്ക് കൊല്ലം എന്നും ഒരു ഹരമായിരുന്നു. വിനോദസഞ്ചാരികളുൾപ്പെടെ നിരവധിപേർ കൊല്ലം സന്ദർശിച്ചിട്ടുള്ളതായി ചരിത്രഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. വിദേശസഞ്ചാരികൾ തങ്ങളുടെ യാത്രാവിവരണങ്ങളിൽ കൊല്ലവും പ്രതിപാദ്യവിഷയമാക്കിയിട്ടുണ്ട്. നിരവധി സന്ദേശകാവ്യങ്ങളിലും കൊല്ലത്തെ മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്. മയൂരസന്ദേശം, ഭൃംഗസന്ദേശം, ചാതകസന്ദേശം, ഹംസസന്ദേശം എന്നീ സംസ്കൃത സന്ദേശകാവ്യങ്ങളിലെല്ലാം കൊല്ലം നഗരത്തെയും മനോഹരമായൊഴുകുന്ന ജലാശയങ്ങളെയുമൊക്കെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. കൊല്ലം നഗരത്തിന്റെ മാറ്റ് കൂട്ടുന്നതിൽ ശാന്തമായി ഒഴുകുന്ന പ്രകൃതിയുടെ വരദാനമായ അഷ്ടമുടിക്കായലിന് ഏറെ പങ്കുണ്ട്. കേരളത്തിലെ 34 കായലുകളിൽ അഷ്ടമുടിക്കായലിന് ഏറെ പ്രാധാന്യമുണ്ട്. വലിപ്പത്തിൽ വേമ്പനാട് കഴിഞ്ഞാൽ അഷ്ടമുടിയ്ക്കാണ് രണ്ടാം സ്ഥാനം. അഷ്ടമുടിയും പരവൂർ കായലും ശാസ്താം കോട്ട കായലുമാണ് കൊല്ലത്തെ പ്രധാന കായലുകൾ. 50 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള അഷ്ടമുടിക്കായലിന് ഏറെ ആഴമുണ്ട്. ഒരു ഡസനിലധികം പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്ന അഷ്ടമുടിക്കായലിന് തീരഗ്രാമങ്ങളിലെ ജനതയുടെ ജീവിതവുമായി അഭേദ്യ ബന്ധമുണ്ട്.

കൊല്ലം ജില്ലയിലെ പ്രകൃതി മനോഹരമായ തീരപ്രദേശമായ അഷ്ടമുടിയുടെ നാമധേയത്താൽ പ്രശസ്തമായ ഈ ജലാശയം കൊല്ലം നഗരത്തിന്റെ ജീവസ്രോത സ്സാണ്. അഷ്ടമുടിക്കായലിന്റെ ഉത്പത്തിക്ക് നിദാനമായ ഒരു ഐതിഹ്യം നിലനിൽക്കുന്നുണ്ട്.

ദക്ഷയാഗത്തിനെത്തിയ പാർവതിദേവിയെ പിതാവായ ദക്ഷൻ അപമാനിച്ചതിൽ മനം നൊന്ത് പാർവതി തന്റെ ജീവനൊടുക്കുകയുണ്ടായി. ഇതിൽ കോപിഷ്ഠനായ പരമശിവൻ തന്റെ ജട പറിച്ച് ഭൂമിയിൽ അടിക്കുകയും അതിൽ നിന്നും വീരഭദ്രനും ഭദ്രകാളിയും ഉണ്ടാവുകയും ചെയ്തു എന്നും ജട എട്ടായി പിളർന്ന് 8 ശാഖകളുള്ള അഷ്ടമുടിക്കായലുണ്ടായി എന്നുമാണ് ഐതിഹ്യം. ഈ കായൽത്തീരത്തായി നിലകൊള്ളുന്ന വീരഭദ്രക്ഷേത്രവും ഭദ്രകാളിക്ഷേത്രവും ഈ വിശ്വാസത്തെ ശരി വയ്ക്കുന്നതാണ്. ദക്ഷിണേന്ത്യയിലെ ഏകവീരഭദ്ര ക്ഷേത്രം അഷ്ടമുടിയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്.

ഈ പ്രദേശത്തെ ത്രിവേണി സംഗമത്തിലാണ് അഷ്ടമുടിക്കായൽ അറബിക്കടലും കല്ലടയാറുമായി സംഗമിക്കുന്നതെന്ന് വിശ്വസിക്കപ്പെടുന്നു. കർക്കിടകമാസത്തിലെ കറുത്തവാവ് ദിവസം പിതൃക്കൾക്ക് ബലികർമം ചെയ്യാനായി നൂറുകണക്കിന് വിശ്വാസികൾ അഷ്ടമുടിയിലെത്താറുണ്ട്. എട്ടു ശാഖകളായി കൊല്ലം താലൂക്കിന്റെ വടക്കൻ പ്രദേശം മുഴുവൻ വ്യാപിച്ചു കിടക്കുന്ന അഷ്ടമുടിക്കായലിന് നാടിന്റെ സാംസ്കാരികവും ചരിത്രപരവുമായ പ്രാധാന്യത്തെക്കുറിച്ച് ഏറെ കഥകൾ പറയുവാനുണ്ടാകും. ഈ കായലിന്റെ തെക്കൻ ശാഖയുടെ തീരത്താണ് കൊല്ലം നഗരം സ്ഥിതി ചെയ്യുന്നത്. നെടുമങ്ങാട് താലൂക്കിലെ പൊൻമുടിക്ക് വടക്കു കിഴക്കുള്ള മലഞ്ചെരിവിൽ നിന്നും ഉത്ഭവിച്ച് പല ചെറിയ ആറുകളായി ചേർന്ന് പത്തനാപുരം താലൂക്കിൽ പുനലൂർ വരെ നഗരമധ്യത്തിലൂടെയും കൊട്ടാരക്കര കുന്നത്തൂർ താലൂക്കുകളുടെ ക്കൻമാർ പള്ളിയാടിയിരുന്ന പള്ളിയാം തുരുത്തും, മൺറോയുടെ നാമധേയത്താൽ പ്രശസ്തമായ മൺറോതുരുത്തും ഒക്കെ അഷ്ടമുടിക്കായൽ തീരത്തെ ചരിത്രസ്മാരകങ്ങളാണ്. അഷ്ടമുടിക്കായലിൽ പെരുമൺ ഭാഗത്തായി കാണുന്ന കൽച്ചിറയുടെ അവശിഷ്ടങ്ങൾ തുറമുഖത്തിന്റേതാണ് എന്നും വിശ്വസിക്കപ്പെടുന്നു. അഷ്ടമുടിക്കായലിൽ നീണ്ടകര മുതൽ കല്ലട വരെ ഒരു കപ്പൽ ചാനൽ ഉണ്ടായിരുന്നുവെന്നും പറയപ്പെടുന്നു. ഇവിടെ നിന്നും പായ്ക്കപ്പലുകളുടെ അവശിഷ്ടങ്ങൾ മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നവർക്ക് ലഭിച്ചിട്ടുണ്ടെന്നാണ് വായ്മൊഴി. പടക്കപ്പൽ നങ്കൂരമിട്ടിരുന്നുവെന്ന് കരുതപ്പെടുന്ന ഒരു പ്രദേശം കായലോരത്തുണ്ട്. ഇന്ന് പ്രദേശം പടപ്പക്കര എന്നാണറിയപ്പെടുന്നത്. അഷ്ടമുടിക്കായലിന്റെ തീരത്ത് തൃക്കരുവാ വില്ലേജിന്റെ തെക്ക് പടിഞ്ഞാറേ മുനമ്പിനെ ഇന്നും ചാമ്പ്രാണിക്കോടി എന്നാണറിയപ്പെടുന്നത്. ചൈനക്കാ

ഗതാഗതത്തിന് പ്രസക്തിയുണ്ട്. അഷ്ടമുടിക്കായലിലൂടെയുള്ള ജലഗതാഗതത്തിന് ഇന്ന് ജലഗതാഗതവകുപ്പിന്റെ ബോട്ടുകളെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ആലപ്പുഴ, ഗുഹാനന്ദപുരം, പേഴുംതുരുത്ത്, മുതിരപ്പറമ്പ് എന്നീ തീരപ്രദേശങ്ങളെ ബന്ധിപ്പിച്ചായിരുന്നു ബോട്ടുകൾ സർവീസ് നടത്തിയിരുന്നത്. ഇതിൽ പല സർവീസുകളും ലാഭകരമല്ല എന്ന പേരിൽ റദ്ദാക്കിയിട്ടുണ്ട്. തീരദേശവാസികളുടെ ചിരകാല ആഗ്രഹമായിരുന്ന ബോട്ടുസർവീസുകൾ നിർത്തലാക്കുന്നതോടെ ബോട്ടിംഗിനായി എത്തുന്ന വിദേശ ടൂറിസ്റ്റുകളടക്കമുള്ള യാത്രക്കാർ ദുരിതത്തിലാണ്. ഇന്ന് സ്വകാര്യ ടൂറിസം ബോട്ടുകളും ടൂറിസം വകുപ്പ് വക ബോട്ടുകളും മാത്രമാണ് ബോട്ടിംഗിനായി ഉപയോഗിക്കുന്നത്. അഷ്ടമുടിക്കായലിൽ കാണപ്പെടുന്ന ദ്വീപസമൂഹങ്ങളും ചീനവലകളുമൊക്കെ കായലിന്റെ മനോഹാരിത ഏറെ വർദ്ധിപ്പിക്കുന്നു.



അരിക് പറ്റിയും ഒഴുകിയാണ് കല്ലടയാർ അഷ്ടമുടിക്കായലിൽ പതിക്കുന്നത്. കൊല്ലം ജില്ലയിലെ കല്ലട എന്ന ഗ്രാമത്തിന്റെ പേരിലാണീ ജലാശയം അറിയപ്പെടുന്നത്.

കൊല്ലത്ത് അഷ്ടമുടിക്കായലിൽ മുമ്പ് ഒരു തുറമുഖം ഉണ്ടായിരുന്നുവെന്ന് ചരിത്രഗ്രന്ഥങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. നിരവധി വാണിജ്യക്കപ്പലുകളും പായ്ക്കപ്പലുകളും അഷ്ടമുടിക്കായലിലൂടെ യാത്ര ചെയ്തിരുന്നതായും തെളിവുകളുണ്ട്. വേണാട് രാജാരുടെ ചെറിയ ചാമ്പ്രാണിക്കപ്പലുകൾ ഇവിടെ അടുത്തിരുന്നത് കൊണ്ടാവാം ഈ പ്രദേശത്തിന് ഈ പേര് കിട്ടിയത് എന്നും വിശ്വസിക്കപ്പെടുന്നു.

ജലഗതാഗതത്തിന് കീർത്തികേട്ട അഷ്ടമുടിക്കായലിലൂടെയുള്ള ബോട്ടിംഗ് ടൂറിസ്റ്റുകൾക്ക് ഏറെ ഹരമാണ്. പുരാതനകാലം മുതൽ തന്നെ മനുഷ്യരുടെയും ചരക്കുകളുടെയും കായലിലൂടെയുള്ള യാത്രയെക്കുറിച്ച് ഏറെ വിവരങ്ങൾ ലഭ്യമാണ്. ഇന്നും അഷ്ടമുടിക്കായലിലൂടെയുള്ള വാണിജ്യ

## തകർച്ച നേരിടുന്ന പരമ്പരാഗത തൊഴിൽ മേഖലകൾ

കൊല്ലം നഗരത്തിന്റെയും സമീപപ്രദേശങ്ങളുടെയും സാമ്പത്തിക ഉന്നമനത്തിന് അഷ്ടമുടിക്കായൽ ഏറെ സംഭാവനകൾ ചെയ്തിട്ടുണ്ട്. കായലോരനിവാസികളുടെ ജീവിതോന്നമനത്തിന് അഷ്ടമുടിക്കായലിന്റെ സംഭാവനകൾ ഇവിടെ സ്മരണീയമാണ്. പരമ്പരാഗത തൊഴിലുകളിലേർപ്പെട്ടിരുന്നവരാണധികം കായലോരനിവാസികളും. കൃഷിക്ക് പുറമെ മത്സ്യബന്ധനം,

കയർ, കശുവണ്ടി, ചെമ്മീൻ സംസ്കരണം എന്നീ മേഖലകളാണധികം പേരും ശ്രദ്ധിച്ചിരുന്നത്. അഷ്ടമുടിക്കായലിന്റെ തീരത്ത് നിന്നും ലഭിക്കുന്ന വെളുത്ത കളിമണ്ണ് ഉപയോഗിച്ച് മൺപാത്രങ്ങൾ നിർമിക്കുന്ന വ്യവസായവും ഇവിടെ പ്രശസ്തമാണ്. പ്രധാനമായും കുണ്ടറ കേന്ദ്രീകരിച്ചാണ് കളിമൺ വ്യവസായം പ്രബലമായിട്ടുള്ളത്. ഇന്നും ഈ പ്രദേശത്തെ പല സ്ഥലങ്ങളും പെരുമൺ, വെള്ളിമൺ എന്നീ പേരിലാണറിയപ്പെടുന്നത്. ഉപഭോഗസംസ്കാരത്തിനടിമകളായ നാം ഇന്ന് കളിമൺ പാത്രങ്ങൾ അലങ്കാര വസ്തുക്കളായിട്ടാണ് കാണുന്നത്. ഇവയുടെ ഉപയോഗം സാർവത്രികമായി നിന്നതോടെ ഈ വ്യവസായം ഇന്ന് തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്.

മത്സ്യബന്ധനം ജീവിതോപാധിയായി സ്വീകരിച്ച നല്ലൊരു വിഭാഗം ജനങ്ങൾ അഷ്ടമുടി കായലരോര ഗ്രാമങ്ങളിലുണ്ട്. തടികളാൽ നിർമിതമായ വള്ളങ്ങളാണധികം പേരും മത്സ്യബന്ധനത്തിനുപയോഗിക്കുന്നത്. അഷ്ടമുടിക്കായലിലെ മത്സ്യങ്ങൾക്ക് മാർക്കറ്റിൽ നല്ല മതിപ്പാണുള്ളത്. ചെമ്മീൻ, കരിമീൻ, ഞണ്ട് തുടങ്ങിയവയ്ക്ക് പുറമെ മുരിങ്ങ(കല്ലുമ്മക്കായ്), കക്ക എന്നിവയ്ക്കും മാർക്കറ്റിൽ നല്ല ഡിമാന്റാണുള്ളത്. ഇവയൊക്കെ വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന പദ്ധതികൾ നിലവിലുണ്ട്. ഇതിനായി സർക്കാർ സാമ്പത്തിക സഹായവും നല്കാറുണ്ട്. കൂടാതെ മത്സ്യങ്ങൾ അച്ചാറുകളാക്കി മാർക്കറ്റിൽ എത്തിക്കാൻ വനിതാ സ്വാശ്രയ സംഘങ്ങളും സ്ത്രീശക്തി യൂണിറ്റുകളും മുന്നോട്ടുവന്നിട്ടുണ്ട്. മത്സ്യം ഉണക്കി വിൽക്കുന്നതിനും മാർക്കറ്റിൽ നല്ല ഡിമാന്റാണ്. ചെമ്മീൻ സംസ്കരണത്തിനായി കായലോരഗ്രാമങ്ങളിൽ ചെറിയ വ്യാവസായിക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. നൂറുകണക്കിന് സ്ത്രീകളാണ് ഈ ചെമ്മീൻ സംസ്കരണശാലകളിൽ പണിയെടുക്കുന്നത്. ചെമ്മീനിന്റെ പുറംതോടും മറ്റും മാറ്റി മാംസരൂപത്തിലാക്കി ഐസ് ഇട്ട് പ്രധാന സംസ്കരണ കേന്ദ്രങ്ങളിലെത്തിച്ച് അവിടെ നിന്നും സുരക്ഷിതമായി പായ്ക്ക് ചെയ്തു വിദേശരാജ്യങ്ങളിലേക്ക് അയയ്ക്കുന്നു. ഏറെ വിദേശനാണ്യം നേടിത്തരുന്ന വൻ വ്യവസായമായി ചെമ്മീൻ സംസ്കരണം മാറിക്കഴിഞ്ഞു.

കായലോരഗ്രാമങ്ങൾ ഉണരുന്നത് തന്നെ കയർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കൂക്കിവിളികളോടെയാണ്. അഷ്ടമുടിയുടെ തീരഗ്രാമങ്ങളിൽ നേരം പുലർച്ചയോടെ തുടങ്ങുന്ന കയർനിർമാണത്തൊഴിലിൽ നൂറ് കണക്കിന് സ്ത്രീകളാണ് പങ്കെടുക്കുന്നത്. ഏറെ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്ന മറ്റൊരു വ്യവസായ മേഖലയായ കയർ വ്യവസായം ഇന്ന് തകർച്ചയിലാണ്. സുലഭമായി ലഭിക്കുന്ന തൊണ്ടും, തൊണ്ടഴുക്കാനുള്ള കായലോരങ്ങളും, പരിചയസമ്പന്നരായ തൊഴിലാളികളുമൊക്കെ കയർ വ്യവസായത്തിനനുകൂല ഘടകങ്ങളാണിവിടെ. കായൽത്തീരങ്ങളിൽ വ്യാപകമായി കണ്ടിരുന്ന മാലിക്കൂട്ടങ്ങളിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. തൊണ്ടഴുക്കാനായി കയർ കൊണ്ട് കെട്ടിയ വലരൂപത്തിലുള്ള മാലിയിൽ ആക്കി കരിങ്കല്ലുകൊണ്ട് കെട്ടി കായലിൽ താഴ്ത്തുന്നു. ഇത് അഴുകിയ ശേഷം കൈകൊണ്ട് തല്ലി ചകിരിയാക്കുന്നതാണ് കയർ നിർമാണത്തിലെ അടുത്ത ഘട്ടം. തല്ലിയെടുക്കുന്ന ചകിരി റാട്ടുകളുപയോഗിച്ച് കയറാക്കി മാറ്റുന്നു. രണ്ട് റാട്ടുകളും മൂന്ന് തൊഴിലാളികളും ചേർന്നതാണ് ഒരു കയറുത്പാദനയൂണിറ്റ്. കയർ മാർക്കറ്റിംഗ് സൊസൈറ്റികളും, കയർ സംസ്കരണ സംഘങ്ങളും ഇവയുടെ മാർക്കറ്റിംഗിനായി ഉപയോഗിക്കുന്നു. നാളികേരം സംസ്കരിച്ച് വെളിച്ചെണ്ണയുണ്ടാക്കുന്ന യൂണിറ്റുകളും കായലോരഗ്രാമങ്ങളിൽ സജീവമായിട്ടുണ്ട്.

ഇന്ന് വളരെയധികം തകർച്ച നേരിടുന്ന മറ്റൊരു വ്യവസായമാണ് ഓട് നിർമാണം. കായൽത്തീരങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഓട് നിർമാണ ഫാക്ടറികളിൽ നൂറ് കണക്കിനാളുകൾ ജോലി ചെയ്തിരുന്നു. പ്രതിസന്ധിയെത്തുടർന്ന് പല ഓട് ഫാക്ടറികളും അടച്ചുപൂട്ടിക്കഴിഞ്ഞു. അഷ്ടമുടി, പെരുമൺ, ആശ്രാമം, കുരീപ്പുഴ തുടങ്ങിയ കായൽത്തീരപ്രദേശങ്ങളായിരുന്നു ഓട് വ്യവസായത്തിന് പ്രശസ്തരായിരുന്നത്. ഇവയിൽ പലതും പൂട്ടിയതോടെ ഓടുകൾ വൻ വിലയ്ക്ക് വാങ്ങേണ്ട ഗതികേടിലാണ് നാട്ടുകാർ. തുണിമിൽ വ്യവസായവും കശുവണ്ടി വ്യവസായ മേഖലകളുമൊക്കെ ഇന്ന് ഏറെ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്.



**ടൂറിസത്തിന്റെ അനന്തസാധ്യതകൾ**

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച സൗന്ദര്യം അഷ്ടമുടിക്ക് എന്നും മുതൽക്കൂട്ടാണ്. കെട്ടുവള്ളങ്ങളിലും ബോട്ടുകളിലുമായി കായലിലൂടെ യാത്ര ചെയ്യുവാൻ നിരവധി പേർ ഇവിടെയെത്താറുണ്ട്. അഷ്ടമുടി വീരഭദ്രസ്വാമി ക്ഷേത്രപരിസരവും, ചാമ്പ്രാണിക്കോടിയും ആശ്രാമവും ഒക്കെ ടൂറിസ്റ്റുകളുടെ ശ്രദ്ധ ഇതിനകം ആകർഷിച്ചു കഴിഞ്ഞിട്ടുണ്ട്. അഷ്ടമുടിക്കായലിൽ സ്ഥാപിച്ചിട്ടുള്ള ചീനവലകൾ വിദേശടൂറിസ്റ്റുകളുടെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്. സർക്കാർ നിയന്ത്രണത്തിലായിരുന്ന ടൂറിസം മേഖലയിൽ സ്വകാര്യ സംരംഭകരുടെ വരവോടെ പുതിയ ടൂറിസം റിസോട്ടുകൾ കായലോരങ്ങളിൽ പുത്തനുണർവ് പകർന്നിട്ടുണ്ട്. അഷ്ടമുടി, തെക്കുംഭാഗം, വെള്ളിമൺ, തേവള്ളി എന്നിവിടങ്ങളിൽ സ്വകാര്യ ടൂറിസം റിസോർട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. പരമ്പരാഗത ചികിത്സാവിധികളും ഈ റിസോർട്ടുകളിൽ പ്രാപ്യമാണ്.

**പരിസ്ഥിതിയും സംസ്കാരവും**

അഷ്ടമുടിക്കായലും ഏറെ പരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുകയാണ്. വ്യാവസായിക സ്ഥാപനങ്ങൾ പുറന്തള്ളുന്ന മലിനജലവും കക്ക, മുരിങ്ങ എന്നിവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഖനനവും അനധികൃത ചെളി, മണൽവാരലുമൊക്കെ അഷ്ടമുടിയുടെ നിലനില്പ് തന്നെ അപകടത്തിലാക്കുന്നു. അഷ്ടമുടിക്കായലാൽ ചുറ്റപ്പെട്ട പ്രദേശങ്ങളിലെ കിണറുകൾ വറ്റി വരണ്ടു പോകാനിതിടയാക്കുന്നു. കടുത്ത വരൾച്ച നേരിടുമ്പോൾ അഷ്ടമുടിയുടെ തീരങ്ങളിൽ ഇത് രൂക്ഷമായ ജലക്ഷാമം സൃഷ്ടിക്കാറുണ്ട്. അഷ്ടമുടിക്കായലിനോട് ചേർന്ന കല്ലടയാറിലും വ്യാപകമായ മണൽ വാരൽ നടക്കുന്നുവെന്നത് പരിസ്ഥിതി പ്രേമികളിൽ ആശങ്കയുണർത്തുന്നു. കായലിന് കുറുകെ ഗതാഗത സൗകര്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള പാലങ്ങളുടെ തൂണുകൾക്ക് ബലക്ഷയം ഉണ്ടാക്കുവാൻ മണൽവാരൽ കാരണമാകുന്നു. റെയിൽവേ പാലങ്ങളും ഈ ഭീഷണി നേരിടുന്നതിനാൽ അനധികൃത മണൽവാരൽ തടയാൻ ജനങ്ങളുടെ സഹായത്തോടെ കർമ പരിപാടികളാവിഷ്കരിക്കണം. യന്ത്രവത്കൃതവള്ളങ്ങളും ബോട്ടുകളും അഷ്ടമുടിക്കായലിൽ, പരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്നു. പ്ലാസ്റ്റിക് പോലുള്ള ജീർണിക്കാത്ത വസ്തുക്കൾ കായലിൽ വലിച്ചെറിയുന്നതും പാരിസ്ഥിതിക പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നു.

അഷ്ടമുടിക്കായൽത്തീരങ്ങൾ ഇടിയാതെ സംരക്ഷിച്ചിരുന്ന കണ്ടൽച്ചെടികളുടെ വംശനാശം ഏറെ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സുനാമി പോലുള്ള വൻ പ്രകൃതിദുരന്തങ്ങളെപ്പോലും ഫലപ്രദമായി തടയുവാൻ കണ്ടൽച്ചെടികൾക്ക് കഴിയുമെന്നത് നാം നേരിട്ട് മനസ്സിലാക്കിയതാണ്. കായലിലെ വേലിയേറ്റങ്ങളെയും വേലിയിറക്കത്തെയും അതിജീവിച്ച് തീരപ്രദേശങ്ങളിൽ ഉപ്പ് വെള്ളത്തിൽ വളരുന്ന ചെറിയ കുറ്റിച്ചെടികളാണ് കണ്ടൽച്ചെടികൾ. കായൽ തീരങ്ങൾ ഇടിഞ്ഞ് നാശമാകാതിരിക്കാൻ ഈ ചെടിയുടെ പ്രത്യേകതരം ജട പിടിച്ച വേരുകൾ ഏറെ സഹായിക്കുന്നു. മണ്ണൊലിപ്പ് ഫലപ്രദമായി തടയുന്ന കണ്ടൽക്കാടുകൾ തീരങ്ങളെ ബലപ്പെടുത്താൻ സഹായിക്കുന്നു. മത്സ്യക്കുഞ്ഞുങ്ങൾ സുരക്ഷിതമായി വളരുവാൻ കണ്ടൽച്ചെടികൾ സഹായകമാണ്. മാത്രമല്ല ദേശാടനപക്ഷികളുടെ അഭയകേന്ദ്രം കൂടിയാണീ കണ്ടൽച്ചെടികൾ. ഉപ്പ് വെള്ളം നിറഞ്ഞ കായൽ തീരങ്ങളിലെ കിണറുകളിൽ ശുദ്ധജലം ലഭ്യമാക്കുവാൻ കണ്ടൽച്ചെടികൾ ഏറെ സഹായിക്കുന്നു. അഷ്ടമുടിക്കായൽ തീരങ്ങളിൽ കണ്ടൽച്ചെടികൾ വ്യാപകമായി കണ്ടുവരുന്നത് ആശ്രാമം, മൺട്രോതുരുത്ത് എന്നീ പ്രദേശങ്ങളിലാണ്. വനം വന്യജീവി വകുപ്പുകളുടെ സഹായത്തോടെ കൂടുതൽ കണ്ടൽച്ചെടികൾ നട്ടു സംരക്ഷിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് പരിസ്ഥിതിയെ സംരക്ഷിക്കാൻ ശ്രദ്ധിക്കണം.

നാടിന്റെ സാംസ്കാരിക പുരോഗതിയ്ക്ക് അഷ്ടമുടിക്കായൽ ഏറെ സംഭാവനകൾ ചെയ്തിട്ടുണ്ട്. ഹൈന്ദവക്ഷേത്രങ്ങളും, മുസ്ലീംപള്ളികളും കൃസ്ത്യൻ ദേവാലയങ്ങളും ഇടതിങ്ങി നില്ക്കുന്ന കായലോരഗ്രാമങ്ങൾ സാംസ്കാരിക പൈതൃകം കാത്ത് സൂക്ഷിക്കുന്നതിൽ ഏറെ മുന്നിലാണ്. ബുദ്ധജൈനമതങ്ങൾ പ്രചാരം നേടിയ കൊല്ലത്തെ പല ഹിന്ദുക്ഷേത്രങ്ങളിലെയും ക്ഷേത്രോത്സവങ്ങളിൽ ഇന്നും ഈ സ്വാധീനം ദൃശ്യമാണ്. കൊല്ലത്തെ ഉത്സവങ്ങളിൽ കാണുന്ന കുതിരകെട്ട് ബുദ്ധമതാചാരങ്ങളിൽ നിന്നും സ്വാധീനം ഉൾക്കൊണ്ടതാണെന്നാണ് ചരിത്രപക്ഷം. കായലോരഗ്രാമങ്ങളിലെ ജനങ്ങളുടെ കൂട്ടായ്മയായി പല ഉത്സവങ്ങളും മാറുന്ന കാഴ്ച ശ്രദ്ധേയമാണ്. അഷ്ടമുടി വീരഭദ്രക്ഷേത്രം, പേഴുംതുരുത്ത് ദേവീക്ഷേത്രം, പെരുമൺ തേരുകെട്ട് മഹോത്സവം, തൃക്കടവൂർ കുതിരകെട്ട് മഹോത്സവം എന്നീ ക്ഷേത്രോത്സവങ്ങളാണ് പ്രധാന കായൽത്തീര ഉത്സവങ്ങൾ. കൊറ്റം കുളങ്ങര ക്ഷേത്രത്തിൽ നടക്കുന്ന പെൺവേഷം കെട്ടിയ പുരുഷന്മാരുടെ ചമയവിളക്ക് കാണികളിൽ ഏറെ കൗതുകമുണർത്താറുണ്ട്. പുരുഷാംഗനമാരുടെ ചമയവിളക്ക് കാണുവാനും ആസ്വദിക്കുവാനും നൂറുകണക്കിന് ആളുകൾ എത്താറുണ്ട്. 28-ാം ഓണം ഉത്സവമായി കൊണ്ടാടുന്ന അഷ്ടമുടിയിലെ വീരഭദ്രക്ഷേത്രത്തിൽ അന്യദേശങ്ങളിൽ നിന്നും നിരവധിപേർ ഉത്സവത്തിനെത്താറുണ്ട്. അഷ്ടമുടിക്കായലിൽ കുളിച്ച് ഈറനോടെ ക്ഷേത്രത്തിന് ചുറ്റും പ്രദക്ഷിണം വയ്ക്കുന്ന ബാലന്മാരെ നമുക്ക് കാണുവാനാകും. ഉരുക്കളുടെ രോഗശമനത്തിനായി നടത്തുന്ന ഉരുൾ നേർച്ചയിൽ നൂറ് കണക്കിന് ഭക്തർ എത്താറുണ്ട്. ഈ ഉത്സവത്തോടനുബന്ധിച്ച് തന്നെ കല്ലടയാറിൽ നടക്കുന്ന വർണശബളമായ വള്ളംകളി കാണുവാൻ വിദേശികളടക്കം അനവധി ടൂറിസ്റ്റുകൾ എത്താറുണ്ട്. കേരളത്തിൽ തേരുകെട്ടി ഉത്സവം നടക്കുന്ന അപൂർവ്വം ക്ഷേത്രങ്ങളിലൊന്നായ പെരുമൺ ക്ഷേത്രവും അഷ്ടമുടിക്കായലോരത്താണ്. കൃസ്ത്യൻ ദേവാലയങ്ങളിലെ തിരുനാൾ പ്രദക്ഷിണം അഷ്ടമുടി കായലിലൂടെ പോകുന്ന കാഴ്ച നയന മനോഹരമാണ്. അഷ്ടമുടിക്കായലിന്റെ റാണിയെന്ന് വിശേഷിപ്പിക്കാവുന്ന അഷ്ടജലറാണി ദേവാലയം, തൃക്കടവൂർ, കോയിവിള, കാവനാട് എന്നീ പ്രദേശങ്ങളിലെ പള്ളികളും ഏറെ പ്രസിദ്ധമാണ്.

തിരക്കുപിടിച്ച ജീവിതത്തിൽ നിന്നും, തിരക്കേറിയ പട്ടണങ്ങളിൽ നിന്നും, മോട്ടോർ വാഹനങ്ങൾ സൃഷ്ടിക്കുന്ന വായു-ശബ്ദ മലിനീകരണങ്ങളിൽ നിന്നും മോചനം നേടാനായി അഷ്ടമുടിക്കായൽ തീരത്ത് പ്രകൃതി ഭംഗി ആസ്വദിക്കാനായി നിരവധി പേർ എത്താറുണ്ട്. ചീനവലകളാൽ പ്രകാശപൂരിതമായ കായലോരങ്ങളും സൂര്യന്റെ അരുണകിരണങ്ങളാൽ ശോഭനമായ മേഘങ്ങളുമൊക്കെ സന്ധ്യാസമയത്ത് കായലിന്റെ മാറ്റ് കൂട്ടാൻ സഹായിക്കുന്നു. ടൂറിസ്റ്റുകളുടെ പറുദീസയായി അഷ്ടമുടി മാറിക്കഴിഞ്ഞു. കായലിലൂടെയുള്ള ബോട്ടിംഗ് എന്നും വിനോദസഞ്ചാരികൾക്ക് ഒരു തരം ഹരം തന്നെയായിരുന്നു. വളരെയേറെ വികസന സാധ്യതകളുള്ള അഷ്ടമുടിയുടെ കായൽ തീരങ്ങളിൽ വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക പദ്ധതികൾ നടപ്പിലാക്കണം. കേരളത്തിലെ പ്രശസ്തമായ ടൂറിസ്റ്റ് കേന്ദ്രമായി അഷ്ടമുടി മാറും എന്ന് നമുക്ക് പ്രത്യാശിക്കാം. ■

> അഷ്ടമുടിക്കായലിന്റെ തീരത്ത് തൃക്കരുവാ വില്ലേജിന്റെ തെക്ക് പടിഞ്ഞാറേ മുനമ്പിനെ ഇന്നും ചാമ്പ്രാണിക്കോടി എന്നാണറിയപ്പെടുന്നത്. ചൈനക്കാരുടെ ചെറിയ ചാമ്പ്രാണിക്കപ്പലുകൾ ഇവിടെ അടുത്തിരുന്നത് കൊണ്ടാവാം ഈ പ്രദേശത്തിന് ഈ പേര് കിട്ടിയത്




# പഞ്ചാപുര

ഡോ. എസ്. മോഹനചന്ദ്രൻ,
ഗവ. സംസ്കൃത കോളേജ്, തിരുവനന്തപുരം

**മുഹറത്തോടനുബന്ധിച്ച് പണ്ട് അനുഷ്ഠിച്ചു വന്നിരുന്ന ആചാരങ്ങളെക്കുറിച്ചും ചടങ്ങുകളെക്കുറിച്ചും.............**

മാനവരാശിയോളം പഴക്കമുള്ള ആചാരാനുഷ്ഠാനങ്ങൾ കാലത്തിന്റെ കുത്തൊഴുക്കിൽ കുറേയൊക്കെ മൺമറഞ്ഞുപോയിട്ടുണ്ട്. വീരപുരുഷാപദാനങ്ങളോ, സ്മരണകളോ മതപ്രവാചകന്മാരുടെ കല്പനകളോ, ചരിത്രസംഭവങ്ങളോ ഐതിഹ്യങ്ങളോ ഒക്കെ ആയിരിക്കും ആചാരാനുഷ്ഠാനങ്ങൾക്ക് അടിസ്ഥാനം. കേരളത്തിൽ നിന്ന് മൺമറഞ്ഞുപോയതും പുതിയ തലമുറയ്ക്ക് കൂടുതൽ അറിവുകളൊന്നും ഇല്ലാത്തതും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആഘോഷിക്കുന്നതുമായ മുസ്ലിങ്ങളുടെ മുഹറത്തോടനുബന്ധിച്ചുള്ള ആചാരാനുഷ്ഠാനങ്ങളിലേക്ക് വെളിച്ചം വീശുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ഹിജാസിലെ അറബികളുടെയിടയിൽ പ്രസിദ്ധമായിരുന്ന 'ഖുറൈഷ്' ഭരണകൂടം പിൽക്കാലത്ത് 'ഹാഷിമി', 'അമവി' എന്ന രണ്ട് വിഭാഗമായി മാറി. ആ അവസരത്തിൽ മുഹമ്മദ് നബി പ്രത്യക്ഷപ്പെട്ട് പരസ്പരം ഏറ്റുമുട്ടിക്കൊണ്ടിരുന്ന ഇവരെ യോജിപ്പിക്കുകയും ഇസ്ലാം മതം ഉപദേശിക്കുകയും ചെയ്തു. അങ്ങനെയാണ് ഇസ്ലാം മതത്തിന്റെ ഉദയം.

മുസ്ലിം ചരിത്രത്തിലെ ഏറ്റവും പ്രധാന സംഭവമാണ് കർബലാ യുദ്ധം. യസീദ് എന്ന ഏകാധിപതിയുടെ ദുർഭരണത്തിനെതിരെ നടത്തിയ ഈ ധർമയുദ്ധത്തിന് നേതൃത്വം നൽകിയ നബിയുടെ പൗത്രനും ഇമാം അലിയുടെയും ഫാത്തിമയുടെയും പുത്രനുമായ ഹുസൈനിനെ അതിനിഷ്ഠൂരമായി വധിച്ചതിന്റെ ഓർമയ്ക്കാണ് ലോകമൊട്ടുക്കും മുസ്ലിംജനത മുഹറം ആചരിക്കുന്നത്. ഹുസൈനിന്റെ വധം എ.ഡി. 680 ഒക്ടോബർ ആറിനാണ് നടന്നത്. ഈ ദിവസമാണ് 'പത്തു നൊയമ്പ്' എന്നറിയപ്പെടുന്ന മുഹറം. അത് ഹിജ്റാ വർഷത്തിലെ ഒന്നാമത്തെ മാസത്തിലെ പത്താം തീയതിയാണ്. ഈ മാസം കൊണ്ടാണ് ഇസ്ലാമിക കലണ്ടർ ആരംഭിക്കുന്നത്. തിരുവനന്തപുരം ജില്ലയുടെ നഗരപ്രദേശത്തെ പാളയം, മേട്ടുക്കട, പനവിള, അട്ടക്കുളങ്ങര,ശാസ്തമംഗലം എന്നിവിടങ്ങളിൽ 180-ഓളം വർഷം പഠാണിമാർ (ദെഖ്നി) മുഹറത്തോടനുബന്ധിച്ച് ആചരിച്ചു വന്ന പഞ്ചാപുരയും അതിനോടനുബന്ധിച്ച ചടങ്ങുകളും ചരിത്രങ്ങളുമാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യം. അന്വേഷണത്തിന്റെയും അഭിമുഖത്തിന്റെയും വെളിച്ചത്തിൽ കിട്ടിയ വസ്തുതകളാണ് ഈ ലേഖനത്തിന് അടിസ്ഥാനം. ഈ ആചാരം തിരുവനന്തപുരം നഗരത്തിൽ നിന്നു പോയിട്ട് ഏതാണ്ട് 30 വർഷമായി.

## പഞ്ചാപുര

തിരുവനന്തപുരത്തെ പാളയത്തു നിന്നും ബേക്കറി ജംഗ്ഷനിലേക്കു പോകുന്ന റോഡിൽ ചില കടകളുടെ മുമ്പിൽ 'പഞ്ചാപുര ജംഗ്ഷൻ' എന്ന ബോർഡു കാണാം. ആ പേരിന്റെ ഉത്പത്തിയെപ്പറ്റി പുതിയ തലമുറയിലുള്ളവർ ചിന്തിച്ചു കാണുമോ എന്നുള്ള കാര്യം സംശയം. മുഹറം ആചരിക്കുന്ന പത്തുദിവസം പുരകെട്ടി അലങ്കരിച്ച് 'പഞ്ച' പ്രതിഷ്ഠിച്ച് ആരാധിക്കുന്ന സ്ഥലത്തെയാണ് 'പഞ്ചാപുര' എന്നു പറയുന്നത്. ഉർദു വാക്കായ പഞ്ചക്ക് കൈയുടെ രൂപം എന്നാണർത്ഥം. അഞ്ചുവിരലോടു കൂടിയ കൈയുടെ രൂപം പ്രതിഷ്ഠിക്കുന്നതിനായി പുരയ്ക്കുള്ളിൽ മനോഹരമായി 'താസിയ' നിർമിക്കാറുണ്ട്. അഭ്രം കൊണ്ട് നിർമിക്കുന്ന ഗോപുരം പോലെയുള്ള രൂപമാണ് താസിയ. വിവിധ വർണങ്ങളിലുള്ള കടലാസുകൾ ഒട്ടിച്ച് മോടിപിടിപ്പിയ്ക്കുന്നു. ആറു വശങ്ങളുള്ള താസിയ കതിർമണ്ഡപം പോലെയിരിയ്ക്കും. പഞ്ചാപുരയ്ക്കു മുന്നിൽ എല്ലാ ദിവസവും മതപ്രസംഗം ഉണ്ടായിരിക്കും. കടുവകളി പ്രധാന കലാ പ്രകടനമാണ്.

പുരകെട്ടുന്നതിനും മറ്റു ചെലവുകൾക്കുമായി രാജകൊട്ടാരത്തിൽ നിന്ന് വേണ്ട സാമ്പത്തിക സഹായം കിട്ടിയിരുന്നു. പഞ്ചാപുരയിൽ എത്തുന്ന എല്ലാ ജാതി-മത വിഭാഗക്കാർക്കും പാനയിൽ ശർക്കരയും മറ്റ് അങ്ങാടിമരുന്നുകളും ഇട്ട് തിളപ്പിച്ച വെള്ളം കുടിയ്ക്കാൻ കൊടുക്കാറുണ്ടായിരുന്നു. അതിന് പാനക്കാവെള്ളം (ഷർബത്) എന്നാണ് പറഞ്ഞിരുന്നത്. ഹുസൈൻ കർബലാ മൈതാനത്തു നടന്ന പോരാട്ടത്തിൽപ്പെട്ട് മരണത്തോട് മല്ലിടുമ്പോൾ എതിർവിഭാഗക്കാർ ഒരു തുള്ളി വെള്ളം പോലും കുടിക്കാൻ കൊടുത്തില്ല. ആ വേദനാജനകമായ സംഭവത്തിന്റെ സ്മരണയെ മുൻനിർത്തിയാണ് പാനക്കാവെള്ളം കുടിയ്ക്കാൻ കൊടുക്കുന്നത്.

## പഞ്ചാപുരയുടെ ആഗമം

ഇതിന്റെ ആഗമത്തെക്കുറിച്ച് മതപുരോഹിതന്മാരുടെ ഇടയിലും ചരിത്രപണ്ഡിതന്മാരുടെയിടയിലും വിവിധതരത്തിലുള്ള അഭിപ്രായങ്ങളാണ് ഉള്ളത്.

ഒരാൾ ഖലീഫ ആയാൽ മുസ്ലിം പ്രമാണിമാർ ഭക്തിവിശ്വാസ പ്രതിജ്ഞ (ബൈഅത്ത്)ചെയ്യുകയും ഖലീഫയുടെ കൈയിൽ ഇവരുടെ കരങ്ങൾ അർപ്പിക്കുകയും പതിവായിരുന്നു. ആപത്ഘട്ടത്തിൽ അയോഗ്യനായ യസീദിന്റെ കൈയിൽ തന്റെ കരങ്ങൾ അർപ്പിക്കാതെ ജീവനെത്തന്നെ ത്യജിച്ച് ജനങ്ങൾക്ക് മാതൃക കാണിച്ചു കൊടുത്ത ധീരനായിരുന്നു ഹുസൈൻ. അദ്ദേഹത്തിന്റെ ദിവ്യമായ കരങ്ങളുടെ മാഹാത്മ്യത്തെ വിളംബരം ചെയ്യാൻ വേണ്ടിയായിരിക്കണം ഹുസൈനിന്റെ കൈകളാണെന്ന് സങ്കല്പിച്ച് വെള്ളിയിൽ തീർത്ത പഞ്ച വച്ച് പൂജിക്കുന്നത്.

കർബലാ മൈതാനത്തുവച്ച് യസീദിന്റെ സൈന്യവും ഹുസൈനും സംഘവും തമ്മിൽ നടന്ന പോരാട്ടത്തിൽ ഹുസൈനിന്റെ നേരെ വന്ന ഒരു വെട്ടിനെ അദ്ദേഹത്തിന്റെ സഹോദരപുത്രൻ അബ്ദുല്ല എന്ന പേരുള്ള 12 വയസ്സുകാരൻ തടുത്തു. ആ കുട്ടിയുടെ കൈ മുറിഞ്ഞു പോയി. ആ ദാരുണ സംഭവത്തിന്റെ സ്മരണയെ മുൻനിർത്തിയായിരിക്കാം പഞ്ചവച്ച് പൂജിയ്ക്കുന്നതെന്ന മറ്റൊരു അഭിപ്രായം കൂടിയുണ്ട്. മറ്റൊരു സംഭവം ഇപ്രകാരമാണ്.

അതിനിഷ്ഠൂരമായി കൊല്ലപ്പെട്ട ഹുസൈനിന്റെ ഭൗതിക ശരീരം മറവു ചെയ്യാൻ ശ്രമിക്കുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ കൈകൾ മണ്ണിനടിയിൽ നിന്ന് പുറത്ത് കാണത്തക്കരീതിയിൽ ഉയർന്നു വന്നു. എത്ര ശ്രമിച്ചിട്ടും കൈകൾ താഴ്ത്തി മൂടാൻ സാധിക്കാതെ വന്നപ്പോൾ അങ്ങനെ തന്നെ ആ ശരീരം അടക്കി ശത്രുക്കൾ രക്ഷപ്പെട്ടു. ഇതിന്റെ ഓർമയെ പുതുക്കുന്നതിനാണ് പഞ്ചവെച്ച് പൂജിയ്ക്കുന്നത് എന്ന അഭിപ്രായം കൂടിയുണ്ട്.

## തീക്കുഴിച്ചാട്ടം

പഞ്ചാപുരയ്ക്കുമുന്നിൽ 10 മീറ്ററോളം അകലെയായി 12 അടി വിസ്താരത്തിലും 4




അടി താഴ്ചയിലുമായി മുട്ടയുടെ ആകൃതിയിൽ കുഴി ഉണ്ടാക്കുന്നു. അതിൽ വിറകിട്ട് നിറച്ച് കത്തിച്ച് കനലാക്കും. മുഹറാഘോഷത്തിന്റെ ഒൻപതാം ദിവസം രാത്രി 12 മണിക്ക് വ്രതം നോക്കിയ രണ്ടോ മൂന്നോ പഠാണിമാർ വളരെ ഭക്തിപൂർവ്വം പഞ്ചയും പിടിച്ചുകൊണ്ട് ഹുസൈൻ, ഹുസൈൻ എന്ന് ഉരുവിട്ടുകൊണ്ട് കുഴിയിൽ ചവിട്ടി ഓടുന്നു. കുഴിയിൽ ചാടി തീ വാരുന്നവരുമുണ്ട്. ഇത് കാണാൻ വരുന്നവരായ ഹിന്ദുക്കളും മറ്റും നേർച്ചയായി ഈ കുഴിയിൽ വിറക്, കുരുമുളക്, ഉപ്പ്, ചിരട്ട എന്നിവ ഇടാറുണ്ട്. മേട്ടുക്കട ഒരുക്കിയ പഞ്ചാപുരയ്ക്കു സമീപത്തെ തീക്കുഴിയിൽ ചാടിയശേഷം പഞ്ചയും പിടിച്ചുകൊണ്ട് പനവിളയിലിലെ തീക്കുഴിയിലും പിന്നീട് പാളയത്തും ചാടിയ സന്ദർഭങ്ങളുണ്ടായിട്ടുണ്ടെന്ന് പഴമക്കാർ പറയുന്നു. ഇത് വിജയിപ്പിക്കുന്നതിന് ജാതി മത ഭേദമന്യേ എല്ലാപേരുടെയും സജീവ പങ്കാളിത്തം ഉണ്ടായിരിക്കും.

## ആഗമം

ഹുസൈനിന്റെ പിതാവ് ഇമാം അലിയെ വധിച്ച ഇബൻ മുൻജം എന്ന ഘാതകന്റെ ശവകുടീരത്തിൽ കൂഫക്കാർ വർഷംതോററും വിറകുകൂട്ടി തീ കത്തിയ്ക്കുക പതിവായിരുന്നു. കൂഫാ പട്ടണത്തിലെ ആളുകൾ ഒന്നടങ്കം ഒരു കെട്ട് വിറകുവീതം ആ ചിതയിൽ കൊണ്ടിടുക പതിവായിരുന്നു. ഇതിന്റെ അനുകരണമായിട്ടാണ് പഞ്ചാപുരകളുടെ മുൻവശത്ത് കുഴിയുണ്ടാക്കി അതിൽ വിറകിട്ട് കത്തിച്ച് കനലാക്കി അതിൽ ചാടുന്നത്.




യസീദിന്റെ സൈന്യം, മരണവെപ്രാളത്തിൽ പിടയുന്ന ഹുസൈനിനും കൂട്ടർക്കും ദാഹജലം കൊടുക്കാതിരിക്കുകയും കിണറിനു ചുറ്റും അഗ്നികുണ്ഡങ്ങൾ ഉയർത്തുകയും ചെയ്തു. ഈ സംഭവത്തെ അനുസ്മരിയ്ക്കാനാണ് തീക്കുഴി ഉണ്ടാക്കി അതിൽ ചാടുന്നത്. യുദ്ധരംഗത്ത് രക്തസാക്ഷിത്വം വഹിച്ചവരെ ബഹുമാനിയ്ക്കുവാൻ കൂടിയാണ് ഈ ചടങ്ങ്.

## കടുവാകളി

മുഹറം ആചരണത്തോടനുബന്ധിച്ച് പത്തുദിവസവും നടത്തുന്ന ഒരു നാടൻ കലാരൂപമാണ് കടുവാകളി. പട്ടാണികളെ കൂടാതെ ഹിന്ദുക്കളും ഇതിൽ പങ്കെടുക്കുന്നു. ദേഹത്ത് ചായം തേച്ച് കടുവാവേഷം കെട്ടി ചെണ്ടമേളത്തിനൊത്ത് ചുവടുവച്ച് കളിയ്ക്കുന്ന സമ്പ്രദായമാണിത്. വാദ്യോപകരണമായ വീക്കു ചെണ്ടയും ഉരുട്ടുചെണ്ടയും ഉപയോഗിക്കും. ടിപ്പുവിന്റെ തിരുവിതാംകൂർ ആക്രമണസമയത്താണ് (1790-ൽ) ഈ കളിയുടെ തുടക്കമെന്നു പറ




**തിരുവനന്തപുരത്തെ പാളയത്തു നിന്നും ബേക്കറി ജംഗ്ഷനി ലേക്കു പോകുന്ന റോഡിൽ ചില കടകളുടെ മുമ്പിൽ പഞ്ചാപുര ജംഗ്ഷൻ എന്ന ബോർഡു കാണാം. ആ പേരിന്റെ ഉത്പത്തിയെപ്പറ്റി പുതിയ തലമുറയിലുള്ളവർ ചിന്തിച്ചു കാണുമോ എന്നുള്ള കാര്യം സംശയം.**

യുന്നു. തൃശ്ശൂരിലെ പട്ടാളം റോഡിൽ നിന്നാണ് ഈ കളിയുടെ ആരംഭം കുറിച്ച തെന്നു പറയാം.

### വേഷം

വാർണീഷ് മഞ്ഞപൗഡറും ചേർത്ത് അരച്ചെടുക്കും. കഴുത്തിനു താഴെയുള്ള രോമം മുഴുവൻ വഴിച്ചെടുക്കും. എന്നിട്ട് കയർ കെട്ടിയ ശേഷം കൈയ് രണ്ടും നിവർത്തി കയറിൽ പിടിച്ചു നിൽക്കണം. അരച്ചെടുത്ത് മൂന്നു കോട്ട് ദേഹത്ത് അടിയ്ക്കും. ശേഷം കടുവയുടെ നിറമുള്ള ഡിസൈനുകൾ വരയ്ക്കും. തലയിൽ മഞ്ഞത്തൊപ്പി വയ്ക്കും. കടുവയ്ക്കുള്ള ഡിസൈൻ തന്നെ തൊപ്പിയിലും വരയ്ക്കും. മുഖത്തും ചായം തേയ്ക്കും. പെയിന്റ് ഉണങ്ങി മുറുകാതിരിക്കാൻ കൂടെക്കൂടെ ദേഹത്ത് വെള്ളം ഒഴിയ്ക്കും. ദേഹത്തെ പെയിന്റ് മാറ്റുന്നതിന് വെളിച്ചെണ്ണ ദേഹം മുഴുവൻ പുരട്ടും. അപ്പോൾ പെയിന്റ് കലങ്ങും. പിന്നീട് തുണികൊണ്ട് താഴോട്ട് പിടിച്ച് അമർത്തിക്കൊണ്ടിരിക്കും. എന്നിട്ട് ആറ്റിൽ വന്ന് കുളിയ്ക്കും. ദേഹത്ത് ടർപ്പൻ ഉപയോഗിക്കില്ല, കാരണം പൊള്ളിപ്പോകും.

### കടുവാകളിയുടെ ആഗമം

ഹുസൈൻ വധിയ്ക്കപ്പെട്ട ദിവസം ഓരോ മുസ്ലീമും അവനവന്റെ ശരീരത്തിൽ നിന്നും രക്തം ചിതറിയ്ക്കണമെന്നായിരുന്നു ഷിയാക്കളുടെ തീരുമാനം. മുഹറം പത്തിന് തലയിലും മാറത്തും അടിച്ച് രക്തം ചൊരിയ്ക്കുന്ന സ്ത്രീ പുരുഷൻമാർ ഇന്നും ഷിയാക്കളുടെ ഇടയിൽ ഉണ്ട്. ഇതിന് തയ്യാറാകാത്ത പലരും തങ്ങളുടെ ശരീരവും വസ്ത്രവും ചുവപ്പുചായം തേച്ച് നടക്കുക പതിവായിരുന്നു. ഇപ്രകാരമുള്ള വേഷപ്പകർച്ചകൾ കരിവേഷത്തിലും കടുവാവേഷത്തിലും പര്യവസാനിച്ചു. അങ്ങനെയാണ് കടുവാവേഷത്തിന്റെ ആഗമം.

### സവാരി

ഹുസൈൻ ഖലീഫാ സ്ഥാനം സ്വീകരിക്കാനായി അനുയായികളോടൊപ്പം കൂഫായിലേക്ക് യാത്ര പോകുന്നതായുള്ള സങ്കല്പമാണ് സവാരി. മുഹറത്തിന്റെ ഏഴാം ദിവസം വൈകുന്നേരമാണ് കുതിരപ്പുറത്തുള്ള സവാരി. ആദ്യകാലത്തൊക്കെ കൈയിൽ വാൾ പിടിച്ചിരിക്കും. പിന്നീട് ജനാധിപത്യ ഭരണം വന്നപ്പോൾ വാളിനു പകരം കൊടിയാക്കി. പഞ്ചയും പിടിച്ചുകൊണ്ട് മേട്ടുക്കട നിന്നും തുടങ്ങി പനവിള, പാളയം, കിഴക്കേക്കോട്ട, അട്ടക്കുളങ്ങര, കിള്ളിപ്പാലം വഴി കരമനയിൽ അവസാനിക്കുന്നു. റോഡുകളിൽ നിന്ന് ഹൃദ്യമായ സ്വീകരണമാണ് കിട്ടാറുള്ളത്. പാളയത്തുകാർക്ക് 'പാളയത്തുകാറൻ വാറാനെടാ ചാലകളെല്ലാം തവിടുപൊടി' എന്ന മുദ്രാവാക്യം കിള്ളിപ്പാലം വരെ വിളിയ്ക്കാൻ അവകാശമുണ്ടായിരുന്നു.

### വിലാപയാത്ര

മുഹറം പത്താം ദിവസമാണ് വിലാപയാത്ര. ഈ ചടങ്ങിന്റെ വിജയത്തിനായി രാജ കൊട്ടാരത്തിൽ നിന്ന് കുതിരയെയും സൈന്യത്തെയും അയയ്ക്കുമായിരുന്നു. വാദ്യമേളങ്ങളുടെ അകമ്പടിയോടെ പഞ്ചയും പിടിച്ചുകൊണ്ടാണ് യാത്ര. കാളവണ്ടിയിൽ കൃത്രിമമായി നിർമിച്ച ശുണ്ടിൽ തല പുറത്തിട്ടു നിൽക്കുന്ന കടുവവേഷക്കാരൻ അരങ്ങത്തുവരുമ്പോൾ പ്രേക്ഷകർ ആവേശത്തോടെ ശബ്ദമുണ്ടാക്കി എതിരേൽക്കാറുണ്ട്. നായാട്ടുകാരൻ കടുവയെ കൊല്ലുന്നതായി ചിത്രീകരിയ്ക്കാറുണ്ട്. ഇവിടെ കടുവയായി ചിത്രീകരിയ്ക്കുന്നത് ഇമാം അലിയും നായാട്ടുകാരൻ ഇബൽ മുൽജവുമാണ്. 'പഞ്ച'യും പിടിച്ചുകൊണ്ട് മേട്ടുക്കടയിൽ നിന്ന് പനവിളയിലും പിന്നീട് പാളയത്തും എത്തി ഈ മൂന്നു സംഘക്കാരും




കൂടി അട്ടക്കുളങ്ങര പോയിട്ട് അവിടെനിന്ന് കരമന നദിയിലെത്തി 'പഞ്ച'കളെ കുളിപ്പിച്ച് വേദം ഓതി (ബൈത്ത്) അവരവരുടെ പഞ്ചകൾ വീടുകളിൽ കൊണ്ടുചെന്ന് പെട്ടിയിൽ അടച്ചു സൂക്ഷിക്കും.

പത്തു ദിവസത്തെ മുഹറം ചടങ്ങുകൾക്കിടയിൽ ഹിന്ദുക്കൾ കാക്കാരുകളി, കുടംകളി, പറയൻതുള്ളൽ എന്നീ കലാരൂപങ്ങൾ അവതരിപ്പിക്കാറുണ്ട്. 'രാപ്പാടിക്കൂട്ടം' എന്ന പേരിൽ പഠാണിമാർ ഒരു പ്രത്യേക കലാരൂപം രാത്രി 10 മണിമുതൽ രാവിലെ 4 മണി വരെ വീടുകൾ തോറും കയറിയിറങ്ങി അവതരിപ്പിക്കാറുണ്ടായിരുന്നു. നൈറ്റി പോലുള്ള വസ്ത്രം ധരിച്ച് മിനുക്കും വച്ച് ഉടുക്കു കൊട്ടി പാടിക്കളിയ്ക്കുന്നതാണ് അതിന്റെ രീതി.

തെയ്യവും തിരുവാതിരക്കളിയിലെ നരികളിയും വലിയ മാറ്റം കൂടാതെ മുഹറം ആഘോഷങ്ങളിൽ കഴിഞ്ഞ 50 വർഷം മുമ്പുവരെ ഷിയാക്കളായ ദാവൂദി മുസ്ലീങ്ങളും ഹനഫികളായ ദഖ്നികളും കോഴിക്കോട് അവതരിപ്പിച്ചിരുന്നതായി ജമാൽ കൊച്ചങ്ങാടി തന്റെ 'മുസ്ലീം സാമൂഹ്യജീവിതം മലയാള നോവലിൽ' എന്ന പഠനത്തിൽ (പേജ് 63) രേഖപ്പെടുത്തിയിട്ടുണ്ട്.

കൊല്ലത്ത് ഫാത്തിമാ കോളേജിനടുത്തുള്ള കർബലാ മൈതാനത്തും മുഹറത്തോടനുബന്ധിച്ച് പഞ്ചാപുരയും തീക്കുഴിച്ചാട്ടവും കഴിഞ്ഞ 20 വർഷം മുമ്പുവരെ ഉണ്ടായിരുന്നു. യസീദിന്റെ രൂപം മാവിൽ ഉണ്ടാക്കി എണ്ണയിൽ പൊരിച്ച് ചവയ്ക്കുന്ന ഒരു സമ്പ്രദായം അവിടെ ഉണ്ടായിരുന്നു. മലബാറിൽ മുഹറത്തോടനുബന്ധിച്ച് പഠാണികൾ പങ്കെടുക്കുന്ന ചടങ്ങാണ് ജാറം നേർച്ചകൾ. നെറ്റിപ്പട്ടം കെട്ടിയ ആനയോടു കൂടിയ ഘോഷയാത്രയാണ് അതിന്റെ പ്രധാന ചടങ്ങ്. വെടിക്കെട്ടും സംഗീതോപകരണങ്ങളുടെ പ്രദർശനവും ഉണ്ടാകും.

വടക്കേ ഇന്ത്യയിൽ ഷിയാക്കൾ ഉള്ള സംസ്ഥാനങ്ങളിലെ സ്ത്രീകൾ മുഹറം തുടങ്ങുന്ന മൂന്നു ദിവസം 'മറ ഇരിയ്ക്കും'. ഭർത്താവിനെ അല്ലാതെ വേറെ ആരെയും കാണുകയില്ല. മദ്രാസ്, ഹൈദ്രാബാദ്, ആന്ധ്രാപ്രദേശ്, ബാംഗ്ലൂർ എന്നിവിടങ്ങളിലെ ഷിയാവിഭാഗം സ്ത്രീകൾ ഹുസൈനിനെ സ്മരിച്ചുകൊണ്ട് കറുത്ത വസ്ത്രം ധരിച്ച് 10 ദിവസം കഴിച്ചു കൂട്ടും. അവർ കൈ കൊണ്ട് നെഞ്ചത്ത് അടിച്ച് വിലപിക്കാറുണ്ട്.

മഹാരാഷ്ട്രയിൽ കൊങ്കൺ പ്രദേശത്ത് രാമഗിരി ജില്ലയിൽ ഫത്തേപൂർ ഗ്രാമത്തിൽ അതിവിപുലമായ രീതിയിൽ മുഹറം ആചരിക്കുന്നുണ്ട്. മുഹറം ചന്ദ്രൻ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞാൽ ആഘോഷസൂചകമായി വിവിധ മുസ്ലീംപള്ളികളിൽ നിന്ന് ചെണ്ടയുടെ ശബ്ദം മുഴങ്ങിക്കേൾക്കും. അന്ന് വൈകുന്നേരം പള്ളിയുടെ മുൻവശം ചെറിയ കുഴികൾ കുഴിച്ച് അതിൽ മൺവിളക്കുകൾ കത്തിച്ചു വയ്ക്കുകയും തുടർന്ന് അതിന് ചുറ്റും പുരുഷന്മാരും കുട്ടികളും നൃത്തം വെയ്ക്കുകയും ചെയ്യുന്നു. പള്ളിയുടെ മുൻവശം പൂന്തോട്ടത്തിന്റെ പ്രതീതി ഉണ്ടാക്കുന്ന രീതിയിൽ പുര കെട്ടും. പുരയ്ക്കകത്ത് ക്യൂബിന്റെ ആകൃതിയിൽ ഫാത്തിമയുടെ ശവകുടീരം ഉണ്ടാക്കി വയ്ക്കും. പുരയ്ക്കു മുന്നിൽ കോമാളി വേഷങ്ങളും കടുവകളിയും മറ്റും പ്രദർശിപ്പിക്കും.

ഉത്തർപ്രദേശിൽ മൊറാദാബാദിലെ ചനോർബ ഗ്രാമത്തിലെ മുഹറം ആചരണങ്ങൾ പ്രത്യേകം പുരകെട്ടി അലങ്കരിക്കാറുണ്ട്. ഹുസൈനും ശത്രുക്കളും തമ്മിൽ നടന്ന യുദ്ധത്തെ അനുസ്മരിക്കുന്ന വിധത്തിൽ വാൾപയറ്റ് മത്സരം നടത്താറുണ്ട്. പുരയ്ക്കകത്ത് താസിയാ നിർമിക്കാറുണ്ട്. ഇതിന്റെ നിർമാണം കൊണ്ട് പകർച്ചരോഗങ്ങൾ മാറുമെന്നാണ് വിശ്വാസം. ഏഴാം ദിവസം നടത്തുന്ന സവാരിയിൽ ജിന്നുകളുടെ രാജാവായിരുന്ന ജാഫറിനെ പ്രതിനിധീകരിച്ച് ഒരു കറുത്ത കൂറ്റൻ പ്രതിമയെ പ്രദർശിപ്പിയ്ക്കാറുണ്ട്. കർബലയിൽ നടന്ന പോരാട്ടത്തിൽ ഹുസൈനിനെ രക്ഷിക്കാൻ വന്ന വ്യക്തിയാണ് ജാഫർ. ഹുസൈൻ ജാഫറിന്റെ സഹായം സ്വീകരിച്ചില്ല. ഹിന്ദുക്കളുടെ സഹകരണത്തോടെ പത്തുദിവസവും വ്യാപാരമേളകൾ നടത്തുന്നുമുണ്ട്. ഇന്നും മുൻപറഞ്ഞ സ്ഥലങ്ങളിൽ മുഹറവുമായി ബന്ധപ്പെട്ട ആചാരങ്ങൾ നടക്കുന്നുമുണ്ട്.

## മേന്മ

നീതിയ്ക്കും സത്യത്തിനും വേണ്ടി ജീവിതം ത്യജിച്ച മഹാന്മാരോടുള്ള ഗാഢമായ വിശ്വാസം അവരുടെ ആചാരാനുഷ്ഠാനങ്ങളിൽ നിഴലിയ്ക്കുന്നുണ്ട്. എല്ലാ മതക്കാരും ആചാരാനുഷ്ഠാനങ്ങളിൽ സഹകരിയ്ക്കുന്നതുകൊണ്ട് മതസൗഹാർദം ഊട്ടിയുറപ്പിയ്ക്കാൻ സഹായകമായിരുന്നു. ഹിന്ദുവെന്നോ മുസ്ലീമെന്നോ ക്രിസ്ത്യാനിയെന്നോ ഭേദമില്ലാതെ എല്ലാപേരും ഒത്തൊരുമയോടെ പത്തു ദിവസത്തെ ആചാരാനുഷ്ഠാനങ്ങളിൽ പങ്കെടുക്കുമായിരുന്നു. ഒരു പ്രദേശത്ത് നടത്തുന്ന ആചാരാനുഷ്ഠാനങ്ങൾ ചില്ലറ വ്യത്യാസങ്ങളോടെയാണെങ്കിലും മറ്റ് ദേശങ്ങളിലും ആചരിയ്ക്കുന്നത് ദേശീയോദ്ഗ്രഥനത്തിന് ഉതകുന്നതാണ്.

## ലക്ഷ്യം

മതത്തിന്റെയും ജാതിയുടെയും പേരിൽ പരസ്പരം ശത്രുത വച്ചു പുലർത്തുന്ന ഈ കാലഘട്ടത്തിൽ 150-ഓളം വർഷങ്ങൾക്കു മുമ്പു തന്നെ തിരുവനന്തപുരം ജില്ലയിലും മറ്റും മതേതരത്വം കാത്തു സൂക്ഷിച്ചിരുന്നുവെന്ന് മുഹറവുമായി ബന്ധപ്പെട്ട ആചാരാനുഷ്ഠാനങ്ങൾ വിലയിരുത്തുന്നവർക്ക് ബോദ്ധ്യപ്പെടും. ഇത്തരം ആചാരാനുഷ്ഠാനങ്ങൾ തിരുവനന്തപുരം ജില്ലയുടെ നഗരപ്രാന്തങ്ങളിൽ നടന്നിരുന്നുവെന്ന് പുതിയ തലമുറ മനസ്സിലാക്കണം എന്നുള്ള ലക്ഷ്യവും കൂടി ഈ ലേഖനത്തിന്റെ പിന്നിലുണ്ട്. കേരള സംസ്കാരത്തെക്കുറിച്ച് ആഴത്തിൽ പഠിയ്ക്കുന്നവർക്ക് ഇവിടെ പ്രതിപാദിച്ചിട്ടുള്ള കേട്ടറിവുകളും നാട്ടറിവുകളും ഏറെ പ്രയോജനപ്രദമായിരിക്കും.

പഞ്ചാപുരയും തീക്കുഴിച്ചാട്ടവും തിരുവനന്തപുരത്ത് നിന്നു പോകാൻ പല കാരണങ്ങളുണ്ട്. അതിൽ പ്രധാനമായത്, ഇത് ഇസ്ലാംമതത്തിൽ നിന്ന് വ്യതിചലിച്ചുള്ള ആചാരമാണെന്നും ഹുസൈനിന്റെ രക്തസാക്ഷിത്വം ഉത്സവം നടത്തിയല്ല ഓർക്കേണ്ടതെന്നുമുള്ള ഭൂരിപക്ഷം മുസ്ലീങ്ങളുടെയും അഭിപ്രായമാണ്. മുഹറം ഒൻപതിനും പത്തിനും വ്രതമനുഷ്ഠിക്കുകയും ഹുസൈനിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഇസ്ലാംമതം ഉപദേശിക്കുന്നു.



# അശോകം

ഡോ. ജോബ് തോമസ്

കടുത്ത ഓറഞ്ച് നിറത്തിലുള്ള അശോകപ്പൂക്കൾ കുല കുലയായി വിടർന്നു നിൽക്കുന്നത് കാണുമ്പോൾ ആരുടെ മനസ്സും കുളിർക്കും. തികച്ചും നയനാനന്ദകരമായ കാഴ്ചയാണിത്.

അലങ്കാരച്ചെടി എന്നത് പോലെ ഔഷധ മൂല്യമുള്ള ഒരു ചെടി കൂടിയാണിത്.

അശോകത്തിന്റെ തൊലി അഥവാ പട്ട യാണ് കൂടുതൽ ഔഷധ സമ്പുഷ്ടം. സ്ത്രീ രോഗ ചികിത്സയിലാണ് അശോകം കൂടുതലായി ഉപയോഗിച്ചു വരുന്നത്. ആർത്തവത്തോടനുബന്ധിച്ച് സ്ത്രീകൾക്കുണ്ടാകുന്ന വേദനയ്ക്കും മറ്റ് ശാരീരിക മാനസിക അസ്വസ്ഥതകൾക്കും അശോകം ഫലപ്രദമായ ഔഷധമാണ്. ചുരുക്കത്തിൽ മനസ്സിന്റെയും ശരീരത്തിന്റെയും ശോകാവസ്ഥ മാറ്റി സന്തോഷം പ്രദാനം ചെയ്യുന്നു എന്ന അർത്ഥത്തിൽ അശോകം എന്ന പേര് ഈ ഔഷധസസ്യത്തിന് തികച്ചും അന്വർത്ഥമാണ് എന്ന് പറയാം. സ്ത്രീകൾക്ക് പ്രിയമായത് എന്ന അർത്ഥത്തിൽ അംഗനാപ്രിയഃ എന്നും അശോകത്തിന് പേരുണ്ട്.

ഗർഭാശയത്തിന് ബലം കൊടുക്കാൻ കഴിവുള്ള ഔഷധങ്ങളുടെ കൂട്ടത്തിലാണ് അശോകത്തെ വർഗീകരിച്ചിരിക്കുന്നത്. ഗർഭാശയത്തിന്റെയും അനുബന്ധ അവയവങ്ങളുടെയും പ്രവർത്തനങ്ങളെ നിയന്ത്രിക്കാനും ത്വരിതപ്പെടുത്താനും അശോകത്തിന് പ്രത്യേക കഴിവുണ്ട്.

അശോകത്തിന്റെ വേരിന്മേൽതൊലിയും മരപ്പട്ടയും പൂവും കായും ഔഷധമായി ഉപയോഗിച്ചു വരുന്നു.

ആർത്തവത്തോടനുബന്ധിച്ചും അല്ലാതെയും അമിതരക്തസ്രാവം ഉണ്ടാകാറുള്ള അവസ്ഥയിൽ സ്ത്രീകൾക്ക് അശോകപ്പട്ട കഷായം നല്കാറുണ്ട്. പ്രശസ്ത ആയുർവേദ ഗ്രന്ഥമായ ചക്രദത്തത്തിൽ ആർത്തവ സംബന്ധമായ ബുദ്ധിമുട്ടുകൾക്ക് അശോകപ്പട്ട പാൽക്കഷായമാക്കി കൊടുക്കാൻ പറയുന്നുണ്ട്. രോഗാവസ്ഥ അനുസരിച്ച് വൈദ്യൻ നിർദേശിക്കുന്ന അളവിൽ ഒരു നിശ്ചിത കാലത്തേക്ക് ഈ പാൽക്കഷായം സേവിച്ചാൽ ഫലം നിശ്ചയമാണ്.

സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്കിനും തത്സംബന്ധമായുണ്ടാകുന്ന അണുബാധയ്ക്കും അശോകത്തിന്റെ കഷായം പ്രയോജനപ്പെടും.

ക്രമരഹിതമായി ആർത്തവം ഉണ്ടാകാറുള്ള സ്ത്രീകളുടെ ആർത്തവചക്രം ക്രമപ്പെടുത്താനും അശോകം ചേർന്ന ഔഷധങ്ങൾ കൊടുക്കാറുണ്ട്.

അശോകം ശീതവീര്യമായ ഒരു ദ്രവ്യമാണ്. ശരീരത്തിലെ നവദ്വാരങ്ങളിൽ ഏതിലെങ്കിലും കൂടി ചിലർക്ക് ചില പ്രത്യേക കാരണങ്ങളാൽ രക്തസ്രാവം ഉണ്ടാകാറുണ്ട്. ഈ രോഗാവസ്ഥയിലും അശോകം ഔഷധമായി കൊടുക്കാറുണ്ട്.

കുട്ടികൾക്ക് തൊലിപ്പുറത്ത് ഉണ്ടാകുന്ന ചിരങ്ങുകൾക്ക് അശോകപ്പൂവ് കല്ക്കമാക്കി വെളിച്ചെണ്ണയിൽ കാച്ചി തേയ്ക്കുന്നത് നല്ല ഫലം ചെയ്യും. ഇതോടൊപ്പം അശോകപ്പൂവ് ഉണക്കി പൊടിച്ച് മേൽ തേച്ചു കുളിക്കുകയും ആവാം.

പ്രാണികളുടെയോ മറ്റോ കടി ഏറ്റുണ്ടാകുന്ന വിഷബാധ മാറ്റക്കിട്ടാൻ അശോകത്തൊലി അരച്ചുപുരട്ടുന്നത് നല്ലതാണ്. വിഷപ്രാണികളുടെ കുത്തേറ്റുണ്ടാകുന്ന നീരും വേദനയും അകറ്റാനും ഇത് മതി.

മലം, കഫവും രക്തവും കലർന്ന് ഇടയ്ക്കിടെ പോകുന്ന പ്രവാഹിക എന്ന രോഗാവസ്ഥയിലും അർശ്ശോ രോഗത്തിനും അശോകം ഔഷധമായി ഉപയോഗിക്കാം. അശോകത്തിന്റെ ശാസ്ത്രീയ നാമം SARACCA INDICALIN എന്നാണ്.

ഔഷധമൂല്യമുള്ള ഒരു ഉദ്യാന വൃക്ഷമെന്ന നിലയിൽ അശോകം നട്ടുവളർത്തുന്നത് പല രോഗാവസ്ഥകളിലും പ്രഥമ ശുശ്രൂഷയ്ക്ക് പ്രയോജനപ്പെടും. അശോകം പ്രധാനമായി ചേർത്തുണ്ടാക്കുന്ന ഔഷധക്കൂട്ടുകളാണ് അശോകാരിഷ്ടവും അശോകഘൃതവും. ദക്ഷിണഭാരതത്തിൽ ധാരാളമായി കാണുന്ന അശോകം ഒരു പുണ്യ വൃക്ഷം കൂടിയാണ്.

# ആത്മഹത്യാ മു

**സുരേന്ദ്രൻ ചുനക്കര**

**സ്വന്തം ജീവിതം സ്വന്തം പേരിൽ എഴുതിവയ്ക്കുന്ന വിൽപ്പത്രമാണ് ആത്മഹത്യ. ആത്മഹത്യയ്ക്കും കൊലയ്ക്കുമിടയിലൂടെയുള്ള കേരളത്തിന്റെ നേർക്കാഴ്ചകൾ ഞെട്ടിക്കുന്നവയാണ്. ഭൗതികപ്രതികൂലാവസ്ഥയോടുള്ള പ്രതിഷേധപ്രകടനമോ ജീവിതനിരർത്ഥതയോടുള്ള സൗമ്യക്ഷോഭമോ ഒക്കെ ആത്മഹത്യക്കു പിന്നിലെ കഥകളാകുന്നു.**

ആത്മഹത്യയുടെ ലോകതലസ്ഥാനം ഏത് എന്ന ചോദ്യത്തിന് ലോകാരോഗ്യസംഘടനയുടെ റിപ്പോർട്ടിൽ ഉത്തരമുണ്ട്- കേരളം! ലോകത്ത് പ്രതിവർഷം ഒരു ലക്ഷത്തിൽ 14 പേർ ആത്മഹത്യചെയ്യുമ്പോൾ കേരളത്തിൽ 30 പേരാണ് ആത്മഹത്യ ചെയ്യുന്നത്. ഇന്ത്യയിലെ കണക്കെടുക്കുമ്പോൾ കേവലം 11 പേർ മാത്രമേ ആത്മവധം നടത്തുന്നുള്ളൂ.

ആത്മഹത്യയ്ക്കും കൊലയ്ക്കുമിടയിലൂടെയുള്ള കേരളത്തിന്റെ നേർക്കാഴ്ചകൾ ഞെട്ടിക്കുന്നവയാണ്. സാക്ഷരതയിലും ആരോഗ്യത്തിലും ഉപചാരത്തിലും മുന്നിൽ നിൽക്കുന്നു എന്ന് പറയപ്പെടുന്ന, മുന്തിയ ബൗദ്ധിക നിലവാരമുണ്ടെന്ന് അഭിമാനിക്കുന്ന കേരളീയർക്ക് ആത്മഹത്യാ പ്രവണത ഏത് ജീനിൽ നിന്നാണ് പകർന്നു കിട്ടിയത്?

ദുരിതങ്ങളുടെ തീനാളം ഊതിക്കെടുത്താനാണോ മനുഷ്യർ ആത്മഹത്യ ചെയ്യുന്നത്. ആത്മഹത്യ മനുഷ്യന്റെ കുത്തകയല്ലെന്ന് ആലങ്കാരികമായി പറയാം. പണ്ടൊരിക്കൽ ചെറുപുള്ളിച്ചിറകുള്ള ചങ്ങാലിപ്രാവു പോലും ആത്മഹത്യ ചെയ്തിട്ടുണ്ട്. ആത്മഹത്യ ചെയ്ത പുഴയെക്കുറിച്ചും പൂക്കളെക്കുറിച്ചും പുഴമീനുകളെക്കുറിച്ചും വാർത്തയുണ്ട്!

ഓരോ ആത്മഹത്യയും ജീവിതത്തിന്റെ ക്രൂരതകളെക്കുറിച്ചുള്ള സ്മരണികയാണ്. ജീവിതത്തിൽ പ്രതീക്ഷയറ്റവർക്ക് ആത്മഹത്യയല്ലാതെ മറ്റെന്തായിരുന്നു മാർഗം എന്ന് പരലോകത്തു നിന്ന് ആരൊക്കെയോ വിളിച്ചു ചോദിക്കുന്നു!

ഒരു സാധാരണ മനുഷ്യൻ ആത്മഹത്യയെക്കുറിച്ചു ചിന്തിച്ചു പോകുന്ന അനുഭവങ്ങളാണ് കേരളീയ ജീവിതത്തിൽ കാണുന്നത്. ഗുണ്ടകൾ ഒഴുക്കിയ ചോര ടാറിട്ട റോഡിൽ വെന്തുകിടക്കുന്നു. ചാനൽ സ്പോൺസേർഡ് രാഷ്ട്രീയ ഗുണ്ടകൾ ടി.വി.യിൽ അരങ്ങു തകർക്കുന്നു. മാധ്യമ വ്യവസായത്തിന്റെ മുതൽക്കൂട്ട്! പ്രകടന ഗുണ്ടയുടെ കല്ലുകൊണ്ട് പൊലീസുകാരന്റെ കണ്ണും ചായക്കടയുടെ ചില്ലും തകർന്നു കിടക്കുന്നു. തെരുവിൽ പൊതുവാഹനത്തിന്റെ ശവദാഹം.

ആത്മഹത്യാ കാരണങ്ങളുടെ പുസ്തകത്തിൽ നീണ്ട പട്ടികയുണ്ട്. കൺസ്യൂമറിസം, കടക്കെണി, ദുരഭിമാനം, ചാരിത്രഭംഗം, ദാരിദ്ര്യം, ബ്ലേഡ് കമ്പനി, മദ്യപാനം, മാറാരോഗം, സ്ത്രീപീഡനം, പരീക്ഷാപരാജയം, പ്രേമനൈരാശ്യം, തൊഴിലില്ലായ്മ, ആഗോളവത്കരണം......... ഇപ്പറഞ്ഞ കാരണങ്ങളിലൊക്കെ പൊതുവായ ഒരു ഘടകമുണ്ട് - സമൂഹം.

സ്വന്തം ജീവിതം സ്വന്തം പേരിൽ എഴുതിവയ്ക്കുന്ന വിൽപ്പത്രമാണ് ആത്മഹത്യ. കാലത്തിന്റെ എഴുതപ്പെടാത്ത കടലാസ്സിൽ മഷി കുടഞ്ഞുകൊണ്ട് ഒരു തിരിച്ചുപോക്ക്. ഒരു മുഴം കയറോ, ഒരു ലിറ്റർ മണ്ണെണ്ണയോ, ഒരാഴച്ചാട്ടമോ അതിനവർക്ക് തുണയാകുന്നു. പിഞ്ചുകുഞ്ഞുങ്ങളെ കഴുത്തു ഞെരിച്ച്, ആത്മാവിന്റെ ഭാഗമാക്കിയ പെണ്ണിനെ ശ്വാസം മുട്ടിച്ച്, സ്വന്തം വായിലേക്ക് 'ഫ്യൂറഡാൻ' തരികൾ നിക്ഷേപിച്ച് ഒരാൾ നമുക്ക് 'കൂട്ട ആത്മഹത്യ' എന്ന തലക്കെട്ടു നൽകുകയാണ്.

ആഗോളവത്കരണത്തിന്റെ ഭാഗമായ മാർക്കറ്റ് എക്കോണമിയുടെ തിക്തഫലം 'കൺസ്യൂമറിസം' എന്ന പകർച്ചവ്യാധിയായാണ് സമൂഹത്തിൽ പടർന്നു പിടിച്ചത്. വിപണിയുടെ എക്സ്റ്റൻഷൻ കൗണ്ടറുകളായ ടി.വി.ചാനലുകളും പത്രമാസികകളും ഈ കൺസ്യൂമർ മാനിയായ്ക്ക് പ്രേരകമായിത്തീരുന്നു. പ്രലോഭനത്തിന്റെ ഭാഷയിലാണ് പരസ്യങ്ങൾ നമ്മോടു സംസാരിക്കുന്നത്. ഈ തന്ത്രത്തിന് അടിപ്പെടുമ്പോൾ നാം കൺസ്യൂമർ സംസ്ഥാനമായി മാറുകയും ക്രമേണ ആത്മഹത്യാമുനമ്പ് എന്ന പദവി ലഭിക്കുകയും ചെയ്യുന്നു.

ഇന്ത്യയുടെ 1.18% മാത്രം ഭൂവിസ്തൃതിയും 3.43% മാത്രം ജനസംഖ്യയുമുള്ള കേരളത്തിൽ, ഇന്ത്യയിലെ കൺസ്യൂമർ ഉത്പന്നങ്ങളിൽ 16% വിറ്റഴിയ്ക്കുന്നുണ്ട്. കേരളീയന്റെ പൊങ്ങച്ചവും തുറമുഖ സംസ്കാരവും ഉത്പാദനക്ഷമമല്ലാത്ത മുതൽമുടക്കുമൊക്കെ ഈ കണക്കിലുണ്ട്. കാരണങ്ങൾ ഏറെയുണ്ടെങ്കിലും നല്ലൊരു പങ്ക് ആത്മഹത്യകൾക്കും കാരണം സാമ്പത്തിക പ്രശ്നങ്ങളാണ്.

ഒരുദാഹരണം പറയാം. കേവലം 5000 രൂപ മാസവരുമാനമുള്ള ഒരു സർക്കാർ ഗുമസ്തന്റെ ചെലവിന്റെ പട്ടിക കേട്ടോളൂ.... ഭാര്യ, കുട്ടികൾ, വാടക, ഭക്ഷണം, വസ്ത്രം, ഇന്ധനം, പള്ളിക്കൂടം, മരുന്ന്, മര്യാദ, മാന്യത, സംഭാവന, സൗന്ദര്യവർദ്ധനം, വിനോദം, ദു:ശ്ശീലങ്ങൾ....... പ്രതിമാസം 3000-ൽ പരം രൂപ കടം. ഒരു വർഷം കൊണ്ട് 36,000 രൂപയുടെ കടക്കാരൻ. ബാങ്ക് സഹായത്തിനെത്തുന്നു. ലോണെടുക്കുന്നു, കടം വീട്ടുന്നു-മറ്റൊരു കടക്കെണിയിലേക്ക്. ബാങ്കിലേക്ക് മാസം തോറും 1000 രൂപ അടയ്ക്കണം. പക്ഷേ വരുമാനം വർദ്ധിക്കുന്നില്ല. അങ്ങനെ ശമ്പളമായി കിട്ടുന്നത് 4000 രൂപ മാത്രം. ജീവിതച്ചെലവിൽ കഴിഞ്ഞ വർഷത്തെക്കാൾ 30 ശതമാനമാണ് വർദ്ധന. കഴിഞ്ഞവർഷം പ്രതിമാസച്ചെലവ് 8000 രൂപയായിരുന്നത് ഇക്കൊല്ലം 10,000-ൽ പരമായിരിക്കുന്നു. അതായത് അയാൾ ഓരോ മാസവും 6000 രൂപയുടെ കടക്കാരനായിത്തീരുന്നു. ഇതാണ് കടക്കെണി. ഈ രാവണൻ കോട്ടയിൽ നിന്ന് രക്ഷപ്പെടുന്നവർ അപൂർവം.

ഇത് അതിശയോക്തിയല്ല. ഇതിലും ദയനീയമാണ് കിമ്പളം വാങ്ങാത്ത മിക്ക സർക്കാരുദ്യോഗസ്ഥരുടെയും സ്ഥിതി. പേരിനെങ്കിലും സ്ഥിരവരുമാനമുള്ള ഒരിടത്തരം സർക്കാരുദ്യോഗസ്ഥന്റെ അവസ്ഥ ഇതാണെങ്കിൽ, വരുമാനത്തിൽ യാതൊരു സ്ഥിരതയുമില്ലാത്ത ചെറുകിട കൃഷിക്കാർ, ചെറുവ്യാപാരികൾ, സ്ഥിരംതൊഴിൽ ഇല്ലാത്ത തൊഴിലാളികൾ തുടങ്ങിയവരുടെ സ്ഥിതി ഇതിലും ഭീകരമാണ്. ഒരു നിശ്ചയമില്ലയൊന്നിനും എന്ന അവസ്ഥ. ദൈവമേ എന്നു വിളിച്ചുകൊണ്ട് വിദൂര നക്ഷത്രത്തിലേക്കോ, ദിക്കറിയാത്ത കാറ്റിലേക്കോ കുടിയേറുകയല്ലാതെ മറ്റെന്താണ് ഗതി?

മദ്യപാനാസക്തിപോലെയുള്ള ദു:ശ്ശീലങ്ങൾ സ്ഥിതി കൂടുതൽ വഷളാക്കുകയാണ് ചെയ്യുന്നത്. ധനവിനിയോഗവൈഭവം കുറഞ്ഞ തൊഴിലാളികൾ വരുമാനത്തിന്റെ ഭൂരിഭാഗവും മദ്യമുതലാളിമാരെ കൊഴുപ്പിക്കാൻ ഉപയോഗിക്കുന്നു. സ്വന്തം കരളും കരളിന്റെ കരളുമായ പ്രിയതമയും പട്ടിണി

കിടന്നു ശുഷ്കിക്കുമ്പോൾ അച്ഛനും ഭർത്താവുമായ അദ്ദേഹം കാരുണ്യം പ്രകടിപ്പിക്കുന്നത് ശീതളപാനീയത്തിൽ വിഷം കലക്കിയാണ്. ഓരോ ആത്മഹത്യയും ഒരു ദയാവധമാണ്. സ്വയം നടത്തുന്ന ദയാവധം. അപാരമായ കാരുണ്യമാണത്.

ആത്മഹത്യകൾ ഭൗതികപ്രതികൂലാവസ്ഥയോടുള്ള പ്രതിഷേധപ്രകടനം മാത്രമാകണമെന്നില്ല. ജീവിതനിരർത്ഥതയോടുള്ള സൗമ്യക്ഷോഭവും ആയേക്കാം. പീഡനങ്ങളുടെ ഒരായുസ്സു വേണ്ടെന്നു വച്ച് വേദനയിൽ നിന്ന് മുക്തി നേടുന്നവരാണ് അവർ. പുരുഷായുസ്സുകൊണ്ട് നേടുന്ന പീഡകളും അവസാനം കടന്നു വരുന്ന മരണവും നേരത്തേവരിച്ച് അവർ വേദനകൾ കുറയ്ക്കുകയായിരിക്കാം. സ്വേച്ഛാനുസാരമുള്ള ഒരു തിരിച്ചു പോക്ക്!

ജീവിതത്തിന്റെ പിരിമുറുക്കങ്ങൾ ആത്മഹത്യയിലേക്ക് നയിക്കുന്നു. കുട്ടിയുടെ നഴ്സറി പ്രവേശനമോ എൻട്രൻസ്മാനിയയോ മാത്രമല്ല ഇത്തരം ആന്തരിക സംഘർഷത്തിന് കാരണം. നിർത്താതെ കടന്നു പോവുന്ന ബസ്സും താമസിച്ചെത്തുന്നതിന് ഓഫീസ് മേധാവിയിൽ നിന്നുള്ള ശകാരവും യൂണിയനിൽ ചേരാത്തതിന്റെ പേരിൽ സഹപ്രവർത്തകരിൽ നിന്നുള്ള പീഡനവുമൊക്കെ സംഘർഷകാരണങ്ങളാണ്. പണ്ട്

# ുനമ്പ്

ഇതൊക്കെ പറയാനും കേൾക്കാനും പറ്റിയ കുടുംബാന്തരീക്ഷമുണ്ടായിരുന്നു. അനുജൻ, ജ്യേഷ്ഠൻ, കസിൻ, നാത്തൂൻ, ചെറിയമ്മ, ചിറ്റപ്പൻ, അമ്മാവൻ......... എത്ര ബന്ധതലങ്ങളായിരുന്നു മലയാളി കുടുംബത്തിൽ നിലനിന്നിരുന്നത്. പ്രശ്നങ്ങൾ നേരിടാനും പങ്കുവയ്ക്കാനുമുള്ള കരുത്ത് ഓരോരുത്തർക്കുമുണ്ടായിരുന്നു. ഇന്ന് അണുകുടുംബത്തിൽ അങ്ങനെയൊരു സാഹചര്യമില്ല. ഓഫീസ്, തൊഴിലിടം, കൃഷിയിടം, അയൽവക്കം എന്നിവിടങ്ങളിലൊന്നും സാർത്ഥകവും നിർവ്യാജവുമായ സൗഹൃദങ്ങൾ ഉണ്ടാകുന്നില്ല. എല്ലാവരും സ്വാർത്ഥത്തിന്റെ തിരക്കിലാണ്. അതുകൊണ്ടുതന്നെ ഭംഗുരാവസ്ഥയിലായ ആത്മാവിനെയും ആത്മവിശ്വാസത്തെയും രക്ഷിച്ചെടുക്കാൻ ആരുടെയും തുണ ലഭിക്കുന്നില്ല.

ഇടത്തരക്കാരൻ, ക്ലാസ്സുകയറ്റം ലക്ഷ്യമിട്ട്, ഉപഭോഗദ്രവ്യങ്ങൾ വാങ്ങിക്കൂട്ടാൻ ശ്രമിക്കുന്നു. സ്വന്തം വീട്ടിൽ നിന്നുകൊണ്ട് അയൽക്കാരന്റെ സുഖലോലുപതയിലേക്ക് മിഴിനടുന്ന ഇടത്തരക്കാരൻ, തൃഷ്ണയുടെ ചുഴിയിൽ പെടുകയാണ്. എത്താത്തകൊമ്പിൽ പിടിക്കാനും ഒക്കാത്തതൊക്കെ വാരിക്കൂട്ടാനും വെപ്രാളം. ആ വെപ്രാളം ആത്മഹത്യയിലേക്കുള്ള വാതായനമാണ്.

സമൂഹത്തിന്റെ പങ്കാളിത്തം നേരത്തെ സൂചിപ്പിച്ചുവല്ലോ? അതിജീവനത്തിന്റെ കലയാണ് ജീവിതമെന്നും ദുർബലർക്കു മരണം അനിവാര്യമാണെന്നും സമൂഹം പരോക്ഷമായി ഓരോ വ്യക്തിയോടും പറയുന്നു. മത്സരാധിഷ്ഠിത സമൂഹമെന്ന് നാമതിന് പേരിടുകയും ചെയ്യുന്നു. സമ്പന്നർക്കും ദരിദ്രർക്കുമിടയിൽ നിലനില്ക്കുന്ന അദൃശ്യയുദ്ധങ്ങളാണ് ആത്മഹത്യയിലെ യഥാർത്ഥ പ്രശ്നം.

മനുഷ്യബന്ധങ്ങളിൽ കച്ചവടസംസ്കാരം എന്നേ വേരുറച്ചു കഴിഞ്ഞു. ഓരോരുത്തരും സ്വന്തം നേട്ടങ്ങൾക്ക് വേണ്ടി മറ്റുള്ളവരെ ഉപയോഗിക്കുന്നത് സാമാന്യമര്യാദയായിക്കഴിഞ്ഞു. ത്യാഗത്തിന്റെയും ഉപാധിരഹിതസ്നേഹത്തിന്റെയും ഈടുറ്റ ദൃഢമൊഴികൾ എന്നേ

നമുക്ക് നഷ്ടപ്പെട്ടു. അതുകൊണ്ടു തന്നെ ചുറ്റുപാടിൽ, സാന്ത്വനവും കാരുണ്യവും അന്വേഷിക്കുന്നത് വ്യർത്ഥമാണ്.

ആഗോളവത്കരണം സമ്മാനിച്ചത് രണ്ടു കോടിയിൽപരം ദരിദ്രഗ്രാമീണരെയാണ്. ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നീ പ്രാഥമികാവശ്യങ്ങൾക്ക് മുൻഗണന നല്കാതെയുള്ള 'സെൽഫോൺ' – 'ഇന്റർനെറ്റ്' വികസനമാണ് പ്രധാന പ്രശ്നം.

പട്ടിണിമരണങ്ങൾ ഉണ്ടാക്കുന്നതിന് മുമ്പ് സമൂഹം, ആത്മഹത്യാപ്രേരണ പരീക്ഷിക്കുകയാവണം. കേരളത്തിന്റെ വികസന മുൻഗണനകളിൽ മാറ്റം വരുത്തുകയും കൺസ്യൂമറിസത്തിന്റെ പ്രലോഭനങ്ങൾക്കും സ്വപ്നക്കച്ചവടത്തിനുമെതിരെ നിതാന്തജാഗ്രത പാലിക്കുകയും ചെയ്തില്ലെങ്കിൽ മരണത്തിന്റെ സ്വയംവരം തുടർന്നുകൊണ്ടേയിരിക്കും.

സ്വന്തം ഇഷ്ടപ്രകാരം തെരഞ്ഞെടുക്കാൻ കഴിയുന്ന ലോണെടുക്കാതെ വാങ്ങിക്കാൻ കഴിയുന്ന ഒരേയൊരു വസ്തു അല്ലെങ്കിൽ പ്രതിഭാസം 'മരണം' മാത്രമായിരിക്കുന്നു. ആ നിസ്സഹായതയോട് നാം കാരുണ്യം കാട്ടണം. സമൂഹത്തിന്റെ നാവിൽ നല്ല വാക്കുകൾ എങ്കിലും ഉണ്ടാകണം. പരേതാത്മാക്കൾക്ക് ഈ ആത്മഹത്യാമുനമ്പിൽ നിന്ന് സ്വസ്തി!



# കരവിരുതിന് ഒരു അഭിവാദ്യം



ഗുരു പ്രസാദ്

**എസ്. നാസർ**



കാക്കിക്കുള്ളിൽ ശില്പങ്ങളിലും വരകളിലും വർണങ്ങളിലും മനസ്സിന്റെ ക്രമസമാധാനം കണ്ടെത്തുകയാണ് ശില്പിയായ പൊലീസ് കോൺസ്റ്റബിൾ ഗുരു പ്രസാദ്. ആത്മാവിന്റെ പരിച്ഛേദങ്ങൾ പോലെയാണ് ഗുരുപ്രസാദിന് ശില്പങ്ങളും വരകളും.

ശില്പരചനയും ആസ്വാദനവും ജനകീയമാക്കണമെന്ന ചിന്താഗതിക്കാരനാണ് ഗുരു പ്രസാദ്. കൊല്ലത്ത് ആശ്രാമം അഡ്വഞ്ചർ പാർക്കിൽ ശില്പങ്ങൾ പ്രദർശിപ്പിച്ച ഗുരു പ്രസാദ് കലയെയും സംസ്കാരത്തെയും ജനങ്ങളുടെ മുന്നിൽ നേരിട്ടെത്തിക്കാനുള്ള ശ്രമമാണ് നടത്തിയത്.

നിലത്തു കിടന്ന് സിഗരറ്റിൽ നിന്ന് പുകയൂതിവിടുന്ന ചെറുപ്പക്കാരന് ആ പുക തന്നെ ഭാരമായി മാറുന്ന ശില്പം പുകവലി ആരോഗ്യത്തിന് ഹാനികരം എന്ന നിയമാനുസൃത വാചകത്തിനേക്കാൾ പതിൻമടങ്ങ് ശക്തിയാണ് പകർന്നത്.


കലാപരത പോലെ തന്നെ ഓരോന്നിനും കൃത്യമായ ലക്ഷ്യവുമുണ്ട്. വുമൺ റിയൽ ആന്റ് ഇമാജിനേഷൻ - മെറ്റലിലും ഫൈബർ ഗ്ലാസിലും തീർത്ത ഈ ശില്പം പീഡിതമാവുന്ന സ്ത്രീത്വത്തിന്റെ വിഹ്വലതകൾ മുഴുവൻ ഉൾക്കൊള്ളുന്നതാണ്. ഈ വർഷത്തെ സംസ്ഥാന ലളിതകലാ അക്കാദമി അവാർഡ് ഈ ശില്പത്തിനാണ് ലഭിച്ചത്.

മൂന്നാം ലോക മഹായുദ്ധത്തിന്റെ പടിവാതിലിലേക്ക് എത്തിച്ച ന്യായാധിപനുള്ള സമ്മാനം 'എ ബൗൾ ഓഫ് വിക്ടറി'. ടെറാക്കോട്ടയിലും അലുമിനിയത്തിലും തീർത്ത തലയോടുകളുടെയും അസ്ഥികൂടങ്ങളുടെയും ഒരു കൂട്ടം. മരം, മെഴുക്, ടെറാക്കോട്ട, മെറ്റൽ, ഫൈബർ എന്നിവയിലാണ് ശില്പങ്ങൾ തീർത്തിരിക്കുന്നത്. സാമഗ്രികൾ വാങ്ങാൻ ഏറെ ചെലവുണ്ട്. ശമ്പളം മുഴുവൻ ഇതിനു വേണ്ടിവരുന്നു. പരിഭവങ്ങളൊന്നുമില്ലാതെ പ്രോത്സാഹിപ്പിക്കുന്ന വീട്ടുകാരാണ് തന്റെ ശക്തിയെന്ന് ഗുരുപ്രസാദ്. അടൂർ പൊലീസ് ക്യാമ്പിൽ നിന്ന് തിരുമുല്ലവാരത്തെ വയലിൽ കിഴക്ക് വീട്ടിലേക്ക് അഭയംതേടുന്ന ഇടനേരങ്ങളിലാണ് ഗുരുപ്രസാദ് കലാസൃഷ്ടി നടത്തുന്നത്. വർഷങ്ങൾക്ക് മുമ്പ് തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിൽ ബി.എഫ്.എ. പഠനം. ഒരു വർഷം കഴിഞ്ഞപ്പോഴേക്ക് പൊലീസിൽ ജോലി കിട്ടി പഠനം പാതി വഴി നിർത്തേണ്ടി വന്നു. പക്ഷേ ഗുരുപ്രസാദിലെ കലാകാരനെ അട്ടിമറിക്കാൻ പൊലീസ് വേഷത്തിന് ആവുമായിരുന്നില്ല. നീണ്ട മോഹങ്ങൾ വളർന്ന് ലക്ഷ്യത്തിലെത്തി. ഇടവേളയ്ക്ക് ശേഷം 2002-ൽ ഗുരുപ്രസാദ് കോഴ്സ് പൂർത്തിയാക്കി ബിരുദം നേടി.

ചെറുപ്പം മുതൽ തന്നെ വരയിലും കളിമൺ ശില്പ വേലയിലും താത്പര്യമുണ്ടായിരുന്നു. പിന്നീട് പ്രാക്കുളത്തെ എം.സി. ശേഖറിന്റെ കീഴിൽ പരിശീലനം നേടി.

ഫൈബർഗ്ലാസ്, സ്ഫടികം, ലോഹം എന്നീ മാധ്യമങ്ങളിലാണ് ശില്പരചന നടത്തുന്നത്.





# മധു ചലച്ചിത്ര പ്രതിഭയുടെ ഭിന്ന മുഖങ്ങൾ

ശ്രീകുമാർ മുഖത്തല

കേരള സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെ. സി. ഡാനിയേൽ പുരസ്കാരം പ്രശസ്ത നടൻ മധുവിന് ലഭിച്ചിരിക്കുന്നു. മലയാളത്തിന്റെ ഫാൽക്കെ അവാർഡ് അർഹിക്കുന്ന കരങ്ങളിലെത്തി എന്ന് നമുക്ക് അഭിമാനിക്കാം. എന്നെപ്പോലെ നാല്പതിലെത്തി നിൽക്കുന്ന തലമുറയ്ക്ക് മധുവിന്റെ അഭിനയ ജീവിതത്തിന്റെ കാന്തിയും മൂല്യവും പൂർണമായി നേരിട്ടറിയാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയം. പക്ഷേ ഗൗരവപൂർണമായ ചലച്ചിത്രാസ്വാദനത്തിന്റെ ഭാഗമായി മധുവിനെ അറിയാനും അദ്ദേഹത്തിന്റെ സേവനങ്ങൾ മനസ്സിലാക്കാനും ശ്രമം നടത്തിയിട്ടുണ്ട് എപ്പോഴും.

മധു നമ്മുടെ ചലച്ചിത്ര രംഗത്ത് ഏതു വിധത്തിലാണ് പരിഗണിക്കപ്പെടുക? അഭിനയത്തിൽ സ്വന്തം മാർഗം തെളിയിച്ചെടുത്ത അഭിനേതാവായി, ശ്രദ്ധേയമായ സിനിമകളിൽ ചിലതിന്റെ സംവിധായകനായി, മലയാള ചലച്ചിത്ര വേദിയിലെ പ്രമുഖനായ നിർമാതാവായി, പ്രതിജ്ഞാബദ്ധമായി കുട്ടികളുടെ ചലച്ചിത്ര നിർമാണത്തിലും പ്രവൃത്തനത്തിലും ഇടപെടുന്ന പ്രവർത്തകനായി, അങ്ങനെ പല വിധത്തിൽ. നിരവധി മുഖങ്ങളുടെ പ്രവർത്തനമണ്ഡലം അദ്ദേഹത്തിന്റെ ജീവിതത്തെ ആഴത്തിൽ പഠിക്കാനുള്ള പ്രേരണ നമുക്ക് നൽകുന്നു.

തിരുവനന്തപുരത്ത് അഭിജാത കുടുംബത്തിൽ ജനിച്ച പി. മാധവൻനായർ, ബനാറസ് ഹിന്ദു സർവകലാശാലയിൽ നിന്നും ഹിന്ദിയിൽ ബിരുദാനന്തരബിരുദം നേടുന്നു. തുടർന്ന് ഡൽഹി, നാഷണൽ സ്കൂൾ ഓഫ് ഡ്രാമയിൽ പഠനത്തിന് പോകുന്നു. കേരളത്തിന് പുറത്തുള്ള പ്രതിഭകളുമായി പരിചയപ്പെടാനും വികസ്വരമായിക്കൊണ്ടിരിക്കുന്ന കലാപ്രവർത്തന ചക്രവാളം തന്റേതു കൂടിയാക്കിത്തീർക്കാനും അദ്ദേഹം പരിശ്രമിക്കുന്നു.

കെ.എ. അബ്ബാസ് സംവിധാനം ചെയ്ത 'സാത് ഹിന്ദുസ്ഥാനി' എന്ന ഹിന്ദി ചിത്രത്തിൽ മധു അഭിനയിച്ചു. 'ഭാരതീവിലാസ്' എന്ന തമിഴ് ചിത്രത്തിലും അഭിനയിച്ചു അദ്ദേഹം. ആകെ ഏതാണ്ട് 350 ചിത്രങ്ങൾ.

1965-ൽ മധു അഭിനയിച്ച ആദ്യ മലയാള

**മുൻപ് തേടിയെത്തിയ നിരവധി പുരസ്കാരങ്ങൾക്കൊപ്പം ജെ.സി. ഡാനിയേൽ പുരസ്കാരവും ഇപ്പോൾ മധുവിനെ തേടിയെത്തി. പക്ഷേ മധുവിനെ മലയാളി അറിയുന്നതും ആദരിക്കുന്നതും ഏതെങ്കിലും പുരസ്കാരത്തിന്റെ പേരിലല്ല. അദ്ദേഹം മലയാള മനസ്സിലെ സജീവ സാന്നിദ്ധ്യമാണ്. നിരവധി മുഖങ്ങളുള്ള അദ്ദേഹത്തിന്റെ പ്രവർത്തന പാരമ്പര്യം ഒരാൾക്കും അലസമായി നോക്കിക്കാണാനുമാവില്ല.**



ചിത്രം 'മൂടുപടം' റിലീസ് ചെയ്തു. സത്യനും പ്രേംനസീറും രംഗത്ത് നിറഞ്ഞു നിന്ന കാലത്താണ് മധുവും തന്റെ അഭിനയ ജീവിതത്തിൽ സജീവമായത്. മനുഷ്യജീവിതവുമായി സമഗ്രബന്ധമുള്ള കഥകളുടെ ആവിഷ്കാരങ്ങൾ അന്നത്തെ സിനിമകളെ ജീവിതഗന്ധിയാക്കി. അന്ന് സാഹിത്യം സമൂഹത്തിന്റെ മുഖ്യ ധാരയിലുണ്ടായിരുന്നു. അതു കൊണ്ടു തന്നെ പ്രശസ്തമായ സാഹിത്യകൃതികളുടെ ആവിഷ്കാരങ്ങൾ ചലച്ചിത്രങ്ങളായി. അന്യഥാ ജനമനസ്സിൽ ചിരപ്രതിഷ്ഠ നേടിയിരുന്ന കഥാപാത്രങ്ങളെ സത്യനും മധുവും പ്രേംനസീറും അവതരിപ്പിക്കുമ്പോൾ പ്രേക്ഷകർ അവയെ ആഹ്ളാദത്തോടെ സ്വീകരിച്ചു. അത്തരം ചില അനശ്വര കഥാപാത്രങ്ങൾ മധുവിന്റെ അഭിനയജീവിതത്തെ സാർത്ഥകമാക്കി.

തകഴിയുടെ ചെമ്മീൻ ചലച്ചിത്രമായപ്പോൾ സത്യൻ പളനിയെയും, കൊട്ടാരക്കര ശ്രീധരൻനായർ ചെമ്പൻകുഞ്ഞിനെയും, മധു പരീക്കുട്ടിയെയും അവതരിപ്പിച്ചു. ഓരോന്നും ഓരോ വിധത്തിൽ അവിസ്മരണീയമായി. എന്നാൽ മധു അവതരിപ്പിച്ച പരീക്കുട്ടി എന്ന കഥാപാത്രം ഒരു സവിശേഷപ്രക്രിയയ്ക്ക് കേരളത്തിൽ വിധേയമായി. ചങ്ങമ്പുഴയുടെ രമണൻ മലയാളിയുടെ പ്രണയസ്വപ്നങ്ങളുടെയും നൈരാശ്യത്തിന്റെയും ഒഴിവാക്കാനാവാത്ത മധുരവേദനയുടെയും നിത്യപ്രതീകമായി തീർന്നുവോ അതു പോലെ മധു അവതരിപ്പിച്ച പരീക്കുട്ടി പ്രണയത്തകർച്ചയുടെ ശാശ്വതമാതൃകയായി. ചെമ്മീൻ ചലച്ചിത്രമായോ, പുസ്തകമായോ അറിഞ്ഞിട്ടില്ലാത്ത ഏറ്റവും പുതിയ തലമുറയിലും പരീക്കുട്ടി പരിചിതനായി. "കറുത്തമ്മാ, നീയില്ലാത്ത ഈ കടപ്പുറത്ത് ഞാൻ പാടിപ്പാടി നടക്കും" എന്ന, നിരവധി പാഠഭേദങ്ങൾക്കു വിധേമായ ഭാഷണശകലം സുപരിചിതമായി. മധുവിന്റെ അഭിനയജീവിതത്തിലെ ഏറ്റവും മികച്ച വേഷമല്ല പരീക്കുട്ടിയുടേത്, എന്നാലും തകഴിയുടെ പരീക്കുട്ടിക്ക് തന്റെ ശരീരഭാഷയിലൂടെ മധു നൽകിയ വ്യാഖ്യാനം ഒരു ചരിത്രമായി എന്നു മാത്രം.

'ഓളവും തീരവും' എന്ന ചിത്രത്തിലെ എം.ടി. കഥാപാത്രമായ അബൂട്ടി, മലയാളത്തിലെ അനന്യ കൃതികളിലൊന്നായ ഉമ്മാച്ചുവിലെ മായൻ, തുടങ്ങി പ്രശസ്ത കഥാകൃത്തുക്കളുടെ അനശ്വര കഥാപാത്രങ്ങൾ മധുവിലൂടെ ജീവൻ നേടി.

അഭിനയത്തിലെ മധുവിന്റെ വഴി എന്തായിരുന്നു? സത്യനെപ്പോലെ ഒരാൾ അഭിനയത്തിന്റെ സന്മുഹൂർത്തങ്ങളുമായി അരങ്ങ് വാണിരുന്നു. പ്രേംനസീറിനെപ്പോലെ ജനപ്രിയനായ മറ്റൊരാളും. മധുവിന്റേത് മറ്റൊരു മാർഗമായിരുന്നു. ജീവിതത്തോട് അടുത്ത് നില്ക്കുകയും ഔചിത്യമുള്ള അതിഭാവുകത്വം അഭിനയത്തിൽ കലർത്തുകയും ചെയ്യുക എന്ന രസതന്ത്രമാണ് മധു നടത്തിയത്. സന്താപങ്ങൾ ഉള്ളിലൊതുക്കുന്ന കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ മധു കൂടുതൽ ശോഭിച്ചു. ആത്മസംഘർഷങ്ങൾ, ചലച്ചിത്രങ്ങളിൽ അമിതാഭിനയം കൊണ്ട് നിർവഹിച്ചിരുന്നിടത്ത് മധു തന്റെ അഭിനയസിദ്ധി കൊണ്ട് അത്തരം മുഹൂർത്തങ്ങൾക്ക് പുതിയ വ്യാഖ്യാനം നൽകി. പിൽക്കാലത്തും, അഥവാ ഇക്കാലത്തും അങ്ങനെ ചില കഥാപാത്രങ്ങൾ വരുമ്പോൾ സംവിധായകർ മധുവിനെ തേടുന്നു എന്നത് ചെറിയ കാര്യമല്ല.

> **ആത്മസംഘർഷങ്ങൾ ചലച്ചിത്രങ്ങളിൽ അമിതാഭിനയം കൊണ്ട് നിർവഹിച്ചിരുന്നിടത്ത് മധു തന്റെ അഭിനയ സിദ്ധി കൊണ്ട് അത്തരം മുഹൂർത്തങ്ങൾക്ക് പുതിയ വ്യാഖ്യാനം നൽകി.**

മധു മലയാളത്തിലെ ഒരു മികച്ച നിർമാതാവായിരുന്നു. തിരുവനന്തപുരം പുളിയറക്കോണത്ത് അദ്ദേഹം 1975-ൽ ഉമാ സ്റ്റുഡിയോ ആരംഭിച്ചു. നീലാ, ഉദയാ എന്നീ ചലച്ചിത്ര നിർമാണ സംരംഭങ്ങൾക്ക് ശേഷം കേരളത്തിലേക്ക് ചലച്ചിത്ര വ്യവസായത്തെ പറിച്ചു നടാനുള്ള വലിയ സംരംഭങ്ങളിലൊന്നായിരുന്നു അത്. അവിടെ അദ്ദേഹം പതിനഞ്ചോളം ചിത്രങ്ങൾ നിർമിച്ചു. അതിലെ മിക്ക ചിത്രങ്ങളും വിജയങ്ങളായിരുന്നു താനും. നിർമാതാവ് എന്ന നിലയിൽ മധു ഒരു വിജയമായിരുന്നു. പണം മുടക്കി വെറുതെ

ഇരിക്കുന്ന ആളായിരുന്നില്ല അദ്ദേഹം. തന്റെ സിനിമ എന്താവണം എന്ന സങ്കല്പമുള്ള ആളായിരുന്നു. സിനിമയുടെ പ്രവർത്തനങ്ങളിൽ ആദ്യന്തം എന്തു സംഭവിക്കുന്നു എന്നറിയുന്ന ആൾ. സിനിമ സംവിധായകന്റെ കലയാണ് എന്നതിനൊപ്പം നിർമാതാവിന്റെ സങ്കല്പം കൂടിയാണ് എന്ന് ആത്മവിശ്വാസത്തോടെ പറയാൻ കഴിയുന്ന നിർമാതാവായിരുന്നു മധു.

ഉമാ സ്റ്റുഡിയോ പ്രവർത്തനം അവസാനിപ്പിക്കുമ്പോൾ അത് ദുഖകരമായ പര്യവസാനമായിരുന്നു മധുവിനെ സംബന്ധിച്ച്. തന്റേതല്ലാത്ത തെറ്റുകൾക്ക് അദ്ദേഹത്തെ ആരോപണ വിധേയനാക്കാനും സ്വഭാവഹത്യ നടത്താനും ചിലർ മുതിർന്നത് അദ്ദേഹത്തെ തളർത്തി. അനേകം പേർക്ക് തൊഴിൽ നൽകാൻ പ്രാപ്തമായിരുന്ന ചലച്ചിത്ര നിർമാണ പ്രവർത്തനത്തെ തദ്ദേശീയരായ ചിലർ തുരങ്കം വയ്ക്കാൻ ശ്രമിച്ചു. നിരപരാധിയാണ് എന്ന് തെളിയിക്കപ്പെട്ടിട്ടും തീരാത്ത വേദനയോടെ അദ്ദേഹത്തിന് സ്വന്തം നാട്ടിലെ ചലച്ചിത്ര നിർമാണ സംരംഭം നിർത്തി വയ്ക്കേണ്ടി വന്നു. കേരളത്തിൽ ഇത്തരം അനുഭവങ്ങൾ ആദ്യമല്ല എങ്കിലും ഒരു കലാകാരൻ എന്ന നിലയിൽ ഇത് മധുവിനെ ആഴത്തിൽ മുറിവേൽപ്പിച്ചിട്ടുണ്ടാവും.

കുട്ടികൾക്ക് വേണ്ടിയുള്ള ചലച്ചിത്ര നിർമാണം അദ്ദേഹം സേവനമായി തെരഞ്ഞെടുത്തു. ചിൽഡ്രൻസ് ഫിലിം സൊസൈറ്റിയുടെ പ്രസിഡന്റായി പ്രവർത്തിച്ചു. ഇന്നും അത്രയൊന്നും സമ്പന്നമല്ലാത്ത, കുട്ടികൾക്കു വേണ്ടിയുള്ള സിനിമാ നിർമാണത്തിൽ മധുവിന്റെ പ്രയത്നങ്ങൾ തിളക്കമുള്ളതായി തുടരുന്നു. 1995-ൽ അദ്ദേഹം നിർമിച്ച 'മിനി' എന്ന കുട്ടികളുടെ സിനിമ സാമൂഹിക ക്ഷേമത്തിനായുള്ള ചിത്രം എന്ന നിലയിൽ കേരളാ ഗവൺമെന്റ് അവാർഡ് നേടി.

1970-ൽ 'പ്രിയ' എന്ന ചിത്രവും 1971-ൽ 'സിന്ദൂരച്ചെപ്പ്' എന്ന ചിത്രവും രണ്ടാമത്തെ നല്ല ചിത്രത്തിനുള്ള സംസ്ഥാന ഗവൺ മെന്റ് അവാർഡ് നേടി. 1980-ലും 1991-ലും സമഗ്ര സേവനത്തിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ ചലച്ചിത്ര അവാർഡ് അദ്ദേഹത്തിന് ലഭിച്ചു.

അഭിനയത്തിന്റെ ഗണനീയമായ ശൃംഖലയിൽ കുറേയേറെ ചിത്രങ്ങൾ മധുവിന്റേതായി പറയാം. സ്വയംവരം, പ്രിയ, സിന്ദൂരച്ചെപ്പ്, ഇതാ ഇവിടെ വരെ, ഹൃദയം ഒരു ക്ഷേത്രം തുടങ്ങി അനേകം സിനിമകൾ അഭിനയമികവുള്ള കഥാപാത്രങ്ങളെ അവതരിപ്പിച്ച് മധു ശ്രദ്ധേയമാക്കി.





പുരസ്കാരങ്ങളുടെ പെരുപ്പമോ കുറവോ അഭിനേതാവിനെ വിലയിരുത്തുന്നതിന് തടസ്സമാകാൻ പാടില്ല. മധുവിനെ മലയാളി അറിയുന്നതും ആദരിക്കുന്നതും ഏതെങ്കിലും പുരസ്കാരത്തിന്റെ പേരിലല്ലതാനും. പക്ഷേ നാം ജീവിക്കുന്ന സമൂഹം തന്റെ തന്നെ മേന്മ തിരിച്ചറിയുമ്പോഴാണ് കൂട്ടത്തിൽ ചിലരെ വേറിട്ട് ഉയർത്തിക്കാട്ടുന്നത്. മധു അങ്ങനെയൊരാളാണ്. നമുക്ക് അലസമായി നോക്കിക്കടന്നു പോകാനാവാത്ത പ്രവർത്തന പാരമ്പര്യമുള്ള നടൻ. തന്റെ തലമുറയേയും കടന്നു നില്ക്കുന്ന പ്രതിഭ സ്വന്തമായുള്ള വ്യക്തി. പരീക്കുട്ടിയും, മായനും, ബാപ്പൂട്ടിയും, ചമ്പക്കുളം തച്ചനും പിന്നെ മറ്റു പലരും പലതുമായി മധുവിന്റെ സാന്നിധ്യം മലയാള സിനിമയിലുണ്ട്. സമൂഹത്തിലുണ്ട്. അതിന്റെ വില നാം തിരിച്ചറിയുന്നു. നമ്മുടെ വിനീതമായ ആദരവിന്റെ പ്രതീകമായി ഇപ്പോൾ ജെ.സി. ഡാനിയേൽ പുരസ്കാരവും അദ്ദേഹത്തിന് നൽകുന്നു. സാർത്ഥകമായ ജീവിതത്തിന് സന്മനസ്സുകളുടെ ആദരം.

**ചെമ്മീൻ ചലച്ചിത്രമായോ, പുസ്തകമായോ അറിഞ്ഞിട്ടില്ലാത്ത ഏറ്റവും പുതിയ തലമുറയിലും പരീക്കുട്ടി പരിചിതനായി. "കറുത്തമ്മാ, നീയില്ലാത്ത ഈ കടപ്പുറത്ത് ഞാൻ പാടിപ്പാടി നടക്കും" എന്ന, നിരവധി പാഠഭേദങ്ങൾക്കു വിധേയമായ ഭാഷണശകലം സുപരിചിതമായി.**

## സേവനമുദ്ര 42 സ്ഥാപനങ്ങളിൽ

ഭരണനവീകരണ പരിപാടിയുടെ ഭാഗമായുള്ള സേവനപ്രദാന പദ്ധതിയിലുൾപ്പെടുത്തി ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ച് ഗുണമേന്മയുള്ള സേവനം സമയബന്ധിതമായി നൽകുന്ന സർക്കാർ സ്ഥാപനങ്ങളെ സേവന മുദ്ര നൽകി ആദരിക്കാനും പ്രോത്സാഹിപ്പിക്കാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു.

സേവനപ്രദാന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 2585 സർക്കാർ സ്ഥാപനങ്ങളിൽ സ്വയം മുന്നോട്ടു വന്ന 770 സ്ഥാപനങ്ങളിൽ നിന്ന് 42 സ്ഥാപനങ്ങളെയാണ് പരീക്ഷണാടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ ഇതിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിലുൾപ്പെടുന്ന ഓരോ സ്ഥാപനത്തിന്റേയും ഗുണഭോക്താക്കളുൾപ്പെടെ ബന്ധപ്പെട്ട എല്ലാവരും ചേർന്ന് ചർച്ച ചെയ്ത് തീരുമാനിക്കുന്ന സേവനങ്ങൾ ഏറ്റവും മെച്ചപ്പെട്ട നിലവാരത്തിൽ ലഭ്യമാക്കുക എന്നതാണ് സേവനമുദ്ര എന്ന ആശയത്തിന്റെ ലക്ഷ്യം.

സേവനമുദ്രയ്ക്ക് മൂന്ന് ഘട്ടങ്ങളുണ്ട്. ലഭ്യമാക്കുന്ന സേവനത്തിന്റെ കാര്യത്തിൽ ഓരോ ഘട്ടത്തിനും ഒരു നിശ്ചിത നിലവാരം നിർണയിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിലെത്തുന്ന സ്ഥാപനം എല്ലാ അർത്ഥത്തിലും ഒരു മാതൃകാസ്ഥാപനം ആയിരിക്കും.

വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇതിലേയ്ക്ക് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. പരമാവധി ബഹുജന പങ്കാളിത്തവും അവരുടെ സംതൃപ്തിയുമാണ് ഈ പരിപാടിയുടെ പ്രത്യേകത. ഇതിന്റെ ആസൂത്രണ പ്രക്രിയ ഏറ്റവും താഴെ തട്ടിൽ നിന്ന്, അതായത് സാധാരണക്കാരായ ജനങ്ങളിൽ നിന്ന് തുടങ്ങുന്നു. നിർദിഷ്ട നിലവാരം കൈവരിക്കാനാവശ്യമായ സാമ്പത്തിക-സാങ്കേതിക പിന്തുണ എം.ജി.പി. നൽകും.

സ്ഥാപനങ്ങളുടെ നിലവാരവും അവ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണമേന്മയും വിലയിരുത്തി അവയ്ക്ക് സേവന മുദ്ര ലഭിക്കുവാനുള്ള അർഹത നിർണയിക്കുന്നത് തികച്ചും ശാസ്ത്രീയമായ അടിസ്ഥാനത്തിൽ മൂന്നാമതൊരു ഏജൻസിയായിരിക്കും.

## പൂന്തുറ പൊഴി അഴിയാക്കും

പൂന്തുറ പൊഴി അഴിയാക്കണമെന്ന ആവശ്യം പരിഗണിക്കാമെന്ന് സഹകരണ-തുറമുഖ മന്ത്രി എം. വി. രാഘവൻ പറഞ്ഞു. പൂന്തുറ-വേളി പൊഴികളെ ബന്ധിപ്പിക്കുന്ന കനാലും തടാകവും വൃത്തിയാക്കാനും പാർവതി പുത്തനാറിലെ മാലിന്യങ്ങൾ നീക്കാനും ജലഗതാഗതവും മത്സ്യബന്ധനവും സുഗമമാക്കാനും അഴിയാക്കുന്നത് സഹായകമാവും.

പൂന്തുറ-വേളി പൊഴിമുഖങ്ങൾ സന്ദർശിച്ച മന്ത്രി ഇതിനാവശ്യമായ നിർദേശം നൽകി. പൂന്തുറ പൊഴി അഴിയാക്കുന്നതുമായി ബന്ധപ്പെട്ട് പുലിമുട്ട് നിർമിക്കുന്നതിനെപ്പറ്റി വിശദമായ പഠനം നടത്തി മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ മന്ത്രി നിർദേശിച്ചു.

കോവളം മുതൽ ആക്കുളം വരെയുള്ള പാർവതി പുത്തനാർ കനാലിന്റെ ശുചീകരണ പ്രവർത്തനങ്ങളുടെ പണിക്ക് വേണ്ടി ഉടൻ ദർഘാസ് ക്ഷണിക്കാൻ മന്ത്രി നിർദേശിച്ചു. നാലു കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതാണ് പദ്ധതി.

പൂന്തുറ-ബീമാപള്ളി റോഡുകൾ, കടൽഭിത്തി എന്നിവയുടെ സ്ഥിതി നേരിട്ട് മനസ്സിലാക്കിയ തുറമുഖ മന്ത്രി അറ്റകുറ്റപ്പണികൾ സത്വരം നടത്താൻ വകുപ്പു മേധാവികളോട് ആവശ്യപ്പെട്ടു. പൂന്തുറ ആശുപത്രി സന്ദർശിച്ച് ഡോക്ടർമാരുടെ കുറവ് നികത്താനും സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണമെന്ന് നിർദേശിച്ചു.

ജനപ്രതിനിധികളും തലസ്ഥാന നഗരവികസന കാര്യങ്ങൾക്കായുള്ള സർക്കാരിന്റെ ഉപദേഷ്ടാവ് ബാബു ജേക്കബ്ബും ഉന്നത ഉദ്യോഗസ്ഥരും മന്ത്രിക്കൊപ്പമുണ്ടായിരുന്നു.

## ദേശീയപാത വികസനത്തിന് 765 കോടി രൂപ

തെക്ക്-വടക്ക് ഇടനാഴി പദ്ധതിയിൽ ഹൈവേ വികസനത്തിന് അങ്കമാലി മുതൽ വാളയാർ വരെ ദേശീയ പാതയിലെ 134 കിലോമീറ്റർ വികസിപ്പിക്കാൻ 765 കോടി രൂപയുടെ പദ്ധതിക്ക് ഈ സാമ്പത്തിക വർഷം കരാർ നൽകുമെന്ന് ഉപരിതല ഗതാഗത സഹമന്ത്രി കെ.എച്ച്.മുനിയപ്പ അറിയിച്ചു.

ആലപ്പുഴയിൽ രക്താർബുദവും ലിംഫ് ട്യൂമറുകളും താരതമ്യേന കൂടുതലാണെന്ന് ആരോഗ്യമന്ത്രി ഡോ. അൻപുമണി രാംദാസ് ലോകസഭയിൽ ഡോ. കെ.എസ്. മനോജിനു മറുപടി നൽകി. ആലപ്പുഴയിലെ തണ്ണീർമുക്കത്തു ക്യാൻസർ ബാധ കൂടുതലാണെന്ന മാധ്യമ റിപ്പോർട്ടുകളെക്കുറിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിലെ കമ്യൂണിറ്റി മെഡിസിൻ വകുപ്പു നടത്തിയ പഠനത്തിൽ അത്തരത്തിലുള്ള തെളിവുകൾ ലഭിച്ചിട്ടില്ലെന്ന് മന്ത്രി വ്യക്തമാക്കി.

കേരളത്തിലെ എല്ലാ വില്ലേജുകളും വൈദ്യുതീകരിച്ചതാണെന്നും 3367 കരകളിൽ വൈദ്യുതി എത്തിക്കാനുള്ള 337 കോടി രൂപയുടെ പദ്ധതി ഗ്രാമീണ വൈദ്യുതി കോർപറേഷന്റെ പരിഗണനയിലാണെന്നും ഊർജമന്ത്രി പി.എം. സഈദ് രാജ്യസഭയിൽ എ. വിജയരാഘവന് മറുപടി നൽകി.

വാനിലയ്ക്ക് തറവില പ്രഖ്യാപിക്കാൻ സർക്കാർ ആലോചിക്കുന്നില്ലെന്ന് വാണിജ്യ സഹമന്ത്രി ഇ.വി.കെ.എസ്. ഇളങ്കോവൻ രാജ്യസഭയിൽ എ.വിജയരാഘവന് നൽകിയ മറുപടിയിൽ അറിയിച്ചു.

## ഫിനിഷിംഗ് സ്കൂളിന് ധാരണയായി

കളമശ്ശേരിയിലെ ഫിനിഷിംഗ് സ്കൂൾ സംബന്ധിച്ച് റൂട്ട്സ് എൻ.ആർ.കെ. ഇനിഷിയേറ്റീവും എസ്.സി.എം.എസ്സും ധാരണയായി. കൊച്ചിയിൽ റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. നന്ദകുമാറും എസ്.സി.എം.എസ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രൊഫ. പ്രൊമോദ് പി. തേവന്നൂരും ധാരണാപത്രത്തിൽ ഒപ്പു വെച്ചു.

ആതുരസേവനത്തിനും അധ്യാപനത്തിനും മറ്റു ജോലികൾക്കുമായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്ന മലയാളികൾക്ക് ആവശ്യമായ നിർദേശങ്ങൾ നല്കുന്നതിനും അത്യാവശ്യം മേഖലകളിൽ പരിശീലനം നല്കുന്നതിനുമാണ് ഫിനിഷിംഗ് സ്കൂൾ വഴി ലക്ഷ്യമിടുന്നത്. വീട്ടുജോലികൾക്കായി പോകുന്ന മലയാളി സ്ത്രീകൾക്ക് വേണ്ട പരിശീലനവും സ്കൂൾ നല്കും. മറ്റ് രാജ്യങ്ങളിൽ നിന്ന് ഈ രംഗത്ത് വിദഗ്ധ പരിശീലനം കഴിഞ്ഞുവരുന്ന സ്ത്രീകളുമായി മത്സരബുദ്ധിയോടെ പിടിച്ചു നിൽക്കാൻ ഫിനിഷിംഗ്സ്കൂളിലെ പരിശീലനം ഉപകരിക്കും.



**റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. നന്ദകുമാറും എസ്.സി.എം.എസ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രൊഫ. പ്രൊമോദ് പി. തേവന്നൂരും ധാരണാപത്രം കൈമാറുന്നു.**

# ഇറ്റാലിയൻ ഫാഷൻ സിറ്റി : കാൽ ലക്ഷം പേർക്ക് തൊഴിൽ

ലിബർട്ടി ഗ്രൂപ്പ് കാക്കനാട് സ്ഥാപിക്കുന്ന ഇറ്റാലിയൻ ഫാഷൻ സിറ്റി എന്ന വസ്ത്ര നിർമാണശാലാ സമുച്ചയം യാഥാർഥ്യമാകുമ്പോൾ കാൽ ലക്ഷത്തോളം പേർക്ക് തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു. രാജ്യത്തെ പ്രമുഖ വസ്ത്ര നിർമാണ കേന്ദ്രങ്ങളുടെ കൂട്ടത്തിൽ കൊച്ചി നഗരം സ്ഥാനം പിടിക്കുമെന്ന നേട്ടവുമുണ്ട്.

ആകെ ഇരുപതു യൂണിറ്റുകൾ ഫാഷൻ സിറ്റിയിലുണ്ടാവുമെന്നു പ്രതീക്ഷിക്കുന്നു. ഇവയുടെ മൊത്തം മുതൽമുടക്ക് 200 കോടി രൂപയിലേറെ ആയിരിക്കും. ലിബർട്ടി ഗ്രൂപ്പ് മാത്രം തുടക്കത്തിൽ 15 കോടിയോളം രൂപ ചെലവിടും. ലിബർട്ടി ഗ്രൂപ്പിനു പുറമെ സഹസ്ഥാപനങ്ങളും നിർമാണശാലകൾ ആരംഭിക്കും. കേരളത്തിൽ നിന്നുള്ള ചില സ്ഥാപനങ്ങളും ഫാഷൻ സിറ്റിയിൽ സ്ഥാനം പിടിച്ചേക്കും. ലിബർട്ടി ഗ്രൂപ്പ് പ്രതിനിധികളും കേരളത്തിൽ നിന്നുള്ള സ്ഥാപനങ്ങളുടെ പ്രതിനിധികളും തമ്മിൽ പ്രാഥമിക ചർച്ചകൾ നടന്നു കഴിഞ്ഞു.

കാക്കനാട്ട് കിൻഫ്ര വക സ്ഥലം വിട്ടുകൊടുക്കുമ്പോൾ ലിബർട്ടി ഗ്രൂപ്പിൽ നിന്നു പണം തന്നെ ലഭിക്കണമെന്ന് സർക്കാരിന് നിർബന്ധമില്ല. പദ്ധതിയിൽ ഓഹരി പങ്കാളിത്തം ലഭിച്ചാലും മതി എന്നു സർക്കാർ അറിയിച്ചിട്ടുണ്ട്. ലിബർട്ടി ഗ്രൂപ്പ് പ്രതിനിധികൾ ഇത് രണ്ടാം തവണയാണ് കൊച്ചി സന്ദർശിക്കുന്നത്. എന്നാൽ മന്ത്രി കൂടി ഉൾപ്പെട്ട ചർച്ച ആദ്യമാണ്.

ചർച്ചയിൽ മന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞിനും ലിബർട്ടി ഗ്രൂപ്പ് ചെയർമാൻ ആൽദോ ബോർദിനനും പുറമെ ബോർദിനന്റെ മകളും ഡിസൈനറുമായ ജോർജിയ ബോർദിനൻ, ലിബർട്ടി ഗ്രൂപ്പ് അഡ്മിനിസ്ട്രേറ്റർ ലുഗി മൂസ്, ലിബർട്ടിയിലെ തിരുപ്പൂർ സംരംഭമായ ലിബർ ബ്ലൂവിന്റെ മാനേജിംഗ് ഡയറക്ടർ സ്വാധീൻ പാണ്ഡെ, കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ പി.എച്ച്. കുര്യൻ, വ്യവസായ സെക്രട്ടറി ടി.ബാലകൃഷ്ണൻ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ ഡോ. ജി.സി. ഗോപാലപിള്ള, കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വി.എൻ.പി. കൈമൾ, കളക്ടർ എ.പി.എം. മുഹമ്മദ് ഹനീഷ് തുടങ്ങിയവർ പങ്കെടുത്തു.

# കണ്ണൂർ വിമാനത്താവളത്തിന് തത്ത്വത്തിൽ അംഗീകാരം




കണ്ണൂർ വിമാനത്താവളത്തിന് തത്ത്വത്തിൽ കേന്ദ്ര അംഗീകാരം ലഭിച്ചതായി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞു. കേന്ദ്ര സിവിൽ വ്യോമയാനമന്ത്രി പ്രഭുൽ പട്ടേലുമായി തിരുവനന്തപുരം വിമാനത്താവളത്തിൽ ഇതു സംബന്ധിച്ച് നടന്ന ചർച്ചയ്ക്ക് ശേഷം ബജറ്റ് പ്ലെയിൻ ഉദ്ഘാടനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു. കേന്ദ്രാനുമതി ലഭിച്ചുകഴിഞ്ഞാൽ കണ്ണൂർ വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിൽ കൂടുതൽ വിമാനത്താവളങ്ങൾക്ക് സാധ്യതയുണ്ട്. നെടുമ്പാശ്ശേരി ലോകത്തെ രണ്ടാമത്തെ ലാഭകരമായ വിമാനത്താവളമാണ്. തിരുവനന്തപുരം വിമാനത്താവള വികസനത്തിനായി 27 ഏക്കർ ഭൂമി കൈമാറിയതായി മുഖ്യമന്ത്രി പറഞ്ഞു. രണ്ടാംഘട്ടത്തിനും സ്ഥലം ലഭ്യമാക്കും. കോഴിക്കോട് വിമാനത്താവളത്തിന്റെ ഒന്നാംഘട്ട വികസനവും പൂർത്തിയായിട്ടുണ്ട്. വികസനത്തിനും നാടിന്റെ വളർച്ചയ്ക്കും തൊഴിൽ സൃഷ്ടിക്കുമായി ഒരുമയോടെ മുന്നേറണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിഴിഞ്ഞം പദ്ധതിയും യാഥാർത്ഥ്യമാകുകയാണ്. കണ്ണൂർ വിമാനത്താവളം യാഥാർഥ്യമാക്കുന്നതിൽ കേന്ദ്ര പിന്തുണയ്ക്ക് കുറവുണ്ടാകില്ലെന്ന് കേന്ദ്രസിവിൽ വ്യോമയാനമന്ത്രി പ്രഭുൽ പട്ടേൽ പറഞ്ഞു. പ്രായോഗികമായ കാര്യങ്ങൾക്ക് താമസം പാടില്ല. കേരളം മുൻകൈയെടുക്കുന്ന പദ്ധതികൾക്ക് മന്ത്രാലയത്തിന്റെ പിന്തുണയുണ്ടാകും. എയർ ഇന്ത്യയുടെ പ്രവർത്തനം മുംബൈയിൽ കേന്ദ്രീകരിക്കാതെ മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കും. ഗവർണർ ആർ.എൽ. ഭാട്യ ഭദ്രദീപം കൊളുത്തി ചടങ്ങ് ഉദ്ഘാടനം ചെയ്തു. മന്ത്രി എം.വി. രാഘവൻ, നോർക്ക-റൂട്ട്സ് ചെയർമാർ എം.എം. ഹസ്സൻ, ചീഫ് സെക്രട്ടറി പാലാട്ട് മോഹൻദാസ്, എയർ ഇന്ത്യ സി.എം.ഡി. വി. തുളസീദാസ് എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ചടങ്ങിനു ശേഷം രാജ്യാന്തര വിമാനത്താവളത്തിന്റെ ഏപ്രൺ ഏരിയായിൽ ഗവർണർ ആർ.എൽ. ഭാട്യ എയർ ഇന്ത്യാ എക്സ്പ്രസ് ബജറ്റ് പ്ലെയിനിന്റെ കന്നി യാത്ര ഫ്ളാഗ് ഓഫ് ചെയ്തു.

# പീരുമേട്ടിൽ നാല് തേയില ത്തോട്ടങ്ങൾ തുറക്കുന്നു

പീരുമേട്ടിലെ ആർ.ബി.റ്റി. ഗ്രൂപ്പ് കമ്പനി 1-ൽ ഉൾപ്പെടുന്ന പാമ്പനാർ, മഞ്ചുമലൈ, തേങ്ങായ്ക്കൽ, നെല്ലിക്കായി തേയില തോട്ടങ്ങൾ മേയ് 23ന് തുറന്ന് പ്രവർത്തിപ്പിക്കാൻ തൊഴിൽ വകുപ്പു മന്ത്രിയുടെ സാന്നിധ്യത്തിൽ ലേബർ കമ്മീഷണർ വിളിച്ചുകൂട്ടിയ തൊഴിലുടമയുടെയും ട്രേഡ് യൂണിയനുകളുടെയും യോഗത്തിൽ ധാരണയായി.

ജോലിക്ക് ഹാജരാകുന്ന തൊഴിലാളികൾക്ക് ആഴ്ചതോറും 300 രൂപ വീതം സ്റ്റോർ ക്യാഷും, സൂപ്പർവൈസറി ജീവനക്കാർക്ക് സാധാരണ ലഭിക്കുന്ന വേതനത്തിന്റെ 60 ശതമാനവും മറ്റ് ജീവനക്കാർക്ക് 400 രൂപ വീതവും ആഴ്ചതോറും ലഭിക്കും. പുറമേ, വേതനം തൊട്ടടുത്ത മാസം ഒന്നാം തീയതി തീർപ്പാക്കും.

ജോലിക്ക് ഹാജരാകുന്ന ജീവനക്കാർക്ക് മുൻകൂറായി 1000 രൂപ മേയ് 30നു മുൻപ് ലഭിക്കും. സൂപ്പർ ആനുവേഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങൾ തീർപ്പാക്കുന്നതുവരെ ജോലിയിൽ തുടരാം. ബന്ധപ്പെട്ട ക്രിമിനൽ കേസുകൾ പിൻവലിക്കാനും നിലവിലുള്ള അച്ചടക്ക നടപടികൾ അടുത്ത അവലോകന യോഗം വരെ നിറുത്തിവയ്ക്കാനും ജൂൺ 10ന് കൂടുന്ന യോഗത്തിൽ അടുത്ത ഗഡു അഡ്വാൻസ് അടക്കമുള്ള മറ്റ് വിഷയങ്ങൾ ചർച്ച ചെയ്യാനും ധാരണയായിട്ടുണ്ട്.

# എം.എൽ.എ.മാരുടെ സംഘത്തെ അറബി രാജ്യങ്ങളിലേക്ക് അയയ്ക്കുന്നു

അറബി രാജ്യങ്ങളിലെ ജയിലുകളിലും ലേബർ ക്യാമ്പുകളിലും ദയനീയാവസ്ഥയിൽ കഴിയുന്ന മലയാളികളെ സന്ദർശിക്കുന്നതിനും അവരുടെ മോചനത്തിന് സഹായകമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും എം.എൽ.എമാരുടെ സംഘത്തെ അയയ്ക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു. യു.എ.ഇയിലെ നിയുക്ത അംബാസിഡർ ചന്ദ്രമോഹൻ ഭണ്ഡാരിയുമായി മുഖ്യമന്ത്രി ചേംബറിൽ നടത്തിയ ചർച്ചയിലാണ് ഇക്കാര്യം പറഞ്ഞത്.


റോഡു നിയമങ്ങൾ ലംഘിക്കുക, വീഡിയോ സിനിമ കാണുക, മദ്യപിക്കുക തുടങ്ങിയ ചെറിയ കുറ്റങ്ങൾ ചെയ്തതിനാണ് ചിലർ ക്യാമ്പുകളിൽ കഴിയുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഇത്തരം കുറ്റക്കാരെ വിട്ടയയ്ക്കുന്നതിന് ദുബായ് അധികൃതർ തയ്യാറാണ്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തലത്തിലുള്ള നടപടികൾക്ക് വേഗം കൂട്ടണമെന്നും നിയമസഹായം ആവശ്യമുള്ളവർക്ക് അത് നൽകണമെന്നും മുഖ്യമന്ത്രി അംബാസിഡറോട് നിർദേശിച്ചു. വല്ലാർപാടം ടെർമിനൽ, സ്മാർട്ട്സിറ്റി പദ്ധതികളുമായി സഹകരിക്കുന്ന അറബിരാജ്യങ്ങളിലെ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവയ്ക്ക് ആക്കം കൂട്ടുകയും വേണം.

വികസനത്തിനായി വ്യക്തമായ പ്രൊപ്പോസലുകൾ നൽകുന്ന പക്ഷം അവയുടെ സഫലീകരണത്തിന് തന്റെ ഭാഗത്തു നിന്നുള്ള എല്ലാ സഹായവും അംബാസിഡർ വാഗ്ദാനം ചെയ്തു. നിയമവിരുദ്ധമായി ആളുകളെ വിദേശത്തേയ്ക്ക് അയക്കുന്ന ഏജന്റുമാർക്കെതിരെ സംസ്ഥാനങ്ങൾ കർശന നടപടി കൈക്കൊള്ളണമെന്ന് ഭണ്ഡാരി അഭ്യർത്ഥിച്ചു. കേരളത്തിന്റെ വികസനത്തിനായി നോർക്കയുടെ ആഭിമുഖ്യത്തിൽ വിദേശങ്ങളിലുള്ള എന്റെ ഗ്രാമം എന്റെ സ്വപ്നം എന്ന കൂട്ടായ്മയെ അംബാസിഡർ അഭിനന്ദിച്ചു. കേരളത്തിൽ നിന്നുള്ളവരുടെ പേര് വിവരങ്ങൾ ഉൾപ്പെടുത്തി പൊതു വെബ്സൈറ്റ് തുറക്കണമെന്നും അത് വീണ്ടും ജില്ലാതലത്തിൽ ക്രമീകരിച്ചാൽ നന്നായിരിക്കുമെന്നും അംബാസിഡർ അഭിപ്രായപ്പെട്ടു.

ചർച്ചയിൽ വ്യവസായമന്ത്രി വി.കെ. ഇബ്രാഹിംകുഞ്ഞ്, നോർക്ക സെക്രട്ടറി ജിജിതോംസൺ എന്നിവർ പങ്കെടുത്തു.

കഴിഞ്ഞ മാസം അബുദാബിയിൽ പോയ മുഖ്യമന്ത്രി ലേബർ ക്യാമ്പുകൾ സന്ദർശിച്ചിരുന്നു. ക്യാമ്പുകളിൽ കഴിയുന്ന ആളുകളുടെ ദുരിതാവസ്ഥ മുഖ്യമന്ത്രി നേരിട്ടു കണ്ട് മനസ്സിലാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് യു.എ.ഇ. അംബാസിഡറെ ചർച്ചയ്ക്ക് ക്ഷണിച്ചത്.



# ഐ.എസ്.ആർ.ഒ. യ്ക്ക് ചരിത്ര നേട്ടം

രണ്ട് ഉപഗ്രഹങ്ങൾ ഒരേസമയം ലക്ഷ്യസ്ഥാനത്തെത്തിച്ചുകൊണ്ട് ബഹിരാകാശ ഗവേഷണ രംഗത്ത് ഇന്ത്യ മറ്റൊരു ചരിത്രം സൃഷ്ടിച്ചു. കാർട്ടോസാറ്റ്-1, ഹാംസാറ്റ് എന്നീ ഉപഗ്രഹങ്ങളുമായി സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് പി.എസ്.എൽ.വി.-6 കുതിച്ചുയുരുന്നതിന് സാക്ഷ്യം വഹിക്കാൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാമും എത്തിയിരുന്നു.

ശ്രീഹരിക്കോട്ടയിലെ സ്പേസ് സെന്ററിൽ പുതുതായി നിർമിച്ച രണ്ടാമത്തെ ലോഞ്ച്പാഡിൽ നിന്നാണ് 1560 കിലോഗ്രാം ഭാരമുള്ള കാർട്ടോസാറ്റ്-1 42.5 കിലോഗ്രാമുള്ള ഹാംസാറ്റ് എന്നീ ഉപഗ്രഹങ്ങളെ പി.എസ്.എൽ.വി. ഭ്രമണപഥത്തിലേക്കുയർത്തിയത്. നിശ്ചയിച്ചതിലും നാലു മിനിട്ടു നേരത്തെയായിരുന്നു വിക്ഷേപണം. 18 മിനിട്ട് കഴിഞ്ഞപ്പോൾ കാർട്ടോസാറ്റ് 618 കി.മീറ്റർ അകലെയുള്ള ഭ്രമണപഥത്തിലെത്തി. 40 സെക്കന്റുകൂടി കഴിഞ്ഞപ്പോൾ ഹാംസാറ്റും ഭ്രമണപഥത്തിലെത്തി. ഐ.എസ്.ആർ.ഒ. ആദ്യമായാണ് രണ്ടുപഗ്രഹങ്ങൾ ഒരേ സമയം വിക്ഷേപിച്ചത്.

രണ്ട് ഉപഗ്രഹങ്ങളിൽ നിന്നും ഭൂമിയിലെ നിയന്ത്രണനിലയത്തിൽ സിഗ്നൽ ലഭിച്ചു തുടങ്ങി. ഭൂതലപഠനത്തിനും അന്തരീക്ഷപഠനത്തിനും വളരെ പ്രയോജനപ്പെടുന്ന അത്യാധുനിക വിദൂരസംവേദന ഉപഗ്രഹമാണ് കാർട്ടോസാറ്റ്-1. അടിയന്തരഘട്ടങ്ങളിൽ സേവനം നടത്തുന്ന തെക്കൻ ഏഷ്യയിലെ അമേച്വർ റേഡിയോ ഓപ്പറേറ്റർമാർക്ക് (ഹാം) സഹായകമാകുന്ന ഉപഗ്രഹമാണ് ഹാംസാറ്റ്.

# ട്രോളിങ് നിരോധനം ജൂൺ 15 മുതൽ



ജൂൺ 15 മുതൽ 45 ദിവസത്തേക്ക് തീരക്കടലിൽ ട്രോളിങ് നിരോധനം ഏർപ്പെടുത്തും. ഫിഷറീസ് മന്ത്രി ഡൊമനിക് പ്രസന്റേഷൻ അറിയിച്ചതാണിത്.

ട്രോളിങ് നിരോധനത്തിന്റെ മുന്നോടിയായി ബോട്ടുടമ പ്രതിനിധികളുടെയും പരമ്പരാഗത മത്സ്യത്തൊഴിലാളി യൂണിയൻ നേതാക്കളുടെയും യോഗം മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്നു. നിരോധനവുമായി ഏവരും സഹകരിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

നിരോധനകാലയളവിൽ കേരള തീരത്ത് വിദേശ ട്രോളറുകളുടെ പ്രവർത്തനം പൂർണമായും നിരോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും. വിദേശ ട്രോളറുകളുടെ പ്രവർത്തനം പൂർണമായും തടയണമെന്നാണ് ഗവൺമെന്റിന്റെ നിലപാട് എന്ന് മന്ത്രി അറിയിച്ചു. നിരോധന കാലയളവിൽ മിനിട്രോളിംഗും നിരോധിക്കും. നിരോധിത വലകൾ ഉപയോഗിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്നത് തൊഴിലാളി യൂണിയനുകൾ നിരുത്സാഹപ്പെടുത്തണം. ട്രോളിംഗിന്റെ പേരിൽ കടലിലും, കരയിലും സംഘർഷമുണ്ടാകാതിരിക്കാൻ ഇരു വിഭാഗവും ശ്രദ്ധചെലുത്തും.

നിരോധന കാലയളവിൽ അന്യ സംസ്ഥാന ബോട്ടുകൾ വരുന്നത് തടയാൻ, ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. തീരപ്രദേശങ്ങളിലെ ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. മത്സ്യബന്ധന മേഖലകളിൽ പ്രയാസങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ട്രോളിങിന്റെ കാര്യത്തിൽ പുനർചിന്തനം വേണമെന്ന് ബോട്ടുടമകൾ ചർച്ചയിൽ ആവശ്യപ്പെട്ടു.

## വൈദ്യുതിസുരക്ഷ പഠിപ്പിക്കണം

വിദ്യാർത്ഥികളെ വൈദ്യുതി സുരക്ഷയെക്കുറിച്ച് നിർബന്ധമായും പഠിപ്പിക്കണമെന്ന് വൈദ്യുതമന്ത്രി ആര്യാടൻ മുഹമ്മദ്. പാഠ്യവിഷയമായാൽ പോലും ഗുണം ചെയ്യും.

വൈദ്യുതി ഉപഭോഗ വളർച്ചയുടെ പല ഇരട്ടി സുരക്ഷാ ബോധവത്കരണം വേണമെന്ന് മന്ത്രി പറഞ്ഞു. ഗ്രാമങ്ങളിൽ സുരക്ഷാ പാഠങ്ങളെത്തണം. ഗ്രാമസഭകളിൽ വിഷയമായി അവതരിപ്പിക്കണം. പ്രദർശനങ്ങളും നടത്തണം.

ഫാക്ടറികളിലും മറ്റും ലാഭക്കൊതി കൊണ്ട് സുരക്ഷ പാലിക്കാതിരുന്നാൽ അതിനെ നിയമം കൊണ്ട് കർശനമായി നേരിടണമെന്ന് മന്ത്രി പറഞ്ഞു. ഫാക്ടറികളിൽ പരിശോധന നടത്തുമ്പോൾ തൊഴിലാളി സംഘടനകളുമായി ആലോചിക്കുന്നത് ഗുണകരമാണ്. ബി.പി.എൽ. കുടുംബങ്ങളിലെ ഫ്രീ കണക്ഷനുകളിൽ വയറിംഗ് പോരായ്മയുണ്ടെങ്കിൽ കാര്യം പറഞ്ഞ് തിരുത്തി അത് മുന്നോട്ടു കൊണ്ടുപോകണം. വൈദ്യുതിയെക്കുറിച്ച് അറിയാത്ത ആളുകൾ അത് കൈകാര്യം ചെയ്യുന്ന അവസ്ഥയുണ്ടെന്ന് വൈദ്യുതിമന്ത്രി പറഞ്ഞു. സുരക്ഷയെക്കുറിച്ചുള്ള ചിന്തകൾ വർഷത്തിൽ ഒരു വാരത്തിലേക്ക് പരിമിതപ്പെടുത്തരുത്. വൈദ്യുതി സുരക്ഷാവാരത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് പൊതുജന ബോധവത്കരണ പരിപാടിയും വൈദ്യുതോപകരണ പ്രദർശനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് പ്രതിവർഷം 450 വൈദ്യുതി അപകടം ഉണ്ടാകുന്നുണ്ട്. ഇതിൽ പകുതിയും ജീവഹാനിക്കിടയാക്കുന്നുണ്ട്. വ്യവസായ മേഖലയിൽ അഞ്ച് ശതമാനവും ഗാർഹിക മേഖലയിൽ 20 ശതമാനവും ബാക്കി വിതരണമേഖലയിലുമാണ് അപകടം. അറിവില്ലായ്മകൊണ്ടും അശ്രദ്ധകൊണ്ടുമാണ് വൈദ്യുതി അപകടം ഉണ്ടാകുന്നത്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് പുകയില നിരോധനം

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നൂറുവാര ചുറ്റളവിലുള്ള പ്രദേശത്ത് സിഗററ്റിന്റെയും പുകയില ഉത്പന്നങ്ങളുടെയും വിൽപ്പന നിരോധിച്ചു.

ഇതുസംബന്ധിച്ച് സ്ഥാപനങ്ങളുടെ പരിസരത്ത് ബോർഡുകൾ സ്ഥാപിക്കുന്നതിന് നിരോധനം നടപ്പാക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് തലവൻമാർക്ക് നിർദേശം നല്കിയിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനത്തിനകത്തോ, പരിസരത്തോ പ്രായപൂർത്തിയാകാത്തവർക്ക് സിഗററ്റും പുകയില ഉത്പന്നങ്ങളും വിൽക്കുന്നതും തടയും. ഇത്തരം ഉത്പന്നങ്ങൾ വിൽക്കുന്ന കടകൾ അടിയന്തരമായി നീക്കം ചെയ്യണം.



നിയമലംഘനം നടത്തുന്നവരിൽ നിന്ന് 200 രൂപ വരെ പിഴ ഈടാക്കും.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുകയില നിയന്ത്രണ നിയമപ്രകാരമുള്ള വ്യവസ്ഥകൾ സംബന്ധിച്ച് സർക്കുലറുകളും പോസ്റ്ററുകളും ഇറക്കാനും യോഗങ്ങളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കാനും നിർദേശിച്ചിട്ടുണ്ട്. ആഷ്ട്രേ മുതലായ സാധനങ്ങൾ ഓഫീസുകളിൽനിന്ന് ഉടനടി മാറ്റാനും നിർദേശമുണ്ട്.

## സമുദ്രാന്തർഭാഗത്തെ ഭൂകമ്പ പ്രഭാവം അന്വേഷിക്കുന്നു

തെക്കൻ ഏഷ്യൻ രാജ്യങ്ങളിൽ വളരെയേറെ നാശനഷ്ടം സൃഷ്ടിച്ച സുനാമി എങ്ങനെയുണ്ടായ തെന്നറിയണ്ടേ? അതിനുള്ള ശ്രമം ലണ്ടനിൽ ശാസ്ത്രജ്ഞർ ആരംഭിച്ചു കഴിഞ്ഞു. മാത്രമല്ല സുനാമിക്ക് മുമ്പ് കടലിനടിയിലുണ്ടായ കമ്പന ത്തെയും അത് തീരത്ത് സൃഷ്ടിച്ച ആഘാത ത്തെയും കുറിച്ചുള്ള വിശദാംശങ്ങൾ സമാഹരിച്ച് കമ്പ്യൂട്ടറിന്റെ സഹായത്തോടെ journey to the heart of the Tsunami എന്ന രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററിയായി അവതരിപ്പിക്കും.

## യൂറോപ്പിന്റെ പുതിയ സൂപ്പർ കമ്പ്യൂട്ടർ

'മെയർ നോസ്ട്രം' എന്ന പേരിൽ യൂറോപ്പ് പുറത്തിറക്കിയ നൂതന സൂപ്പർ കമ്പ്യൂട്ടർ ഏപ്രിൽ 28ന് ബാസിലോണിലെ ഒരു റിസർച്ച് സെന്ററിൽ പ്രവർത്തിപ്പിച്ചു തുടങ്ങി. ഈ സൂപ്പർ കമ്പ്യൂട്ടറിന് സെക്കന്റിൽ 40 ട്രില്യൻ കണക്കു കൾ ചെയ്യാൻ കഴിയും. IBM നിർമ്മിച്ച ഈ കമ്പ്യൂ ട്ടറിന് 20,000 പേഴ്സണൽ കമ്പ്യൂട്ടറുകൾക്ക് തുല്യ മായ മെമ്മറിയുണ്ട്.





## മഹാദേവൻ തമ്പി എ. ഡി. പി. ആർ.

ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേ ഷൻസ് വകുപ്പിൽ എസ്. മഹാദേവൻ തമ്പിയെ അഡീഷണൽ ഡയറക്ടറായി നിയമിച്ചു. കഥാകൃത്താണ് മഹാദേവൻ തമ്പി. ചെറുകഥാ സമാഹാരങ്ങൾ പ്രസി ദ്ധീകരിച്ചിട്ടുണ്ട്.

## സഹകരണ ബാങ്ക് വിദ്യാർത്ഥികൾക്ക് വായ്പ നൽകും

പ്രൊഫഷണൽ/നഴ്സിംഗ് കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥി കൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ ഏജൻസികൾ, റിക്രൂട്ടിംഗ് ഏജൻസികൾ എന്നിവ മുഖാന്തരം സംസ്ഥാന സഹകരണ ബാങ്ക് വായ്പ നൽകും.

അപേക്ഷ അതത് വിദ്യാഭ്യാസ സ്ഥാപനം/ഏജൻസി വഴി ബാങ്കിന്റെ അടുത്ത ശാഖയിൽ നൽകണം. കുറഞ്ഞത് 100 വിദ്യാർത്ഥികളെയെ ങ്കിലും സ്പോൺസർ ചെയ്യുന്ന സ്ഥാപനങ്ങൾ/ഏജൻസികളുടെ അപേ ക്ഷകളാണ് പരിഗണിക്കുക. വിവരത്തിന് സഹകരണ ബാങ്ക് ഹെഡ് ഓഫീസിൽ ഡപ്യൂട്ടി ജനറൽ മാനേജർ (ഐ.എൽ.ഡി.)യുമായി ബന്ധ പ്പെടാം.

## ജൈവാവശിഷ്ടങ്ങളിൽ നിന്നും ഊർജോത്പാദനം

റോസ്മണ്ട് ജിഫോർഡ് മൃഗശാല പുതിയ പരീ ക്ഷണങ്ങളിലാണ്. ഈ മൃഗശാലയിലെ മൃഗങ്ങ ളുടെ വിസർജ്യങ്ങളുപയോഗിച്ച് ഊർജോത്പാദനം നടത്താനുള്ള പരീക്ഷണം വിജയകരമായി. ലോക ത്തിൽ, മൃഗശാലയിലെ തന്നെ മൃഗങ്ങളുടെ വിസർജ്യാവശിഷ്ടങ്ങൾ കൊണ്ട് വൈദ്യുതോത്പാ ദനം നടത്തുന്ന ആദ്യത്തെ മൃഗശാലയായി ഇത് മാറും.

## സ്ത്രീകൾക്കും വോട്ടവകാശം



കുവൈറ്റിൽ സ്ത്രീകൾക്ക് വോട്ടു ചെയ്യാനും, തെരഞ്ഞെടുപ്പിൽ പങ്കെടുക്കാനുമുള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ പുതുതായി പാസ്സാ ക്കിയ നിയമം സ്ത്രീകൾക്ക് വോട്ട് ചെയ്യാനും തെര ഞ്ഞെടുപ്പിൽ പങ്കെടുക്കാനുമുള്ള അവകാശം നല്കി. രാജ്യത്തിന്റെ ചരിത്രത്തിലെ ആദ്യ സംഭവ മാണിത്. പാർലമെന്റിൽ 35 വോട്ടുകൾ ഈ നിയമ ത്തിന് അനുകൂലമായും, 23 എണ്ണം പ്രതികൂലമായും ലഭിച്ചു. ഉദ്യോഗത്തിനും, വോട്ടു ചെയ്യാനുമുള്ള അവ കാശം നിഷേധിക്കുന്ന ഇസ്ലാമിക നിയമങ്ങൾക്കെ തിരെയുള്ള മറുപടിയാണ് ഈ നിയമം.

### ക്രിക്കറ്റ്

## ഓസ്ട്രേലിയയ്ക്ക് ശതാബ്ദി

ക്രിക്കറ്റ് ഓസ്ട്രേലിയയ്ക്ക് നൂറാം പിറ ന്നാൾ. തങ്ങളുടെ മൺമറഞ്ഞ താരങ്ങളെ ആദ രിച്ചുകൊണ്ടാണ് ക്രിക്കറ്റ് ഓസ്ട്രേലിയ ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കമിടുന്നത്.

ഓസ്ട്രേലിയൻ ബോർഡ് ഓഫ് കൺട്രോൾ ഫോർ ഇന്റർനാഷണൽ ക്രിക്കറ്റ് മാച്ചസിന്റെ ആദ്യയോഗം നടന്നിട്ട് മെയ് 6ന് 100 വർഷം തികഞ്ഞു. ഇതാണ് പിന്നീട് ഓസ്ട്രേ ലിയൻ ക്രിക്കറ്റ് ബോർഡും ഒടുവിൽ ക്രിക്കറ്റ് ഓസ്ട്രേലിയയുമായി മാറിയത്.

ക്രിക്കറ്റ് ഓസ്ട്രേലിയയുടെ നൂറാം പിറ ന്നാൾ പാർട്ടി മെൽബണിലെ ഓർമണ്ട് ഹാളി ലാണ് നടന്നത്. ഇതിന് സമീപമുള്ള വെസ്ലി കോളേജിലാണ് 1905 മെയ് ആറിന് ഓസ്ട്രേ ലിയൻ ബോർഡ് ഓഫ് കൺട്രോൾ ഫോർ ഇന്റർനാഷണൽ ക്രിക്കറ്റ് മാച്ചസ് ആദ്യയോഗം ചേർന്നത്.

നൂറാം പിറന്നാൾ ആഘോഷങ്ങളുടെ ഭാഗമായി മൺമറഞ്ഞ ക്രിക്കറ്റ് താരങ്ങളെ ആദരിക്കുന്ന പദ്ധതിക്ക് തുടക്കമിട്ടു.



## പൈനാകം

ഇന്ത്യ സ്വന്തമായി നിർമിച്ച മൾട്ടിബാരൽ റോക്കറ്റ് വിക്ഷേപിണി പൈനാകം ചന്ദിപ്പൂരിൽ വിജയകരമായി പരീക്ഷണം നടത്തി. 39 കിലോമീറ്ററാണ് പൈനാകത്തിന്റെ റേഞ്ച്. 44 സെക്കന്റു കൊണ്ട് 12 റോക്കറ്റുകൾ വിക്ഷേപിക്കാനുള്ള ശേഷി പൈനാകത്തിനുണ്ട്.



## മനുഷ്യചർമത്തിൽ നിന്ന് ചികിത്സാകാണ്ഡങ്ങൾ

മനുഷ്യഭ്രൂണങ്ങൾ ക്ലോൺ ചെയ്ത് ദക്ഷിണ കൊറിയൻ ശാസ്ത്രജ്ഞർ ചികിത്സാ ആവശ്യങ്ങൾക്കുപയോഗിക്കാവുന്ന കാണ്ഡകോശങ്ങൾ ഉത്പാദിപ്പിച്ചു. പുതിയ കണ്ടുപിടിത്തം മനുഷ്യരിൽ പ്രയോഗിച്ച് ഫലപ്രദമെന്നു കണ്ടെത്തിയെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. സോൾ നാഷണൽ സർവകലാശാലയിലെ ഗവേഷണവിഭാഗം തലവൻ വൂസുക് ഹാങ്ങും സഹപ്രവർത്തകരുമാണ് ഒമ്പതു രോഗികളുടെ ത്വക്കിലെ കോശങ്ങളിൽ നിന്നുള്ള ഡി.എൻ.എ ഉപയോഗിച്ച് കാണ്ഡകോശങ്ങൾ വികസിപ്പിച്ചെടുത്തത്. പരിക്കേറ്റോ അസുഖങ്ങൾ മൂലമോ നശിച്ചു പോകുന്ന കോശങ്ങൾക്ക് പകരം ഉപയോഗിക്കാവുന്നവയാണ് ചികിത്സാകാണ്ഡകോശങ്ങളെന്നും ലിംഗ-പ്രായഭേദമില്ലാതെ ആരിലും ഈ ചികിത്സ നടത്താമെന്നും ശാസ്ത്രജ്ഞർ പറയുന്നു.

മനുഷ്യക്ലോണിംഗ് ചികിത്സാർത്ഥമാണെങ്കിൽ പോലും അനുവദിക്കില്ലെന്ന വാദം നിലനില്ക്കേ ആണിത്.

## ബച്ചനും മന്നാഡേയ്ക്കും അവാർഡ്





ബോളിവുഡ് നടൻ അമിതാഭ്ബച്ചനും പിന്നണി ഗായകൻ മന്നാഡെയ്ക്കും ദീനാനാഥ് മങ്കേഷ്കർ അവാർഡ് ലഭിച്ചു. സിനിമയ്ക്കും സംഗീതത്തിനും ഇവർ നല്കിയ സംഭാവനകൾ പരിഗണിച്ചാണിത്. 50,000 രൂപയും ഫലകവുമാണ് അവാർഡ്.

## ഇന്ത്യാ-പാകിസ്ഥാൻ സമാധാന കരാർ

**അജണ്ടയുടെ പ്രസക്തഭാഗങ്ങൾ**

- രണ്ടു രാജ്യങ്ങളും സമ്മതിച്ച സമാധാന നടപടികൾ ഒരു കാരണവശാലും തല്ക്കാലം റദ്ദു ചെയ്യാൻ ആവാത്തതാണ്.
- ജമ്മു കാശ്മീർ ചർച്ചകൾ തുടർന്നും നടത്തും
- ശ്രീനഗർ-മുസാഫറബാദ് ബസ് സർവീസുകളുടെ എണ്ണം വർദ്ധിപ്പിക്കും. കച്ചവടം പ്രോത്സാഹിപ്പിക്കാൻ ഈ റൂട്ടിൽ ട്രക്കുകളും അനുവദിക്കും. പൂഞ്ച്-റാവലക്കോട്ട് അമൃത്സർ-ലാഹോർ റൂട്ടുകളിൽ കൂടി ബസ് സർവീസ് ആരംഭിക്കും. നങ്കാനസാഹിബ് പോലുള്ള പുണ്യസ്ഥലങ്ങളിലേക്കും സർവീസ് ആരംഭിക്കും. ഖോഖറാപർ-മുനാബാവോ റെയിൽ ശൃഖല 2006 ജനുവരി 1ന് പുനരാരംഭിക്കും.



- രണ്ടുരാജ്യങ്ങളുടെയും നയതന്ത്ര പ്രതിനിധികളുടെ ഓഫീസ് മുംബൈയിലും കറാച്ചിയിലും 2005 അവസാനത്തോടെ തുറക്കും.
- സർക്രീക്ക്, സിയാച്ചൻ വിഷയങ്ങളിൽ ചർച്ചകൾ തുടരും.
- ഇറാക്ക്-ഇന്ത്യ-പാകിസ്ഥാൻ പൈപ്പ് ലൈൻ വിഷയത്തിൽ സഹകരണ ചർച്ചകൾക്ക് ഇരുരാജ്യങ്ങളിലെയും പെട്രോളിയം മന്ത്രിമാർ മേയിൽ കൂടിക്കാഴ്ച നടത്തുന്നു.

## ലോകത്തിലെ എണ്ണപ്പെട്ട നൂറു നേതാക്കളിൽ മൻമോഹൻസിംഗും




ലോകത്തിലെ സ്വാധീനശക്തിയുള്ള 100 നേതാക്കന്മാരിൽ പ്രധാനമന്ത്രി മൻമോഹൻസിംഗും. പ്രശസ്ത മാഗസിനായ ടൈമിന്റെ 2005 ഏപ്രിൽ ലക്കത്തിലാണ് ഇപ്രകാരം അഭിപ്രായപ്പെട്ടിട്ടുള്ളത്. അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ്, നോർത്ത് കൊറിയൻ നേതാവ് കിം ജോംഗ് II, ചൈനീസ് പ്രസിഡന്റ് ഹൂജിന്താവോ, യു.എസ്. സെക്രട്ടറി കോണ്ടലീസാറൈസ് തുടങ്ങിയവർക്കൊപ്പമാണ് മൻമോഹൻസിംഗ് ഈ ബഹുമതിക്ക് അർഹനായത്.

## സ്വാമി ഗഹനാനന്ദ



ശ്രീരാമകൃഷ്ണ മഠത്തിന്റെയും മിഷന്റെയും പുതിയ അധ്യക്ഷനായി പ്രശസ്ത വേദാന്ത പണ്ഡിതനും പ്രഭാഷകനുമായ സ്വാമി ഗഹനാനന്ദയെ തെരഞ്ഞെടുത്തു. ഏപ്രിൽ 25ന് സമാധിയായ സ്വാമി രംഗനാഥാനന്ദയുടെ പിൻഗാമിയാണ്.

## ശനിക്ക് ഉപഗ്രഹങ്ങൾ 46



ശനിഗ്രഹത്തെ ചുറ്റുന്ന 12 പുതിയ ഉപഗ്രഹങ്ങളെക്കൂടി ജ്യോതിശാസ്ത്രജ്ഞർ കണ്ടെത്തി. ഉപഗ്രഹങ്ങളുടെ എണ്ണം 34 ആണെന്നാണ് ഇതുവരെ കരുതിയിരുന്നത്. ഇത് ഇപ്പോൾ 46 ആയി ഉയർന്നു.

മൂന്നു മുതൽ ഏഴുകിലോമീറ്റർ വരെ മാത്രം വ്യാസമുള്ളതും വ്യക്തമായ രൂപമില്ലാത്തതുമായ ചെറു ഉപഗ്രഹങ്ങളാണ് കണ്ടെത്തിയവയിലേറെയും. ശനിയെ ഒരു തവണ വലം വെക്കാൻ ഈ ഉപഗ്രഹങ്ങൾക്ക് രണ്ടു വർഷം കറങ്ങേണ്ടി വരും.

ഗ്രഹങ്ങളിൽ വ്യാഴത്തിനാണ് ഏറ്റവും കൂടുതൽ ഉപഗ്രഹങ്ങളുള്ളത് - 63. ശനി 46 ഉപഗ്രഹങ്ങളുമായി തൊട്ടുപിന്നിലെത്തിയിരിക്കുകയാണ്. യുറാനസിന് ഇരുപത്തേഴും നെപ്റ്റ്യൂണിന് പതിമൂന്നും ഉപഗ്രഹങ്ങളുണ്ട്.

ഹവായിയിൽ സ്ഥാപിച്ചിട്ടുള്ള സുബാരു ടെലിസ്കോപ്പ് ഉപയോഗിച്ചാണ് ശാസ്ത്രജ്ഞർ കഴിഞ്ഞ വർഷം ശനിയുടെ പുതിയ ഉപഗ്രഹങ്ങൾ കണ്ടെത്തിയത്.

## ആൻവെൻമാൻ യൂനിസെഫ് മേധാവി



യുണൈറ്റഡ് നാഷൻസ് ചിൽഡ്രൻസ് ഫണ്ട് (യൂനിസെഫ്) മേധാവിയായി അമേരിക്കയിലെ മുൻ കൃഷിസെക്രട്ടറി ആൻവെൻമാൻ നിയമിതയായി. ലോകത്തിലെ ഏറ്റവും വലിയ സ്ഥാപനങ്ങളിലൊന്നായ യൂനിസെഫിനെ നയിക്കാൻ കിട്ടിയ അവസരം ഫലപ്രദമായി വിനിയോഗിക്കുമെന്ന് അഭിഭാഷക കൂടിയായ ആൻവെൻമാൻ പറഞ്ഞു.

## ഇന്ത്യൻ ക്രിക്കറ്റ് ടീം കോച്ച്



ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പുതിയ കോച്ചായി മുൻ ആസ്ട്രേലിയൻ താരം ഗ്രെഗ് ചാപ്പലിനെ നിയമിച്ചു. 2007 ജൂൺ വരെയാണ് അദ്ദേഹത്തിന്റെ കാലാവധി. ഭാരത ക്രിക്കറ്റ് കൺട്രോൾ ബോർഡിന്റെ ആറംഗ സമിതി ഐകകണ്ഠേനയാണ് ചാപ്പലിന്റെ പേര് നിർദേശിച്ചത്. ന്യൂസിലാന്റുകാരൻ ജോൺ റൈറ്റിന്റെ പിൻഗാമിയായിട്ടാണ് ചാപ്പൽ ഇന്ത്യൻ ടീമിന്റെ പരിശീലകനാകുന്നത്.